76

എല്ലാ മാസവും 15-ാം തീയതി പാലായിൽനിന്നു പ്രസിദ്ധീകരിക്കുന്നു
കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

Vol 6 Issue 5
July 2018
Published on 15 July 2018
Price Rs. 20.00

# സത്യജ്വാല
മാസിക



## പുന്നത്തുറ ഇടവകക്കാർക്കെതിരെ പള്ളിവികാരിയുടെയും ചങ്ങനാശ്ശേരി മെത്രാന്റെയും കുരിശുയുദ്ധം!

## ഡൽഹി ആർച്ചുബിഷപ്പിന്റെ ഇടയലേഖനവും സി.ബി.സി.ഐ. അദ്ധ്യക്ഷന്റെ പ്രസ്താവനകളും

## കന്യാസ്ത്രീക്കെതിരെ ജലന്തർ രൂപത!

## അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്റർ നിയമനം – ഒരു വിശകലനം

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

ജൂലൈ 2018 | പുസ്തകം 6 | ലക്കം 5

*രചനകൾ അയയ്ക്കാൻ :*
ജോർജ് മൂലേച്ചാലിൽ
*എഡിറ്റർ*
വള്ളിച്ചിറ പി.ഒ.,കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
ജോസാന്റണി
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
c/o പ്രിന്റ് ഹൗസ്, കൊട്ടാരമറ്റം
പാലാ പി.ഒ., കോട്ടയം- 686 575
ഫോൺ: 8848827644
e-mail: josantonym@gmail.com

*ബാങ്ക് :* S B I, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBIN0070120

*പത്രാധിപസമിതി:* 1) പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം 9495897122 , 2. ഡോ. ജോസഫ് വർഗീസ് (ഇപ്പൻ) - 9446561252, 3) സണ്ണി പുളിക്കൽ - 9447173536, 4) ഡോ. എം.കെ. മാത്യു - 9447112718, 5) ജോസഫ് കാലായിൽ (തൊടുപുഴ) - 9447663433, 6) ചാക്കോ കളരിക്കൽ-USA (001) 5866015195, 7) അലക്സ് കാവുംപുറം -USA (001) 5165039387.

## ഈ ലക്കത്തിൽ

ഡൽഹി ആർച്ചുബിഷപ്പിന്റെ ഇടയലേഖനവും സി.ബി.സി.ഐ. അദ്ധ്യക്ഷന്റെ പ്രസ്താവനകളും
മുഖക്കുറി ..... 3

ഫാ. അഗസ്റ്റിൻ വട്ടോളിയുടെ പ്രസംഗം ..... 5

എറണാകുളം-അങ്കമാലി അതിരൂപത: അതിജീവനത്തിന്റെ അടയാളം
ഷൈജു ആന്റണി ..... 10

മാർ ജേക്കബ് മനത്തോടത്തിനെ അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചുള്ള കത്ത് ..... 12

അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്റർ നിയമനം - ഒരു വിശകലനം
ജോർജ് മൂലേച്ചാലിൽ ..... 13

പാറേൽപള്ളിയും ലൂർദ്ദുപള്ളിയും - ലക്ഷ്യം കൽദായവൽക്കരണം
ജയിംസ് ഐസക്ക്, കുടമാളൂർ ..... 15

പുന്നത്തുറ ഇടവകക്കാർക്കെതിരെ പള്ളിവികാരിയുടെയും ചങ്ങനാശ്ശേരി മെത്രാന്റെയും കുരിശുയുദ്ധം!
കെ. ജോർജ് ജോസഫ് ..... 16

കുമ്പസാരിക്കാത്ത വധുവിനെ ആവശ്യമുണ്ട്!
ഇപ്പൻ ..... 18

'ആൾ കേരളാ ചർച്ച് ആക്ട് ആക്ഷൻ കൗൺസിലി'ന്റെ പ്രവർത്തനങ്ങൾ
KCRM പ്രോഗ്രാം റിപ്പോർട്ട് - നോർത്ത് അമേരിക്ക ..... 20

നിങ്ങളിൽ പാപമില്ലാത്തവർ അവരെ കുമ്പസാരിപ്പിക്കട്ടെ! ..... 21

സെക്രട്ടറിയേറ്റ് ധർണ്ണ!
സി.വി. സെബാസ്റ്റ്യൻ ..... 23

ലൈംഗികപീഡനം: മെത്രാൻമാരും ഒട്ടും മോശമല്ല
സുബിൻ സണ്ണി എബ്രഹാം ..... 24

കന്യാസ്ത്രീക്കെതിരെ ജലന്ധർ രൂപത! ..... 25

കന്യാസ്ത്രീകളുടെ സംരക്ഷണത്തിന് അടിയന്തിരമായി ഇടപെടുക
എം.എൽ ജോർജ്ജ് മാളിയേക്കൽ ..... 26

സോദോം-ഗോമോറ ടീമുകൾ ഫുട്ബോൾ ഗ്രൗണ്ടിൽ! ..... 26

ചർച്ച് ആക്ട്: മാർത്തോമ്മാനിയമത്തിന്റെ പുനർജനി (തുടർച്ച)
ഫാ. ജോൺ കൊച്ചുമുട്ടം ..... 27

KCRM പ്രതിമാസപരിപാടി - തൊടുപുഴ ..... 29

നിയമപരിഷ്ക്കരണ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റീസ് കെ.റ്റി. തോമസിന് 'MACCABI' നൽകിയ നിവേദനം ..... 30

മതവും മാനവീയതയും
റ്റി.റ്റി.മാത്യു, തകിടിയേൽ ..... 31

സീറോ-മലബാർ സഭ മുങ്ങുന്ന ഒരു കപ്പൽ!
KCRM പ്രോഗ്രാം റിപ്പോർട്ട് -തൊടുപുഴ ..... 32

അഹമ്മദാബാദിലെ സീറോ-മലബാർ സഭാംഗങ്ങൾ നടത്തിയ ധീരമായ പ്രതിരോധത്തിന്റെ നാൾവഴി
ജോസഫ് മറ്റപ്പള്ളി ..... 33

അപചയങ്ങൾ പ്രതിരോധിക്കാനുള്ള മാർഗ്ഗം സഭാനേതൃത്വം കണ്ടെത്തണം
ഫാ. ഡേവീസ് കാച്ചപ്പിള്ളി (CMI) ..... 35

ആലഞ്ചേരിയും യോഗയും
റവ ഡോ ജെ ഔസേപ്പറമ്പിൽ ..... 36

ശാസ്ത്രീയതെളിവുകൾ കോട്ടയം അതിരൂപതയുടെ വംശീയആചാരങ്ങൾക്കു വെല്ലുവിളിയാകുന്നു!
അലക്സ് കാവുംപുറത്ത്-USA ..... 38

വംശീയതയെ തിരസ്കരിക്കുക!
ജോയി ഒറവണക്കളം - ചിക്കാഗോ ..... 39

സങ്കല്പകഥകൾ 'കാതലായ വിശ്വാസസത്യങ്ങ'ളായി!
പ്രൊഫ. പി.എൽ. ലൂക്കോസ് (കാനഡ) ..... 40

പിടിക്കപ്പെട്ട വ്യഭിചാരണൻ!
ജിം തോമസ് കണ്ടാരപ്പള്ളിയിൽ ..... 41

പ്രശ്നങ്ങൾ തിളച്ചുമറിയുന്ന ഷംഷാബാദ് രൂപത
KCRM പ്രോഗ്രാം റിപ്പോർട്ട്, പാലാ ..... 42

[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്]
[രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]

**സത്യജ്വാല മാസിക- 2018 ഏപ്രിൽ മുതൽ**

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 20 രൂപാ | 200 രൂപാ |
| ഒരു വർഷം | 200 രൂപാ | 2000 രൂപാ |
| 5 വർഷം | 800 രൂപാ | 8000 രൂപാ |

ജൂലൈ 2018 പുസ്തകം 6 : ലക്കം 5

# സത്യജ്വാല

"സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11-12).



### മുഖക്കുറി

## ഡൽഹി ആർച്ചുബിഷപ്പിന്റെ ഇടയലേഖനവും സി.ബി.സി.ഐ. അദ്ധ്യക്ഷന്റെ പ്രസ്താവനകളും

**ഇ**ക്കഴിഞ്ഞ നാളുകളിൽ ദേശീയരാഷ്ട്രീയരംഗത്ത് ചൂടും പുകയും ഉയർത്താനിടയാക്കിയ ഒന്നായിരുന്നു ഡൽഹി അതിരൂപതാദ്ധ്യക്ഷൻ ആർച്ചുബിഷപ്പ് അനിൽ കൂട്ടോ (Anil Couto) യുടെ ഇടയലേഖനം. 2019-ൽ വരാൻ പോകുന്ന പൊതുതിരഞ്ഞെടുപ്പു മുന്നിൽക്കണ്ട് അദ്ദേഹം മെയ് 8-നെഴുതിയ ഇടയലേഖനത്തെ പ്രാർത്ഥനയിൽ പൊതിഞ്ഞ രാഷ്ടീയഇടയലേഖനമെന്നേ വിശേഷിപ്പിക്കാനാകൂ. അതിലെ പ്രസക്തഭാഗങ്ങൾ തർജ്ജമചെയ്തു താഴെകൊടുക്കുന്നു:

*"നമ്മുടെ ഭരണഘടനയിൽ പ്രതിഷ്ഠിതമായിട്ടുള്ള ജനാധിപത്യതത്ത്വങ്ങൾക്കും രാജ്യത്തിന്റെ മതേതരഘടനയ്ക്കും ഭീഷണിയുയർത്തുന്ന പ്രക്ഷുബ്ധമായ ഒരു രാഷ്ട്രീയാന്തരീക്ഷത്തിന് നാമിപ്പോൾ സാക്ഷ്യംവഹിക്കുകയാണ്. നമുക്കൊരു പുതിയ ഗവണ്മെന്റുണ്ടാകുന്ന 2019-ലേക്കു ദൃഷ്ടിയൂന്നുന്ന ഈ അവസരത്തിൽ, നമുക്കു നമ്മുടെ രാജ്യത്തിനുവേണ്ടി 2018 മെയ് 13 മുതൽ .... ഒരു പ്രാർത്ഥനായജ്ഞത്തിനു തുടക്കമിടാം... ആഴ്ചതോറും വെള്ളിയാഴ്ചകളിൽ, കുറഞ്ഞത് ഒരു നേരത്തെ ആഹാരമെങ്കിലും ഉപേക്ഷിച്ചുകൊണ്ട് ഉപവസിക്കണമെന്നും പ്രായശ്ചിത്തങ്ങളും എല്ലാവിധ ത്യാഗപ്രവൃത്തികളും ചെയ്ത് നമ്മുടെയും നമ്മുടെ രാജ്യത്തിന്റെയും ആദ്ധ്യാത്മിക നവീകരണത്തിനുവേണ്ടി കാഴ്ചവയ്ക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. കൂടാതെ നമ്മുടെ എല്ലാ പള്ളികളിലും സന്ന്യാസാശ്രമങ്ങളിലും സ്ഥാപനങ്ങളിലും ഒരു മണിക്കൂർ ദിവ്യകാരുണ്യാരാധന നടത്തി നമ്മുടെ രാഷ്ട്രത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നും ഞാൻ ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു."*

ഇടയലേഖനത്തിന്റെ അവസാനം, ആരാധനയ്ക്കിടയിൽ ചൊല്ലുന്നതിനായി അദ്ദേഹം തയ്യാറാക്കിയ പ്രാർത്ഥനയും ചേർത്തിട്ടുണ്ട്.

എത്രതന്നെ പ്രാർത്ഥനയും ഭക്തിയും നിറച്ചാണ് ഈ ഇടയലേഖനമെഴുതിയിരിക്കുന്നതെങ്കിലും, 2019-ൽ പുതിയൊരു ഗവണ്മെന്റ് രൂപീകരിക്കുവാൻ കഴിയുമാറ് ഇന്നു രാജ്യം ഭരിക്കുന്ന മുഖ്യപാർട്ടിയായ ബിജെപിക്കെതിരെ ഒന്നിക്കുക എന്ന സന്ദേശമാണിതിലുള്ളതെന്ന് ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയസാഹചര്യത്തെക്കുറിച്ച് അല്പമെങ്കിലും അറിയാവുന്ന എല്ലാവരും മനസ്സിലാക്കി എന്നതാണ് ഈ ഇടയലേഖനവും അതിലെ പ്രാർത്ഥനപോലും വിവാദമാകാൻ കാരണമായത്. അതായത്, തന്റെ വ്യക്തിപരമായ രാഷ്ട്രീയവീക്ഷണത്തെ, ആർച്ചുബിഷപ്പെന്ന പദവി ദുരുപയോഗിച്ച് ആദ്ധ്യാത്മികപ്രബോധനമെന്നമട്ടിൽ ദൈവിക പരിവേഷത്തോടെ വിശ്വാസികളിലേക്കു പ്രക്ഷേപിക്കുകയാണ് അദ്ദേഹം ചെയ്തത്. പൊതുസമൂഹത്തിനു മുമ്പിൽ ഈ പരിവേഷമൊന്നും ചെലവാകുകയില്ലാത്തതിനാൽ, അവരതിലെ നഗ്നമായ മതരാഷ്ട്രീയം കണ്ടെത്തുകയുംചെയ്തു. ചുരുക്കത്തിൽ വടികൊടുത്ത് അടിമേടിച്ചതുപോലെയായി കാര്യങ്ങൾ.

മെത്രാന്മാരാണ് ക്രൈസ്തവസമൂഹത്തിന്റെ നേതാക്കൾ എന്നു ധരിച്ചുവച്ചിരിക്കുന്ന ചില ക്രിസ്ത്യൻ ബുദ്ധിജീവികളും രാഷ്ട്രീയമുതലെടുപ്പ് മുന്നിൽക്കണ്ട് വാലാട്ടിനിൽക്കുന്ന ചില രാഷ്ട്രീയ നേതാക്കളും മാത്രമാണ് ആർച്ചുബിഷപ്പിനെ പിന്തുണച്ചതായി കാണുന്നത്. എന്നാൽ, ആർ എസ്സ് എസ്സിനും ബി ജെ പിക്കും അവയ്ക്കനുകൂലമായുള്ള ഒട്ടേറെ പ്രസ്ഥാനങ്ങൾക്കും അവയുടെ ഇന്ത്യമുഴുവനുമുള്ള പത്രങ്ങൾക്കും ടി.വി. ചാനലുകൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കുമെല്ലാം ക്രിസ്തുമതത്തിനിട്ടടിക്കാൻ വലിയൊരവസരമായിത്തീർന്നു, ഈ ഇടയലേഖനം. ഇന്ത്യയിലെ ക്രൈസ്തവർക്കാകെ അവമതിയുണ്ടാകുന്ന തരത്തിൽ ഡൽഹി ആർച്ചുബിഷപ്പിന്റെ രാഷ്ട്രീയനിലപാടിനെയും സഭയുടെ രീതികളെയും ദളിത് ക്രൈസ്തവചൂഷണത്തെയും ന്യൂനപക്ഷാവകാശത്തട്ടിപ്പുകളെയുമെല്ലാം എടുത്തുകാട്ടി ചോദ്യംചെയ്തു, അവ. എല്ലാം ഉത്തരമില്ലാത്ത ചോദ്യങ്ങൾ! ഡൽഹിയിലെ ഒരു ചാനൽ ചർച്ചയിൽ സ്വയം ന്യായീകരിക്കുവാൻ പങ്കെടുത്ത ആർച്ചുബിഷപ്പ് കൂട്ടോ, അവതാരകയുടെ ചോദ്യങ്ങൾക്കു മുമ്പിൽ ഉത്തരംമുട്ടി കോപത്തോടെ വേദിയിൽനിന്ന് ഇറങ്ങിപ്പോകുന്നതുവരെ ജനങ്ങൾ കണ്ടു. ഫല

ത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ, ഏതു ശക്തിക്കെതിരെ ഒന്നിക്കാനാണോ ആർച്ചുബിഷപ്പ് കൂട്ടോ ആഹ്വാനംചെയ്തത്, അതേ ശക്തിക്കുതന്നെ ആളിപ്പടരാൻ അവസരം ലഭിക്കുകയാണുണ്ടായതെന്നു കാണാനാകും.

ഇതിലെ അപകടം മനസ്സിലാക്കിയ സി ബി സി ഐ അദ്ധ്യക്ഷൻ കർദ്ദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസ് (Oswald Gracias) വൈകാതെതന്നെ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗിനെ നേരിൽ കണ്ട് സംസാരിക്കുകയും, ഡൽഹി ആർച്ചുബിഷപ്പിന്റെ ഇടയലേഖനം സമയംതെറ്റിയുള്ള ഒന്നായിരുന്നെന്നും, അദ്ദേഹത്തിന്റേത് ഇന്ത്യയിലെ കത്തോലിക്കാസഭയുടെ ആധികാരികശബ്ദമല്ലെന്നും പ്രസ്താവനയിറക്കുകയുംചെയ്തു. അത്രയും പറഞ്ഞ് അദ്ദേഹം നിർത്തിയിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നു. അന്തരീക്ഷം ശാന്തമാകുവാൻ അത് കുറെയെങ്കിലും ഉപകരിക്കുമായിരുന്നുതാനും. പക്ഷേ തന്റെ തുടർപ്രസ്താവനകളിലൂടെ, ക്രൈസ്തവസമൂഹത്തിനിട്ടടിക്കുവാൻ ഹിന്ദുത്വവാദികൾക്ക് കൂടുതൽ വടികൾ അപക്വമായി ഇട്ടുകൊടുക്കുകയാണ് അദ്ദേഹവും ചെയ്തത്. 2019-ലെ പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി സി ബി സി ഐ-യുടേതായി ഒരു ആധികാരികപ്രസ്താവന താൻ പുറപ്പെടുവിക്കുന്നുണ്ടെന്നും അതിൽ പാവപ്പെട്ടവർക്കും ദളിതർക്കും സ്ത്രീകൾക്കും വേണ്ടിയും മനുഷ്യാവകാശങ്ങൾക്കുവേണ്ടിയും പ്രവർത്തിക്കുന്ന ഒരു ഗവണ്മെന്റിനായി വിവേകപൂർവ്വം വോട്ടുചെയ്യാൻ ആവശ്യപ്പെടുമെന്നും അദ്ദേഹം പ്രസ്താവിച്ചു. അവിടെയും നിർത്താതെ അദ്ദേഹം തുടർന്നു, "കാര്യങ്ങൾ കൂടുതൽ വഷളാകുകയാണ് എന്നൊരു ഉത്കണ്ഠ മതന്യൂനപക്ഷങ്ങൾക്ക് ഇന്നുണ്ട്. ന്യൂനപക്ഷസംരക്ഷണം ഉറപ്പുവരുത്തുന്നതിനു വേണ്ടത്ര (enough) കാര്യങ്ങൾ ഗവണ്മെന്റു ചെയ്യുന്നില്ല." മറ്റൊരു ആരോപണംകൂടി അദ്ദേഹം ഉന്നയിച്ചു, "കഴിഞ്ഞ നാലു വർഷമായി, സമൂഹത്തെ ധ്രുവീകരിക്കാനുള്ള ശ്രമങ്ങൾ കൂടുതലായി നടക്കുന്നു."

അങ്ങനെ ഡൽഹി ആർച്ചുബിഷപ്പിനെ കർദ്ദിനാൾ 'രക്ഷിച്ചു'. അതായത്, കർദ്ദിനാളിന്റെമേൽ പിടിമുറുക്കാൻ ഹിന്ദുത്വപ്രസ്ഥാനങ്ങൾ ഡൽഹി ആർച്ചുബിഷപ്പിന്റെ മേലുള്ള പിടി അയച്ചു. ഇപ്പോൾ ശ്വാസംകിട്ടാതെ കിടന്നു പിടയുന്നത് സി ബി സി ഐ അദ്ധ്യക്ഷനാണ്! ഡൽഹി ആർച്ചുബിഷപ്പുണ്ടാക്കിയ പ്രശ്നം പരിഹരിക്കാനെത്തി പ്രശ്നം കൂടുതൽ വഷളാക്കുകയാണ് സി ബി സി ഐ അദ്ധ്യക്ഷൻ ചെയ്തതെന്ന ആരോപണമാണ് നാലുപാടുനിന്നും അദ്ദേഹത്തിനുനേരെ ഉയരുന്നത്. അതോടൊപ്പം, അദ്ദേഹത്തിനെന്നല്ല, മുഴുവൻ സിബിസിഐ ബിഷപ്പുമാരും ഒന്നിച്ചുകൂടി എത്രനാൾ പണിപ്പെട്ടാലും മറുപടിപറയാനാവാത്ത നിരവധി ചോദ്യങ്ങളും ഉന്നയിക്കപ്പെടുന്നുണ്ട്. ഉദാഹരണത്തിന് ഡോ. ഹിൽഡാ രാജാ എന്നൊരു മഹതി (സി ബി സി ഐ-യുടെ ദേശീയ ഉപദേശക സമിതിയംഗം, ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജ് സെലക്ഷൻ ബോർഡ് അംഗം, ചെന്നൈയിലെ ലയോളാ കോളേജിലും സ്റ്റെല്ലാ മേരിസ് കോളേജിലും അദ്ധ്യാപിക എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ളവരാണ് അവർ) കർദ്ദിനാളിനെഴുതിയ തുറന്ന കത്തിൽനിന്ന് അദ്ദേഹത്തെ അഭിസംബോധനചെയ്തു ചോദിച്ച ഏതാനും ചോദ്യങ്ങൾ ഉദ്ധരിക്കാം: "മതന്യൂനപക്ഷങ്ങൾ ഇന്ത്യയിൽ അനുഭവിക്കുന്നത്ര സ്വാതന്ത്ര്യം ഈ ഭൂഗോളത്തിൽ വേറെ ഏതെങ്കിലും രാജ്യത്തെ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്നുണ്ടോ?"; ''ഇന്ത്യയിലെ ഭൂരിപക്ഷ ജനവിഭാഗങ്ങൾക്കുള്ളതിനേക്കാൾ കൂടുതൽ അവകാശങ്ങൾ ഇവിടുത്തെ ന്യൂനപക്ഷങ്ങൾക്കു ലഭ്യമാണ് എന്നതല്ലേ വാസ്തവം?"; "കത്തോലിക്കാസഭ ന്യൂനപക്ഷമായ കത്തോലിക്കാസഭാംഗങ്ങൾക്കും ദളിതർക്കും സ്ത്രീകൾക്കും മറ്റ് അധഃസ്ഥിതർക്കും വേണ്ടിയുള്ള കാര്യങ്ങൾ വേണ്ടത്ര (enough) ചെയ്യുന്നുണ്ടോ?"; "ന്യൂനപക്ഷാവകാശങ്ങൾ നൽകപ്പെട്ടിരിക്കുന്നത് മുഴുവൻ ന്യൂനപക്ഷസമുദായാംഗങ്ങൾക്കും വേണ്ടിയായിരിക്കേ, അതെന്തുകൊണ്ട് പുരോഹിതർക്കും കന്യാസ്ത്രീകൾക്കും പണക്കാർക്കും അടുപ്പക്കാർക്കുംമാത്രമായി മാറ്റിവച്ചിരിക്കുന്നു?"; "സഭയുടെ ആയിരക്കണക്കായ ന്യൂനപക്ഷവിദ്യാഭ്യാസ സ്ഥാപനങ്ങൾമുഴുവൻ, ഗ്രാന്റും ശമ്പളവും പെൻഷനുമെല്ലാം നികുതിദായകരുടെ പണമുപയോഗിച്ച് ഗവണ്മെന്റു നടത്തിയിട്ടും, നിങ്ങൾ ഹൃദയരക്തമൊഴുക്കുന്നുവെന്നവകാശപ്പെടുന്ന അധഃസ്ഥിതരാക്കപ്പെട്ട ദളിതർക്കും സ്ത്രീകൾക്കും ദരിദ്രർക്കുംവേണ്ടി അതിന്റെ ഒരംശമെങ്കിലും എന്തുകൊണ്ട് മാറ്റിവയ്ക്കുന്നില്ല?"; നിങ്ങളുടെ സ്ഥാപനങ്ങളിൽ സമ്പന്നർക്ക് മുൻഗണന നൽകിക്കൊണ്ട് ഗവണ്മെന്റു മുടക്കുന്ന ഭാരിച്ച തുകയെല്ലാം എന്തുകൊണ്ടാണ് അവരിലേക്കുമാത്രമായി ഒഴുക്കുന്നത്?" ...എന്നിങ്ങനെ കത്തോലിക്കാസഭാധികൃതരുടെ വായടപ്പിക്കുന്ന ചോദ്യങ്ങളുടെ ഒരു പരമ്പരതന്നെ അവതരിപ്പിക്കുന്നുണ്ട്, അവർ തന്റെ തുറന്ന കത്തിൽ (കാണുക, മെയ് 26-ലെ www.hindupost).

ഇത്തരം എണ്ണമറ്റ സാമൂഹികമാധ്യമങ്ങളും ബ്ലോഗുകളും, ആർ എസ്സ് എസ്സി-ന്റെയും ബി ജെ പി-യുടെയും പോഷകസംഘടനകളുടെയും എത്രയോ പത്രമാസികകളുമാണ്, ഒരു മെത്രാന്റെയോ, കർദ്ദിനാളിന്റെയോ വിവേകശൂന്യമായ ഒരു ഇടയലേഖനമോ പ്രസ്താവനയോ വന്നാൽ അതെടുത്തിട്ട് അമ്മാനമാടുക! അതിലൂടെയെല്ലാം അവമതിയുണ്ടാകുന്നതും വർഗ്ഗീയതയും ദേശദ്രോഹവുമൊക്കെ ആരോപിക്കപ്പെടുന്നതും ആ സഭാമേലധ്യക്ഷമാരുടെമേൽ മാത്രമല്ല, മൊത്തം ക്രൈസ്തവസമുദായത്തിന്റെ മേലാണ് എന്നതാണു പ്രശ്നം. കൂടാതെ, പ്രാർത്ഥനയുടെ പ്രച്ഛന്നവേഷത്തിൽ വിശ്വാസികളിൽ കയറിപ്പറ്റുന്ന സാമൂഹികവും രാഷ്ട്രീയവുമായ പുരോഹിതാശയങ്ങൾ ഒരുപക്ഷേ, ക്രൈസ്തവരെ ദേശവിരുദ്ധരും അന്യമതദ്വേഷികളും മതഭ്രാന്തന്മാരും ആക്കിയെന്നുംവരാം.

അതുകൊണ്ട്, ക്രൈസ്തവസമുദായത്തിന്റെ പ്രതിനിധികളും നേതാക്കളുമെന്ന മട്ടിൽ ഈ സമുദായത്തിന്റെ സാമൂഹിക-രാഷ്ട്രീയനിലപാടുകൾ സഭാമേലദ്ധ്യക്ഷന്മാർ തീരുമാനിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന അനധികൃതമായ ഇന്നത്തെ

*ശേഷം പേജ് 7-ൽ വായിക്കുക*

# ഫാ. അഗസ്റ്റിൻ വട്ടോളിയുടെ പ്രസംഗം

## "കത്തോലിക്കാസഭയിലെ ജീർണതകൾക്കെതിരെ സ്ത്രീകളും കുട്ടികളും പ്രതികരിക്കുക"

## "സഭയുടെ സ്വത്തുകൈകാര്യം ചെയ്യേണ്ടത് വിശ്വാസസമൂഹമാണ്"



**ക**ത്തോലിക്കാസഭയിലെ ഏകാധിപത്യ പ്രവണതയ്ക്കെതിരെ എറണാകുളം- അങ്കമാലി അതിരൂപതാ വൈദികൻ ഫാ. അഗസ്റ്റിൻ വട്ടോളി. ഭൂമി കുംഭകോണങ്ങളും പീഡനവാർത്തകളും ഇന്ന് വിശ്വാസികളെ ഏറെ വേദനിപ്പിക്കുന്നുണ്ട്. പശ്ചിമ ഘട്ടത്തെ സംരക്ഷിക്കുന്ന ആദിവാസികളുടെ മക്കൾ പട്ടിണികിടന്നു മരിക്കുന്ന ഈ കേരളത്തിൽ നമ്മൾ ജീവിക്കുമ്പോഴാണ്, ഈ ഭൂമികുംഭകോണങ്ങൾ നടക്കുന്നത്. 130 വർഷത്തിനു മുമ്പുള്ള, പണം നല്കാൻ കഴിയാത്ത മനുഷ്യൻ, തന്റെ വിയർപ്പിന്റെകൂടി വില പള്ളിക്ക് നല്കണമെന്ന് ആഗ്രഹിച്ച ഒരു തലമുറ, പിടിയരി പിരിച്ച് സമാഹരിച്ച സ്വത്താണ് ധൂർത്തടിക്കപ്പെടുന്നത്. ജനത്തിന്റെ നിശ്വാസമാണ് ആ സ്വത്ത്. ജനം വിശ്വസിച്ചേല്പിച്ച സ്വത്ത്. അത് ധൂർത്തടിക്കപ്പെടുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ചേർത്തല കോക്കമംഗലം മാർത്തോമ്മാ തീർഥാടനദേവാലയത്തിൽ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് നല്കിയ സന്ദേശത്തിലാണ്, സഭയിലെ അടിച്ചമർത്തലുകൾക്കും ഏകാധിപത്യത്തിനുമെതിരെ അദ്ദേഹം തുറന്നടിച്ചത്. 'രാഷ്ട്രത്തിന്റെ നിയമംകൊണ്ട് ദൈവത്തിന്റെ നീതിയെ അളക്കാമെന്ന് ആരെങ്കിലും കരുതുന്നത് തെറ്റാണെ'ന്ന് ഭൂമിവിവാദം കത്തിനില്ക്കുന്ന സമയത്ത് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ദുഃഖവെള്ളിയാഴ്ച സന്ദേശം നല്കിയ അതേ വേദിയിൽ നിന്നുകൊണ്ടാണ് ഫാ.അഗസ്റ്റിൻ വട്ടോളി സഭയിലെ ഏകാധിപത്യപ്രവണതകൾക്കെതിരെ ആഞ്ഞടിച്ചത്.

ഇപ്പോൾ കേൾക്കുന്ന വാർത്തകളിൽ ഭയപ്പെടേണ്ട. ഇതിലും വലിയ പ്രതിസന്ധിയിലൂടെ മധ്യകാലഘട്ടത്തിൽ സഭ കടന്നുപോയിരുന്നു. ഇപ്പോൾ കാണുന്നതിലും കേൾക്കുന്നതിലും നിരാശപ്പെടരുത്. ഇത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. പലതും വെളിച്ചത്തേക്ക് വരുന്നു. പലതും മറച്ചുവച്ചിരുന്നു. അവ ഇന്ന് വെളിച്ചത്തേക്ക് വരികയാണ്. ഭയപ്പെടരുത്. ക്രിസ്തുവാണ് നമ്മെ നയിക്കുന്നതെന്നും ഫാ.അഗസ്റ്റിൻ വട്ടോലി ഓർമിപ്പിച്ചു.

ആത്മീയത എന്നു പറഞ്ഞാൽ വായ്പൂട്ടിയിരിക്കലല്ല. മനുഷ്യജീവിതങ്ങൾ ഇല്ലാതെ പോകുന്നതാണ് ഇന്നത്തെ സഭ അനുഭവിക്കുന്ന ഏറ്റവും വലിയ ദുരന്തം. ആ ദുരന്തത്തിൽനിന്നു കരകയറണം. സഭയുടെ സ്വത്ത് കൈകാര്യം ചെയ്യേണ്ടത് വിശ്വാസിസമൂഹമാണ്. ക്രിസ്തുവിന്റെ കാലത്ത് സ്ഥാവര-ജംഗമ വസ്തുക്കൾ കൈകാര്യം ചെയ്തിരുന്നത് ശിഷ്യന്മാരാണ്. ആദിമസമൂഹത്തിലും ഇപ്രകാരമായിരുന്നു. സ്വത്ത് മെത്രാന്മാരുടെയും മാർ പാപ്പയുടെയും കൈകളിലേക്ക് മാറിയതോടെയാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്.

ഇന്ന് നമ്മുടെ കന്യാസ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുന്നു. എങ്ങനെയാണ് നമ്മുടെ അമ്മമാർ ഈ ലോകത്ത് ജീവിക്കുന്നത്? നമ്മുടെ കന്യാസ്ത്രീകൾ ഈ ലോകത്ത് അനുഭവിക്കുന്ന പാടുപീഡകൾ കണ്ടില്ലെന്ന് നടിക്കരുത്. അവരുടെ അധ്വാനമാണ് നമ്മുടെ പല സ്വത്തും. അത് പുരോഹിതമേധാവികൾ ധൂർത്തടിക്കുന്നു. സന്ന്യാസിനികൾ എന്ത് സ്വാതന്ത്ര്യമാണ് അനുഭവിക്കുന്നത്? പുരോഹിതനേതൃത്വത്തിനെതിരെ സംസാരിച്ചതിന്റെ പേരിൽ ഒരു കന്യാസ്ത്രീയെ ക്രൂരമായി വളഞ്ഞിട്ട് ആക്രമിച്ചു. ഭയന്നുപോയ അവർ എഴുത്തുനിർത്തി. എന്നാൽ എഴുത്തു നിർത്തരുതെന്നും സംസാരം തുടരണമെന്നും അവരോട് നിർദ്ദേശിച്ചു. നാം സംസാരിക്കണം. സംസാരിക്കാ

**മുൻകാലത്ത് വന്ന വീഴ്ചകളിൽ, ഏകാധിപത്യ പ്രവവണതകളിൽ ഫ്രാൻസീസ് മാർപാപ്പ നടത്തിയ സ്വയം തിരുത്തലുകളാണ് അദ്ദേഹത്തെ ലോകത്തെ ഏറ്റവും കൂടുതൽ പേർ ഇഷ്ടപ്പെടുന്ന നേതാവാക്കിത്തീർത്തത്. ഈശോസഭയുടെ പ്രൊവിൻഷ്യൽ ആയിരുന്ന സമയത്ത് അദ്ദേഹത്തെ വിമർശിച്ചവരെ അദ്ദേഹം നിശ്ശബ്ദരാക്കിയിരുന്നു, അടിച്ചമർത്തിയിരുന്നു. അന്നത്തെ ഏകാധിപത്യ ഭരണകൂടത്തെ എതിർത്തവരെ കുർബാന ചൊല്ലുന്നതിൽ നിന്നുവരെ വിലക്കിയിരുന്നു. ആ ജീവിതത്തിൽനിന്ന് അദ്ദേഹത്തിനുണ്ടായ മാനസാന്തരമാണ്, തിരിച്ചറിവാണ് കൂട്ടുത്തരവാദിത്തവും കൂട്ടായ്മയും വളർത്തുന്ന ഒരു പ്രവർത്തനശൈലിയിലേക്ക് മാറുമെന്ന ഒരു തീരുമാനത്തിലെത്തിച്ചത്. ആ മാറ്റം ഗംഭീരമായിരുന്നു.**

ത്തതാണ്, നിശ്ശബ്ദതയാണ്, ഈ സമൂഹത്തെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നത്.

കൂട്ടായ്മകളില്ലാത്തതാണ് സഭയും ഓരോ കുടുംബവും മക്കളും അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി. പ്രശ്നങ്ങളിൽ കൂട്ടുനില്ക്കാൻ ആരുമില്ലെന്നതാണ് അവരെ വിഷമിപ്പിക്കുന്നത്. ലോകത്തെ 121 സംസ്കാരങ്ങളിൽ 119 എണ്ണവും നശിക്കാൻ കാരണം പുറമേനിന്നുള്ള ആക്രമണമല്ല, ഉള്ളിൽനിന്നുള്ള ചീഞ്ഞഴുകലായിരുന്നു. ഇതുതന്നെയാണ് ക്രിസ്തുവും പറഞ്ഞത്, അന്തഃഛിദ്രമുള്ള ഭവനങ്ങൾ തകർന്നുപോകുമെന്ന്. യൂറോപ്പിലും മറ്റും നമ്മുടെ പല പള്ളികളും ഇന്ന് ബാറുകളും സൂപ്പർമാർക്കറ്റുകളും ഡാൻസ്ബാറുകളുമായി മാറിക്കഴിഞ്ഞു. അതിന്റെ കാരണമന്വേഷിച്ചുപോകുമ്പോഴാണ് ചീഞ്ഞഴുകലിന്റെ ബാക്കിപത്രമാണ് അവിടെ സംഭവിച്ചതെന്ന് തിരിച്ചറിയുന്നത്.

അകവും പുറവും ഒരുപോലെയാണെങ്കിൽ ഉള്ളിലോട്ട് നോക്കാൻ ഭയപ്പെടേണ്ടതില്ല. ചിന്തയും പ്രവൃത്തിയും സമാനമാണെങ്കിൽ ഉള്ളിലോട്ട് നോക്കാൻ ഭയപ്പെടേണ്ടതില്ല. അതുതന്നെയാണ് ക്രിസ്തുവിന്റെ ജീവിതവും. എന്നാൽ ചിന്തയും പ്രവൃത്തിയും വിശ്വാസവും തമ്മിലുള്ള വൈരുദ്ധ്യങ്ങളാണ് നമ്മെ ഇല്ലാതാക്കുന്നത്. ക്രിസ്തുവിന്റെ ആത്മീയത ക്രിസ്തുവിന്റെ ജീവിതം തന്നെയാണ്.

മധ്യകാല നൂറ്റാണ്ടുകളിൽ സഭ ഇതിലും വലിയ പ്രതിസന്ധികളിൽക്കൂടി കടന്നുപോയിട്ടുണ്ട്. അതുകൊണ്ട് ഭയപ്പെടേണ്ട. ഇതിലും ഭീകരമായ ചെയ്തികളാണ് നമ്മുടെ നേതാക്കൾ ചെയ്തത്. അതിന്റെ അടിസ്ഥാനകാരണം ചോദ്യംചെയ്യപ്പെടലുകളും വിലയിരുത്തലുകളും ഇല്ലാതെ പോയതാണ്. ഏതൊരു സംസ്കാരവും നശിക്കാൻ കാരണം വിമർശനങ്ങൾ ഇല്ലാതെ പോകുന്നതാണ്. ഏകാധിപത്യ പ്രവണതകൾ ഏറെ സജീവമാണ് എന്നു കാണാം. ലോകത്ത് ഒരുപാട് സംസ്കാരങ്ങൾ വന്നുപോയിട്ടുണ്ട്. ഒരിക്കലും നശിക്കാത്ത ഒരു സംസ്കാരം നിലനില്ക്കുന്നുണ്ടെങ്കിൽ അതിനുകാരണം അതിന്റെ കൂട്ടുത്തരവാദിത്തമാണ്, കൂട്ടായ്മയാണ്. ഏകാധിപത്യപ്രവണതകളാണ് പല സംസ്കാരങ്ങളെയും നശിപ്പിച്ചത്; പല പ്രസ്ഥാനങ്ങളെയും നാടുകളെയും ഭവനങ്ങളെയും ഇല്ലാതാക്കിയത്. ഒറ്റയ്ക്കു തീരുമാനിക്കുന്ന പതിവ് ആദിവാസികൾക്കിടയിൽ ഇല്ല. അവിടെ താനാണ് രാജാവ് എന്ന ചിന്തയില്ല. എല്ലാവരും രാജാക്കന്മാരാണ്. കൂട്ടായ്മയിലേ തീരുമാനിക്കൂ. ഏതൊരു രാജ്യവും സ്ഥാപനവും ഭവനവും നിലനില്ക്കണമെങ്കിൽ കൂട്ടുത്തരവാദിത്വമാണ് വേണ്ടത്.

മുൻകാലത്ത് വന്ന വീഴ്ചകളിൽ, ഏകാധിപത്യ പ്രവവണതകളിൽ ഫ്രാൻസീസ് മാർപാപ്പ നടത്തിയ സ്വയം തിരുത്തലുകളാണ് അദ്ദേഹത്തെ ലോകത്തെ ഏറ്റവും കൂടുതൽ പേർ ഇഷ്ടപ്പെടുന്ന നേതാവാക്കിത്തീർത്തത്. ഈശോസഭയുടെ പ്രൊവിൻഷ്യൽ ആയിരുന്ന സമയത്ത് അദ്ദേഹത്തെ വിമർശിച്ചവരെ അദ്ദേഹം നിശ്ശബ്ദരാക്കിയിരുന്നു, അടിച്ചമർത്തിയിരുന്നു. അന്നത്തെ ഏകാധിപത്യ ഭരണകൂടത്തെ എതിർത്തവരെ കുർബാന ചൊല്ലുന്നതിൽ നിന്നുവരെ വിലക്കിയിരുന്നു. ആ ജീവിതത്തിൽനിന്ന് അദ്ദേഹത്തിനുണ്ടായ മാനസാന്തരമാണ്, തിരിച്ചറിവാണ് കൂട്ടുത്തരവാദിത്തവും കൂട്ടായ്മയും വളർത്തുന്ന ഒരു പ്രവർത്തനശൈലിയിലേക്ക് മാറുമെന്ന ഒരു തീരുമാനത്തി

**ക്രിസ്തു പരിശോധിക്കാനാണ് പറഞ്ഞത്. വന്നു കാണുക എന്നാണ് പറഞ്ഞത്. എന്റെ അടുത്തു വരിക എന്നാണ് പറഞ്ഞത്. ഈ ആത്മാർഥതയിലേക്കാണ് ക്രിസ്തു നമ്മെ വിളിക്കുന്നത്; മാർതോമ്മാ ശ്ലീഹാ നമ്മെ ക്ഷണിക്കുന്നത്. മനുഷ്യജീവിതങ്ങൾ ഇല്ലാതെ പോകുന്നതാണ് ഇന്നത്തെ സഭ അനുഭവിക്കുന്ന ഏറ്റവും വലിയ ദുരന്തം. ആ ദുരന്തത്തിൽനിന്ന് കരകയറണം. കരകയറും. അത് മിണ്ടാതിരുന്നു കൊണ്ടല്ല,**

ലെത്തിച്ചത്. ആ മാറ്റം ഗംഭീരമായിരുന്നു. അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലും ഒളിഞ്ഞുനില്ക്കുന്ന സത്യം, അതുമാത്രല്ല. ആ സത്യം അദ്ദേഹം പ്രഘോഷിക്കുന്നതും നടപ്പാക്കുന്നതും കൂട്ടുത്തരവാദിത്വത്തിലും പങ്കാളിത്തത്തിലുമാണ്. ഇത്തരം കൂട്ടായ്മകളാണ് സഭയെ, ഭവനത്തെ, വ്യക്തിയെ നിലനിർത്തുന്നത്.

നമ്മുടെ സഭയെ, സംസ്കാരത്തെ നിലനിർത്തുന്നത് വിയോജിപ്പുകളാണ്. പറയാനുള്ളത് പറയാൻ ധൈര്യം കാണിക്കണം. വിശ്വാസിസമൂഹത്തിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വമാണത്. മാർത്തോമ്മാപാരമ്പര്യത്തിലേക്ക് തിരിച്ചുപോകണമെന്ന് എല്ലാവരും ഇപ്പോൾ പറയുന്നു. എന്താണ് മാർത്തോമ്മാക്രിസ്ത്യാനികളുടെ പാരമ്പര്യം? അവിടെ സ്ഥാവര-ജംഗമ വസ്തുക്കൾ കൈകാര്യം ചെയ്തുകൊണ്ടിരുന്നത് വിശ്വാസിസമൂഹമാണ്. ക്രിസ്തുവിന്റെ കൂട്ടത്തിലും പണം സൂക്ഷിച്ചിരുന്നത് ആരാണ്? ആ പാരമ്പര്യമാണ് നമുക്കുണ്ടായിരുന്നത്. 1599-ലെ ഉദയംപേരൂർ സൂനഹദോസിലൂടെ സ്വത്ത് കൈകാര്യം ചെയ്യുന്നത് മെത്രാനും മാർപാപ്പയും ഏറ്റെടുത്തു. അന്നാരംഭിച്ചു, മാർത്തോമ്മാപാരമ്പര്യത്തിന്റെ തകർച്ച. വിശ്വാസിസമൂഹം ഈ ഉത്തരവാദിത്വം ഏറ്റെടുക്കണം.

ക്രിസ്തു പരിശോധിക്കാനാണ് പറഞ്ഞത്. വന്നു കാണുക എന്നാണ് പറഞ്ഞത്. എന്റെ അടുത്തു വരിക എന്നാണ് പറഞ്ഞത്. ഈ ആത്മാർഥതയിലേക്കാണ് ക്രിസ്തു നമ്മെ വിളിക്കുന്നത്; മാർതോമ്മാ ശ്ലീഹാ നമ്മെ ക്ഷണിക്കുന്നത്. മനുഷ്യജീവിതങ്ങൾ ഇല്ലാതെപോകുന്നതാണ് ഇന്നത്തെ സഭ അനുഭവിക്കുന്ന ഏറ്റവും വലിയ ദുരന്തം. ആ ദുരന്തത്തിൽനിന്ന് കരകയറണം. കരകയറും. അത് മിണ്ടാതിരുന്നുകൊണ്ടല്ല, ചോദ്യം ചെയ്യാതിരുന്നുകൊണ്ടല്ല, സംസാരിക്കാതിരുന്നുകൊണ്ടല്ല, ഇടവക സംസാരിക്കണം. വിശ്വാസിസമൂഹം സംസാരിച്ചുതുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സന്ന്യാസിനീസമൂഹം സംസാരിക്കണം. പെൺകുട്ടികൾ സംസാരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്ത്രീകൾ സംസാരിക്കേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു. ഇന്ന്

ഏറ്റവും കൂടുതൽ മനുഷ്യാവകാശലംഘനങ്ങൾ നേരിടുന്നത് കുഞ്ഞുങ്ങളാണ്. അവർ സംസാരിക്കേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു.

അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ കൂട്ടായ്മയെക്കുറിച്ച്, ഒന്നിച്ചുനില്ക്കേണ്ടതിനെക്കുറിച്ച് ചിന്തിക്കേണ്ട കാലമാണ്. സൗഹൃദങ്ങളും കൂട്ടായ്മകളും ബന്ധങ്ങളുമാണ് കുഞ്ഞുങ്ങൾക്ക് നല്കേണ്ടത്. അതിനു കുഞ്ഞുങ്ങളെ പഠിപ്പിക്കണം. ജാതിമതങ്ങൾക്കും ലിംഗത്തിനും വർണത്തിനും ഭാഷയ്ക്കും ലോകത്തിനും അതീതമായിരിക്കണം ബന്ധങ്ങൾ. ലോകത്ത് അത്രയ്ക്കും ധ്രുവീകരണമുണ്ട്. ജാതി-മത വർഗീയതകൾ ഏറ്റവും തീവ്രമാകുന്ന കാലഘട്ടമാണിത്. ഇത്തരം വർഗീയതകളെ നേരിടാൻ ഈ ക്രിസ്തീയസമൂഹത്തിന് പറ്റുന്നില്ല എന്നത് അതിഭീകരമാണ്.

ആത്മീയത എന്നു പറഞ്ഞാൽ വായ്പൂട്ടിയിരിക്കലല്ല, നിശ്ശബ്ദമായിരിക്കലല്ല, സംസാരിക്കേണ്ടത് സംസാരിക്കുകയും അറിയേണ്ടതും തിരിച്ചറിയേണ്ടതും അന്വേഷിക്കുകയും ചെയ്യണം. പറയാനുള്ളത് പറയുന്നതും മുഖത്തുനോക്കി സംസാരിക്കുന്നതും നിർഭയമായി പറയുന്നതുമാണ് ആത്മീയത. ഒളിച്ചിരിക്കുന്നതും മറഞ്ഞിരിക്കുന്നതും മൗനംപാലിക്കുന്നതും ഭയപ്പെട്ടിരിക്കുന്നതുമല്ല ആത്മീയത. തോമാശ്ലീഹായും ക്രിസ്തുവും ശിഷ്യന്മാരും അപ്രകാരമാണ്. 'വെള്ളയടിച്ച കുഴിമാടങ്ങളേ' എന്ന് പുരോഹിതവർഗത്തെ നോക്കി ഗർജിച്ച സിംഹത്തിന്റെ ശിഷ്യന്മാരാണ് നമ്മൾ. ആ ആത്മീയത തിരിച്ചെടുക്കണം. ആ ആത്മീയതയിലേക്കാണ് തോമാശ്ലീഹാ നമ്മെ വിളിച്ചിരിക്കുന്നത്. 'നമുക്കും ആ ഗർജിക്കുന്ന സിംഹത്തിന്റെ കൂടെപ്പോയി മരിക്കാം' എന്നു പറയുന്ന ആത്മീയത. അതിലേക്ക് നമ്മെ ജ്ഞാനസ്നാപ്പെടുത്താൻ നമ്മുടെ പ്രാർഥനകൾക്ക്, കൂട്ടായ്മകൾക്ക്, തിരുനാളുകൾക്ക് കഴിയട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

*(കടപ്പാട്: 2018 ജൂലൈ 2-ന് newsgil.com-ൽ വന്ന വാർത്ത)*

*-സീറോ-മലബാർസഭ ജീർണ്ണതയിൽ അമർന്നടങ്ങാതിരിക്കണമെന്നും പിളരാതിരിക്കണമെന്നും നവചൈതന്യത്തോടെ ഉയർത്തെണീക്കണമെന്നും ആഗ്രഹിക്കുന്ന മുഴുവൻ സഭാസമൂഹവും ഗൗരവപൂർണ്ണമായി എടുക്കേണ്ടവയാണ് ബഹു.വട്ടോളിയച്ചന്റെ ഈ വാക്കുകൾ എന്നു പറയാതെവയ്യ. സത്യത്തിനും നീതിക്കും സഭയിലെ സുതാര്യതയ്ക്കും വേണ്ടി മുറവിളികൂട്ടുന്ന എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികസമൂഹത്തെയും അത്മായപ്രസ്ഥാനത്തെയും അടിച്ചൊതുക്കി അമർച്ച ചെയ്യാൻ റോമിലെ പൗരസ്ത്യസംഘവും കേരളത്തിലെ കൽദായവൽകൃത രൂപതകളും കൈകോർത്തിരിക്കുന്ന ഈ സന്ദർഭത്തിൽ, സീറോ-മലബാർസഭയിലെ കണ്ണും കാതും നാവുമുള്ള മുഴുവൻ ജനത്തെയും ഉണർത്താനും നയിക്കാനും പോരുന്ന, പ്രവാചകശക്തി മുഴങ്ങുന്ന കാഹളനാദമായി അദ്ദേഹത്തിന്റെ ഈ പ്രസംഗത്തെ കാണാം.*

*-എഡിറ്റർ*

*മുഖക്കുറി തുടർച്ച....*

കീഴ്‌വഴക്കത്തിനെതിരെ കാര്യവിവരമുള്ള സഭാപൗരന്മാർ ചിന്തിച്ചുതുടങ്ങേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ ഇത്, ചർച്ച് ആക്ടിന്റെ ഒരു അനുബന്ധ ആശയംതന്നെയാണ്. ചർച്ച് ആക്ട് മുന്നോട്ടുവയ്ക്കുന്ന കേന്ദ്ര ആശയം സഭയിലെ ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളെ വെവ്വേറെ കൈകാര്യം ചെയ്യണമെന്നാണല്ലോ. രാഷ്ട്രീയമെന്നാൽ എന്താണ് എന്നാലോചിച്ചാൽ, അത് സമൂഹത്തിലെ ഭൗതികകാര്യങ്ങളുടെ കൈകാര്യകർതൃത്വം സംബന്ധിച്ച താത്ത്വികവും പ്രയോഗപരവുമായ കാര്യങ്ങളാണെന്നു കാണാം. അതായത്, സഭയിലെ ഭൗതികവും സാമ്പത്തികവുമായ കാര്യങ്ങളുടെ നടത്തിപ്പ് സഭയിലെ രാഷ്ട്രീയപ്രക്രിയതന്നെയാണ്. ആ രാഷ്ട്രീയപ്രക്രിയയിൽനിന്നു മാറിനിൽക്കാനാണ് ചർച്ച് ആക്ടിന്റെ ആശയമുൾക്കൊണ്ട് പൗരോഹിത്യത്തോടു നാം പറയുന്നത്. അങ്ങനെ സഭയിലെ രാഷ്ട്രീയപ്രക്രിയയിൽനിന്നുപോലും മാറ്റിനിർത്തപ്പെടേണ്ടവരാണ് പുരോഹിതരും മഹാപുരോഹിതരുമെങ്കിൽ, പൊതുസമൂഹത്തിലെ രാഷ്ട്രീയപ്രക്രിയയിൽ അവർക്കെങ്ങനെ ഇടപെടാനാകും? അത് അനുവദിക്കപ്പെടുകയില്ല. ചർച്ച് ആക്ട് പ്രതിനിധാനംചെയ്യുന്ന ആശയം സമൂഹം ഉൾക്കൊള്ളുന്നതനുസരിച്ച്, മതമേലദ്ധ്യക്ഷന്മാരുടെ രാഷ്ട്രീയ ഇടപെടലുകൾ അവസാനിക്കുമെന്നു ചുരുക്കം. സമൂഹത്തെ സംബന്ധിച്ച് അത് ശുഭോദർക്കമായ ഒരു വഴിത്തിരിവായിരിക്കും. കാരണം, സാമൂഹിക -രാഷ്ട്രീയരംഗങ്ങളല്ല മതമേലദ്ധ്യക്ഷന്മാരുടെ കർമ്മമേഖലയെന്ന തിരിച്ചറിവിൽ, അവർ തങ്ങളിൽ അർപ്പിതമായ ആദ്ധ്യാത്മികമേഖലയിലേക്കു മടങ്ങിപ്പോകും. മനുഷ്യനെ ആത്മജ്ഞാനത്തിലേക്കും ആന്തരികരൂപാന്തരത്തിലേക്കും നയിച്ച് ദൈവരാജ്യപൗരന്മാരാക്കുകയെന്ന അതിമഹത്തും യേശുനിർദ്ദേശിതവുമായ സ്വധർമ്മനിർവ്വഹണത്തിൽ അവർ വ്യാപൃതരാകും. അതു ചെയ്യാത്തതുകൊണ്ടാണ് യേശുവിന് എതിർസാക്ഷ്യം വഹിക്കുന്ന ഒരു ഭൗതികസ്ഥാപനമായി സഭതന്നെ മാറിക്കൊണ്ടിരിക്കുന്നത് എന്ന സത്യം അവർ തിരിച്ചറിയുകയും തിരുത്തി മുന്നേറുകയും ചെയ്യും.

ഭൗതികതയുടെ ഒരു പ്രധാന ലക്ഷണം സ്വയം ശാക്തീകരിക്കാനുള്ള, ആർജ്ജിക്കാനുള്ള, പ്രവണതയാണ്. ആദ്ധ്യാത്മികതയുടെ പ്രധാന ലക്ഷണമാകട്ടെ, സ്വന്തം ശക്തി അപരനുവേണ്ടി വേണ്ടെന്നുവയ്ക്കാനുള്ള, ത്യജിക്കാനുള്ള, പ്രവണതയും. ഈ മാനദണ്ഡം വച്ചുനോക്കിയാൽ, ആളെക്കൂട്ടിയും സംഘടിച്ചും വെട്ടിപ്പിടിച്ചും ഒന്നിനൊന്നു ശക്തരാകാൻ പരിശ്രമിക്കുന്ന ക്രിസ്തുമതത്തെയും ഇസ്ലാംമതത്തെയും ഭൗതികമതങ്ങൾ എന്നു വിലയിരുത്തേണ്ടിവരും. ശക്തി വർദ്ധിപ്പിക്കുന്നത് രാഷ്ട്രീയലക്ഷ്യത്തോടുകൂടി ആയതിനാൽ അവയെ രാഷ്ട്രീയമതങ്ങളെന്നും വിശേഷിപ്പിക്കാം. എന്നാൽ, പാരാവാരംപോലെ പരന്നുകിടക്കുന്ന ഇന്ത്യയുടെ ദാർശനികഭൂമികയിൽ വളർന്നുവന്ന ഇന്ത്യൻമതസ്ഥർ, ആ ദർശനങ്ങൾ അവർക്കു പകർന്നുനൽകിയ മൂല്യബോധത്തിൽ

ജീവിക്കുകമാത്രമാണ് ചെയ്തുപോന്നത്. ഇന്ത്യൻ മതസ്ഥർ കൂടുതൽ ആദ്ധ്യാത്മികരായിരുന്നു എന്നു സാരം. ബ്രഹ്മബോധം വിട്ടകന്ന് ഭൗതികരായിത്തീർന്ന ബ്രാഹ്മണപുരോഹിതർ തങ്ങളുടെ നേട്ടങ്ങൾക്കും ആധിപത്യത്തിനുമായി ഭാരതീയദർശനത്തെ വ്യഭിചരിക്കുകയും അതിനീചമായ ജാതിവ്യവസ്ഥയ്ക്കു ജന്മംകൊടുക്കുകയുമുണ്ടായി എന്നതു ശരിതന്നെ. എന്നിരുന്നാലും, ഇന്ത്യൻ മതസ്ഥർ മതാടിസ്ഥാനത്തിൽ ശക്തിയാർജ്ജിക്കാനോ സംഘടിക്കാനോ അടുത്തകാലംവരെ തുനിയുകയുണ്ടായില്ല എന്നോർക്കണം. മാത്രമല്ല, എല്ലാ മതദർശനങ്ങളും ഒരേ പരമസത്യത്തിന്റെ വ്യത്യസ്ത ആവിഷ്കാരങ്ങളാണെന്ന ബോധ്യത്തിൽ സർവ്വമത സമഭാവനയോടുകൂടി അവയെയെല്ലാം സ്വാഗതം ചെയ്തിരുന്നുതാനും.

എന്നാൽ അങ്ങനെ സ്വാഗതം ചെയ്യപ്പെട്ട് ഇന്ത്യൻ മണ്ണിൽ വേരുറപ്പിച്ചുവളർന്ന ക്രിസ്തുമതവും ഇസ്ലാം മതവും, തങ്ങളുടേതുമാത്രമാണ് സത്യമതമെന്നു വാദിക്കുന്നവയും ഇതരമതങ്ങളോടെല്ലാം ശത്രുത പുലർത്തുന്നവയുമായിരുന്നു. അജ്ഞരും പാവപ്പെട്ടവരുമായ മനുഷ്യരെ പ്രലോഭിപ്പിച്ചും പേടിപ്പിച്ചും മതപരിവർത്തനം നടത്തി ജനസംഖ്യ വർദ്ധിപ്പിച്ചും, സാമുദായികവും രാഷ്ട്രീയവുമായി ശാക്തീകരിച്ചും ഇന്ത്യൻ സംസ്കാരത്തിനാകെ വെല്ലുവിളിയുയർത്തിയാണ് അവ വളർന്നത്.

വാസ്തവത്തിൽ, ഈ വെല്ലുവിളിക്ക് സ്വാഭാവികമായുണ്ടായ മറുപടിയായിട്ടാണ് ഇന്ത്യൻ മതസ്ഥരിൽ ഒരു വിഭാഗം, ഏതാണ്ട് ഒരു നൂറ്റാണ്ടിനു മുമ്പ് മതാടിസ്ഥാനത്തിൽ സംഘടിച്ചുതുടങ്ങിയത്. അതായത്, ഇന്ത്യയിലൂടെമേലുണ്ടായ മതസാമ്രാജ്യങ്ങളുടെ (മുഗളന്മാരുടെയും ബ്രിട്ടന്റെയും) ദീർഘകാല ഭരണത്തോടെ സാമുദായികമായും രാഷ്ട്രീയമായും തങ്ങൾ ദുർബലരായിത്തീർന്നു എന്നും, ക്രൈസ്തവരെയും മുസ്ലീങ്ങളെയുംപോലെ മതാടിസ്ഥാനത്തിൽ സംഘടിച്ചുകൊണ്ടുമാത്രമേ സ്വന്തം രാജ്യമായ ഇന്ത്യയിൽ ഹിന്ദുക്കളായ തങ്ങൾക്ക് നിലനിൽക്കാനാകൂ എന്നുമുള്ള തിരിച്ചറിവിലാണ്, 'ഹിന്ദുത്വം' എന്ന ആശയത്തിൽ കേന്ദ്രീകരിച്ചുള്ള സാമൂഹികസംഘാടനം അവർ ആരംഭിച്ചത്. 1914-ൽ 'ഹിന്ദുമഹാസഭ' എന്നപേരിൽ ജന്മംകൊണ്ട പ്രസ്ഥാനമാണ്, 1920-ൽ ഹിന്ദുത്വരാഷ്ട്രീയമെന്ന ലക്ഷ്യത്തോടെ വളരാനാരംഭിച്ചത്. 1924-ൽ 'രാഷ്ട്രീയ സ്വയംസേവക് സംഘ്' (ആർ എസ്സ് എസ്സ്) എന്ന ഹൈന്ദവസാംസ്കാരിക പ്രസ്ഥാനം രൂപീകരിക്കപ്പെട്ടു. അതിന്റെ സൈദ്ധാന്തിക അടിത്തറയിലാണ് പിന്നീട് ജനസംഘ് (ഇന്നത്തെ ബി ജെ പി) എന്ന രാഷ്ട്രീയപാർട്ടി രൂപംകൊണ്ടത്.

കടിക്കാത്ത പട്ടിയുടെ വായിൽ കോലിട്ടു കിള്ളി കടിവാങ്ങിയിട്ട് കടിച്ച പട്ടിക്കെതിരെ കല്ലെറിയുന്നതുപോലെയാണ്, മതപരമായും സാമുദായികമായും ചൂഷണംചെയ്തും ആധിപത്യംചെലുത്തിയും വെട്ടിപ്പിടിച്ചും ശാന്തരും സൗമ്യരുമായിരുന്ന ഒരു ജനതയെ പ്രകോപിപ്പിച്ചുണർത്തി മതപരമായി സംഘടിക്കാൻ നിർബന്ധിതരാക്കിയിട്ട്, അവർ രാജ്യം ഭരിക്കാൻമാത്രം വളർന്നപ്പോൾ 'മതേതരത്വം തകരുന്നേ', 'ന്യൂനപക്ഷാവകാശം നിഷേധിക്കുന്നേ', 'ദളിത്പീഡനം നടക്കുന്നേ', 'മനുഷ്യാവകാശധ്വംസനം നടത്തുന്നേ', 'ഭരണഘടന തകർക്കുന്നേ' എന്നെല്ലാം, ഡൽഹി ആർച്ചുബിഷപ്പിനെയും സി ബി സി ഐ അദ്ധ്യക്ഷനെയുംപോലുള്ള സ്വയംപ്രഖ്യാപിത ക്രൈസ്തവ'നേതാക്കൾ' ആക്രോശിക്കുന്നത് എന്നു കാണേണ്ടിയിരിക്കുന്നു.

"സഹോദരനെ നിന്ദിക്കുന്നവൻ സംഘത്തിന്റെ മുമ്പിൽ ഉത്തരം ബോധിപ്പിക്കേണ്ടിവരും" (മത്താ: 5.22) എന്ന യേശുവിന്റെ വാക്കുകളുടെ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ, ഇന്ത്യയിലെ ന്യൂനപക്ഷമതമേധാവികളും, ഒരളവോളം ആ മതത്തിൽപ്പെട്ടവരും തങ്ങളുടെ സഹോദരന്മാരായി കാണേണ്ടിയിരുന്ന ഇന്ത്യൻ മതസ്ഥരെ ദീർഘകാലം നിന്ദിച്ചതിന്റെ ഫലമാണ്, ഫാസിസത്തിന്റെ രൂപമാർജിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ഹിന്ദുത്വരാഷ്ട്രീയ സമീപനങ്ങൾ എന്നു കാണാനാവും. നൂറ്റാണ്ടുകളായി ഇന്ത്യൻ മതസ്ഥരെ നിന്ദിച്ചൊതുക്കിയതിന് ഉത്തരം ബോധിപ്പിക്കുംവരെ ഈ സമീപനം അവർ തുടരുക തന്നെ ചെയ്യുമെന്നു കരുതേണ്ടിയിരിക്കുന്നു.

അതുകൊണ്ട്, "ആരെങ്കിലും നിന്നിൽ കുറ്റം ആരോപിച്ചാൽ, നീതിപീഠത്തിലേക്ക് അയാളുമൊത്തു പോകുംവഴി നീ അയാളുമായി വേഗത്തിൽ ഒത്തുതീർപ്പിലെത്തുക" (മത്താ: 5-25,26) എന്നുള്ള യേശുവിന്റെ അനുരഞ്ജനമാർഗ്ഗം സാമൂഹിക തലത്തിലും സ്വീകരിക്കുകയെന്നതുമാത്രമാണ് ഇന്ത്യയിലെ ക്രൈസ്തവസമൂഹത്തെസംബന്ധിച്ചു കരണീയമായിട്ടുള്ളത് എന്ന സത്യം നാം കാണേണ്ടതുണ്ട്. അതിനു പക്ഷേ, യേശുവചസുകൾ, പ്രത്യേകിച്ച് മത്തായിയുടെ 5, 6, 7 അദ്ധ്യായങ്ങൾ, ഹൃദയത്തിലേറ്റി മനനംചെയ്ത് ആദ്ധ്യാത്മികതയെന്നാൽ എന്താണെന്ന് ക്രൈസ്തവർ മനസ്സിലാക്കേണ്ടതുണ്ട്. സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, കരുണ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മനിയന്ത്രണം എന്നീ ആത്മാവിന്റെ ഫലങ്ങൾ (ഗലാ. 5: 22-23) അവർ ഇനിയും ആർജ്ജിച്ചെടുക്കേണ്ടതുണ്ട്. അതു സംഭവിച്ചാൽ അവനവനെയെന്നതുപോലെ അപരനെയും, സ്വസമുദായത്തെയെന്നപോലെ ഇതരസമുദാ യങ്ങളെയും, സ്വന്തം മതത്തെയെന്നപോലെ മറ്റു മതങ്ങളെയും കരുതാനും കാണാനുമുള്ള തെളിഞ്ഞ കാഴ്ച നമുക്കു ലഭിക്കും. മറ്റു മതസ്ഥരെ അവമതിച്ചതും താഴ്ത്തിക്കണ്ടതും അവരുടെ നന്മയെ ചൂഷണംചെയ്തതും തെറ്റായിരുന്നുവെന്നു നാം മനസ്സിലാക്കും. ഇവിടുത്തെ ഭൂരിപക്ഷ മതസമൂഹത്തിനില്ലാത്ത പ്രത്യേക അവകാശങ്ങൾ പൊതുസമൂഹത്തിന്റെ ചെലവിൽ നേടിയെടുത്തതിലെ അധാർമ്മികതയും, അതിനായി ഇന്ത്യൻക്രൈസ്തവരെന്ന നിലയിൽ ദളിത് ക്രൈസ്തവർക്ക് ലഭ്യമാകുമായിരുന്ന സംവരണാവകാശങ്ങൾ തട്ടിത്തെറിപ്പിച്ചതിലെ വഞ്ചനയും ദളിത് പീഡനവും, അങ്ങനെ നേടിയെടുത്ത ന്യൂനപക്ഷാവകാശം കേവലം പുരോഹിതാവകാശമാക്കി മാറ്റിയതിലെ നെറികേടും എത്രയോ അക്രൈസ്തവമായിരുന്നെന്ന് അപ്പോൾ നാം കണ്ടെത്തും. സ്വന്തം അവകാശങ്ങൾക്കുവേണ്ടി ▸▸

KCRM പ്രതിമാസപരിപാടി- പാലാ

## KCRM നയരേഖയുടെ വെളിച്ചത്തിൽ തുറന്ന ചിന്ത-
# നവീകരണം എവിടെ തുടങ്ങണം?

**കേരളസഭയിൽ നവീകരണം ആഗ്രഹിക്കുന്ന എല്ലാവർക്കുംവേണ്ടി ഒരു മുഴുവൻദിവസ പൊതുചർച്ചാസമ്മേളനം!**

**2018 ജൂലൈ 28-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 5.30 വരെ**

**പാലാ - ടോംസ് ചേമ്പർ ഹാളിൽ**

തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതിയംഗങ്ങളും അനുഭാവികളും ഉൾപ്പെട്ട പൊതുസദസ്സിൽ, KCRM നയരേഖയുടെ വെളിച്ചത്തിൽ, ഒരു ദിവസംമുഴുവൻ ഒന്നിച്ചിരുന്നു ചിന്തിക്കുന്നു - നവീകരണം എവിടെ തുടങ്ങണം?

1. **നയരേഖ അവതരണം** : **ശ്രീ. ജോർജ് മൂലേച്ചാലിൽ** (സത്യജ്വാല എഡിറ്റർ)
   **ശ്രീ. വി.വി. മാത്യു** (വിശ്വവിദ്യാമഠം - തൊടുപുഴ)

**മുമ്പോട്ടുള്ള വഴിയിൽ**

2. **നവീകരണവഴിയിലെ തടസ്സക്കല്ലുകൾ** - **ശ്രീ. കെ.കെ. ജോസ് കണ്ടത്തിൽ**
3. **നവീകരണത്തിന്റെ വഴിയിലെ രജതരേഖകൾ** - **ശ്രീ. ജോസഫ് വർഗീസ് ഇപ്പൻ**

**ഉച്ചയ്ക്കുശേഷം**

4. **സംഘടനാതലത്തിൽ ഉടനെ എന്തു ചെയ്യണം?** - **ശ്രീ. ജോസാന്റണി** - ട്രഷറർ
5. **രൂപതാതലത്തിൽ നാം എന്തു ചെയ്യണം?** - **ശ്രീ. ഷാജു തറപ്പേൽ** - സെക്രട്ടറി
6. **സീറോ-മലബാർ സഭയിലെ സമാനപ്രവർത്തനങ്ങളുമായി എങ്ങനെ നമുക്കു പങ്കുചേരാം?** - **ശ്രീ. മാത്യു തറക്കുന്നേൽ**
7. **വനിതകളെ എങ്ങനെ നവീകരണവഴിയിൽ വരുത്താം?**
8. **നിയമപോരാട്ടത്തിന്റെ വഴികൾ എന്തെല്ലാം?**
9. **ചർച്ചകളുടെ രത്നച്ചുരുക്കം:** - **പ്രൊഫ. പി.സി. ദേവസ്യാ** - പ്രസിഡന്റ്

നമ്മുടെ സഭ നാനാവിധമായ പ്രതിസന്ധികളുടെ നടുവിൽ ഉലഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ KCRM ഭാരവാഹികൾക്കും പ്രവർത്തകർക്കും അനുഭാവികൾക്കുമൊപ്പം, ചിന്തിക്കുന്ന എല്ലാ സഭാസ്നേഹികളെയും ഹാർദ്ദമായി ക്ഷണിക്കുന്നു.

**പ്രൊഫ. പി.സി. ദേവസ്യ** (പ്രസിഡന്റ്)
ഫോൺ: 9961255175

**ഷാജു ജോസ് തറപ്പേൽ** (സെക്രട്ടറി)
ഫോൺ: 9496540448

---

നിലകൊള്ളേണ്ടവരല്ല; മറിച്ച്, സമാധാനം സ്ഥാപിക്കുന്നതിനും നീതിക്കുവേണ്ടി പീഡയനുഭവിക്കുന്നതിനുമായി കരുണയോടും ഹൃദയശുദ്ധിയോടും ധീരതയോടുംകൂടി സമൂഹത്തിൽ നിലകൊള്ളേണ്ടവരാണ് ക്രൈസ്തവർ എന്നും നാം അറിയും.

ഇത്തരം ഓരോ മനസ്സിലാക്കലുകളും ഓരോ തിരുത്തലുകളായും, അവയോരോന്നും നൂറ്റാണ്ടുകളുടെ മുറിപ്പാടുകളിൽ തലോടി കോപവും താപവും പകയുമായിക്കഴിയുന്ന ഇന്ത്യൻമതസ്ഥരുമായുള്ള അനുരഞ്ജനത്തിന്റെ ഓരോ പാലങ്ങളായും തീർന്നുകൊണ്ടിരിക്കും. ഈ പാരസ്പര്യം വളരുന്നതിനനുസരിച്ച് ഭാരതം വീണ്ടും സനാതനധർമ്മത്തിന്റെ കർമ്മഭൂമിയായി, സർവ്വമതങ്ങളെയും മതസ്ഥരെയും സ്വീകരിച്ചാനയിക്കുന്ന പുണ്യഭൂമിയായി, മാറും.

ഇതു സംഭവിക്കണമെങ്കിൽ, സഭാമേലദ്ധ്യക്ഷന്മാരുടെ സമുദായരാഷ്ട്രീയത്തിന്റെയും പ്രാർത്ഥനാരാഷ്ട്രീയത്തിന്റെയും പ്രകോപനവഴികളിൽ പതിയിരിക്കുന്ന അപകടം ക്രൈസ്തവസമൂഹം തിരിച്ചറിയേണ്ടതുണ്ട്. ഒപ്പം, അഹന്തയും ദുരഭിമാനവും മാറ്റിവച്ച്, അനുരഞ്ജനമെന്ന യേശുവിന്റെ സുരക്ഷിതവഴിയിലേക്കു തിരിയേണ്ടതുമുണ്ട്.

-എഡിറ്റർ



# എറണാകുളം-അങ്കമാലി അതിരൂപത: അതിജീവനത്തിന്റെ അടയാളം

**ഷൈജു ആന്റണി** (കൺവീനർ, എ.എം.റ്റി)

**കേ**രളസഭാചരിത്രം പഠിക്കുന്നവർ തുറന്നുസമ്മതിക്കുന്ന കാര്യമാണ്, സഭയിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രാമുഖ്യം. അതിരൂപത ഒരു സംസ്കാരമാണ്. തെക്കുനിന്നും വടക്കുനിന്നും കിഴക്കുനിന്നും പടിഞ്ഞാറുനിന്നും കടന്നുവന്ന എല്ലാ തത്ത്വസംഹിതകളെയും ജനസമൂഹങ്ങളെയും ജീവിതരീതികളെയും വിശാലമനസ്ഥിതിയോടെ സ്വാഗതംചെയ്ത ചരിത്രമാണ് ഈ അതിരൂപതയ്ക്കുള്ളത്. ചരിത്രഗതിയിൽ അധിനിവേശത്തിന്റെയും ആധിപത്യത്തിന്റെയും കോളനിവൽക്കരണത്തിന്റെയും അനന്തരഫലങ്ങൾ, നന്മയായാലും തിന്മയായാലും, ഇത്രത്തോളം ഏറ്റുവാങ്ങിയ മറ്റൊരു രൂപത കേരളസഭയിലുണ്ടെന്നു തോന്നുന്നില്ല.


ക്രിസ്തുവിനുമുമ്പുതന്നെ യഹൂദരുടെ വാണിജ്യതാവളമായിരുന്ന കൊച്ചിയിലേക്ക് സുവിശേഷദൗത്യവുമായി കടന്നുവന്നുവെന്നു വിശ്വസിക്കപ്പെടുന്ന തോമാശ്ലീഹായുടെ ആഗമനംമുതൽ ഇന്നോളം ചരിത്രകുതുകികൾ അടയാളപ്പെടുത്തുന്ന എത്രയോ സംഭവങ്ങൾക്ക് അതിരൂപതാകേന്ദ്രമായ എറണാകുളവും സമീപപ്രദേശങ്ങളും സാക്ഷ്യംവഹിച്ചു! കോട്ടക്കാവും കോക്കമംഗലവും മലയാറ്റൂരും കൂനൻകുരിശുസത്യം നടന്ന മട്ടാഞ്ചേരിയും സൂനഹദോസു നടന്ന ഉദയംപേരൂരും, പള്ളിപ്പുറം, വൈപ്പിക്കോട്ട, മംഗലപ്പുഴ സെമിനാരികളും അങ്കമാലി കല്ലറകളുമൊക്കെ മാറിമറിഞ്ഞുവന്ന ചരിത്രത്തിന്റെ നേർസാക്ഷ്യങ്ങളായി നിലകൊള്ളുന്നു.

ലോകത്തിലെ എല്ലാ പ്രമുഖഭാഷകളും സംസാരിക്കുന്ന ജനസമൂഹങ്ങളും, ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളുടെ സാംസ്കാരികപ്പൊലിമയും, എല്ലാ പ്രബലമതവിഭാഗങ്ങളുടെയും സംഗമവേദിയും, ക്രൈസ്തവസഭയുടെതന്നെ പുരാതനവും അത്യാധുനികവുമായ എല്ലാ വിഭാഗങ്ങളും നിവസിക്കുന്നതും ജാതി-വർഗ്ഗ-വർണ്ണഭേദമില്ലാതെ എല്ലാ ജനസമൂഹങ്ങളെയും ഒരൊറ്റ സാംസ്കാരിക മൊസൈക്കിൽ ചേർത്തിണക്കുന്നതുമായ ഭൂമികയും എറണാകുളത്തല്ലാതെ കേരളത്തിൽ മറ്റെവിടെ കാണും? മെച്ചപ്പെട്ട ജോലിക്കും വ്യവസായത്തിനും ഉപജീവനമാർഗ്ഗത്തിനുമായി, കേരളത്തിന്റെയും ഭാരതത്തിന്റെയും വിവിധഭാഗങ്ങളിൽനിന്നും രൂപതകളിൽനിന്നും നഗരജീവിതത്തിലേക്കു കുടിയേറിയ ആയിരക്കണക്കിനു സുറിയാനി ക്രിസ്ത്യാനികൾക്ക് നിറഞ്ഞ മനസ്സോടെ ആതിഥ്യമരുളിയ പാരമ്പര്യമാണ് എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുള്ളത്.

കാലാകാലങ്ങളിൽ അതിരൂപതയെ നയിച്ചിരുന്ന ക്രാന്തദർശികളും ഭരണനിപുണരും വിശാലഹൃദയരുമായിരുന്ന അഭിവന്ദ്യ പിതാക്കന്മാരുടെ ദീർഘവീക്ഷണത്തിൽ, അതിരൂപത സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും ബൗദ്ധികവുമായ മേഖലകളിൽ അഗ്രഗണ്യമായ സ്ഥാനം നിലനിർത്തിയിരുന്നു. സുശക്തമായ അതിരൂപതാഭരണസംവിധാനവും, കെട്ടുറപ്പുള്ള ഇടവകഭരണരീതിയും, അനുകരണാർഹമായ സംഘടനാസംവിധാനങ്ങളും, ജനപ്രാതിനിധ്യസ്വഭാവത്തിലുള്ള പ്രവർത്തനശൈലിയും എറണാകുളം അതിരൂപതയിൽനിന്നു മറ്റു രൂപതകൾ മാതൃകയാക്കുകയായിരുന്നു.

എല്ലാ മതങ്ങളെയും ആദരവോടെ സമീപിച്ച്, അവയിലെ നന്മകളെ സ്വാംശീക രിക്കുന്ന മതാന്തരസംവാദവേദികളും, വിവിധ ക്രൈസ്തവസമൂഹങ്ങളുടെ കൂട്ടായ്മയെ പരിപോഷിപ്പിക്കുന്ന സഭൈക്യസംരംഭങ്ങളും, കത്തോലിക്കാസഭയിലെ മൂന്നു വ്യത്യസ്ത റീത്തുകളുടെ പാരമ്പര്യങ്ങളിലധിഷ്ഠിതമായ സഹജീവനശൈലി കളും, ജാതി-മത-വർഗ-വർണചിന്തകൾക്കതീതമായി മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ഏറ്റെടുത്ത ബൃഹത്തായ സാമൂഹിക സേവനസംരംഭങ്ങളും അതിരൂപതയെ വ്യത്യസ്തമാക്കുന്നു. 'പൗരസ്ത്യ സഭകൾ ആഗോള കത്തോലിക്കാസഭയ്ക്ക് വെറും അലങ്കാരംമാത്രമല്ല, സ്വതന്ത്ര വ്യക്തിത്വമുള്ള സഹോദരസഭകളാണ്' എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിൽ ധീരമായി പ്രഖ്യാപിക്കുകയും, 'മനുഷ്യൻ ആരാധനക്രമത്തിനുവേണ്ടിയല്ല, ആരാധനക്രമം മനുഷ്യനുവേണ്ടിയായിരിക്കണം' എന്ന് ലോകരോട് വിളിച്ചുപറയുകയുംചെയ്ത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ ദർശനമാണ് അതിരൂപതയെ എന്നും നയിച്ചിരുന്നത്.

സീറോ-മലബാർസഭ കാലഹരണപ്പെട്ട ഏതെങ്കിലും ആരാധനക്രമത്തിന്റെ മാമൂലുകളിൽ തങ്ങിനിന്ന് ഒരു പുരാവസ്തുശേഖരമായിത്തീരാതെ, ഊർജസ്വലവും ചലനാത്മകവുമായി അതിനെ പിടിച്ചുനിർത്താൻ നേതൃത്വം കൊടുത്തത് എറണാകുളം-അങ്കമാലി അതിരൂപതയായിരുന്നു. സഭയിലെയും സമൂഹത്തിലെയും തിന്മകളെ ചോദ്യംചെയ്യാനും, നീതിക്കും സത്യത്തിനും വേണ്ടി ധീരമായ നിലപാടുകളെടുക്കാനും അതിരൂപത തന്റെ മക്കളെ പഠിപ്പിച്ചിരുന്നു. മനുഷ്യമഹത്വവും ദൈവരാജ്യമൂല്യങ്ങളും അടിസ്ഥാനമാക്കി നന്മയ്ക്കുവേണ്ടി പോരാടാനും, അതിനെതിരെ നിലകൊള്ളുന്നവരെ എത്ര ഉന്നതരായാലും ചോദ്യംചെയ്യാനുമുള്ള സ്വാതന്ത്ര്യത്തിലാണ് അവർ വളർന്നുവന്നത്. അതുകൊണ്ടുതന്നെയാണ്, എത്രവലിയ പ്രതിസന്ധികൾ കൊടുങ്കാറ്റായി ആഞ്ഞടിച്ചാലും തകരാത്ത ആത്മവിശ്വാസവും സ്വത്വബോധവും ധാർമ്മികതയുമായി അതിരൂപത നിലകൊള്ളുന്നത്. ഈ ബഹുസ്വര സംസ്കൃതിയെ ഉൾക്കൊള്ളാനും, അതിന്റെ നന്മകളെ അംഗീകരിക്കാനും സ്വാംശീകരിക്കാനും അതിരൂപതയ്ക്കു പുറത്തുനിന്നുവന്ന മെത്രാപ്പോലീത്താമാർപോലും ഇതേവരെ





സന്നദ്ധരാ യിരുന്നു. ജനനത്താൽ ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളായിരുന്ന മാർ അലോഷ്യസ് പഴേപറമ്പിലും മാർ ആൻറണി പടിയറയും ദിവ്യരക്ഷകസഭാംഗമായിരുന്ന മാർ വർക്കി വിതയത്തിലും എറണാകുളത്തിന്റെ ഈ സാംസ്കാരിക സമൃദ്ധിയുടെ നന്മ അംഗീകരിച്ചവരായിരുന്നു.

എന്നാൽ ഏതാനും വർഷമായി, സീറോ-മലബാർ സഭാ ആസ്ഥാനം കേന്ദ്രീകരിച്ചും സഭാ സംരക്ഷകർ എന്ന് അവകാശപ്പെടുന്ന ചില മേലദ്ധ്യക്ഷന്മാരുടെ ഒത്താശയോടെയും നടന്നുവരുന്ന അതിതീവ്ര കൽദായവൽക്കരണത്തിന്റെയും പാരമ്പര്യ പുനരുദ്ധാരണത്തിന്റെയും പിടിയിൽ സീറോ-മലബാർ സിനഡും രൂപതകളും ഞെരിഞ്ഞമരുന്ന കാഴ്ചയാണ് നാം കാണുന്നത്. മനിക്കേയൻ കുരിശും, അൾത്താര വിരിക്കുള്ളിലെ നിഗൂഢതയും കിഴക്കുനോട്ടവും, അനുഷ്ഠാനവിധികളിലെ കാർക്കശ്യവും, വേഷഭൂഷാദികളിലെ ചിട്ടകളും സഭയെ മധ്യശതകങ്ങളിലേക്ക് പിന്നോട്ടുവലിച്ചുകഴിഞ്ഞു. ചരിത്രഗതിയിൽ വിശ്വാസത്തിനും ആത്മീയതയ്ക്കും യാതൊരു വെല്ലുവിളിയും നേരിടേണ്ടിവന്നിട്ടില്ലാത്ത, സുരക്ഷിതമായ ഗ്രാമീണ കാർഷികസംസ്കൃതിയിൽ പുലരുന്ന രൂപതകളിൽ ആരും ചോദ്യംചെയ്യാത്ത 'ദൈവികരഹസ്യങ്ങ'ളായി അവ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ചിന്താശേഷി ആർക്കും അടിയറവയ്ക്കാത്ത, ദൈവരാജ്യമൂല്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഇവയെ അപ്രസക്തമായി കരുതുന്ന, എറണാകുളം-അങ്കമാലി അതിരൂപതയെ സംബന്ധിച്ചിടത്തോളം, ഉൾക്കൊള്ളാവുന്നതിലും അപ്പുറത്താണ് ഈ തിരിച്ചുപോക്ക്. 'എതിർപ്പുള്ളവരെ ഒതുക്കിത്തീർക്കുക' എന്ന തന്ത്രവുമായി കുറെ അഭിനവ കൽദായക്കുഞ്ഞുങ്ങളെ മുന്നിൽനിർത്തി എറണാകുളം-അങ്കമാലി അതിരൂപതയെ തകർക്കാനുള്ള ബ്ലാക്ക് മെയിലിങ്ങാണ് ഇന്നു നടക്കുന്നത്. അതിരൂപതയുടെ മെത്രാപ്പോലീത്താ ആയിരിക്കെത്തന്നെ ഈ നീക്കങ്ങൾക്ക് മാർ ആലഞ്ചേരിയുടെ മൗനമായ ആശീർവ്വാദമുണ്ടായിരുന്നുവെന്നാണ് നമ്മൾ മനസ്സിലാക്കുന്നത്. കുരിശടയാളത്തിൽ പരിശുദ്ധകുർബ്ബാന തുടങ്ങാനുള്ള, അഞ്ചുലക്ഷം വരുന്ന അതിരൂപതാംഗങ്ങളുടെ ഏറ്റവും ചെറിയ ആവശ്യം അംഗീകരിക്കുന്നതിന് ഭരണമേറ്റ് നാലുവർഷം അദ്ദേഹത്തിന് ആലോചിക്കേണ്ടിവന്നു.

കർദ്ദിനാൾ പാറേക്കാട്ടിലിനോടും മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയോടു മൊപ്പം സഭയിൽ ശുദ്ധവായു കടന്നുവരണമെന്നാഗ്രഹിച്ച മഹാരഥന്മാരായ മാർ ജോസഫ് കുണ്ടുകുളം, മാർ കുര്യാക്കോസ് കുന്നശ്ശേരി, മാർ ജേക്കബ് തൂങ്കുഴി എന്നി വരുടെ ഓർമ്മകൾപോലും അവശേഷിപ്പിക്കാതെ തൃശ്ശൂർ, കോട്ടയം, മാനന്തവാടി, ഇരിങ്ങാലക്കുട, താമരശ്ശേരി എന്നീ രൂപതകളും കൽദായവൽക്കര ണത്തിന്റെ സമ്മർദ്ദത്തിലമർന്നുകഴിഞ്ഞു. കേരളത്തിനുപുറത്ത് രൂപീകൃതമാകുന്ന പുതിയ രൂപതകൾ കൽദായ മേൽക്കോയ്മ അംഗീകരിക്കുന്നവർക്കു മാത്രമായി സംവരണം ചെയ്തുവച്ചിരിക്കുന്നു! എറണാകുളം-അങ്കമാലി അതിരൂപതയുടെ സന്താനങ്ങളായി അതിന്റെ നന്മകൾ അനുഭവിച്ചു വളർന്ന ചില മെത്രാന്മാരും വൈദികരും തെറ്റിദ്ധരി ക്കപ്പെട്ട ചില അൽമായനേതാക്കളും ക്രിസ്തുവിനോടുള്ള സമർപ്പണത്തെക്കാൾ, സഭാവിധേയത്വത്തിന്റെ സുരക്ഷിതത്വത്തിലൊളിക്കുന്നതും കാണാമായിരുന്നു.

ഭൂമികച്ചവടം ഒരു പ്രതീകം മാത്രമായിരുന്നു. സീറോ-മലബാർ സഭയിലെ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രാമുഖ്യം തകർത്തെറിയുക എന്ന നിഗൂഢ അജണ്ടയുടെ ബാഹ്യലക്ഷണംമാത്രമാണത്. അതുകൊണ്ടുണ്ടായ ഒരു നേട്ടം, അകത്തും പുറത്തുമുള്ള കതിരും പതിരും അതിരൂപതയ്ക്ക് തിരിച്ചറിയാനായി എന്നുള്ളതാണ്. അതിരൂപതയ്ക്കു പുറത്തുള്ള ഏതാനും മെത്രാന്മാരും വൈദികരും, എട്ടുംപൊട്ടും തിരിയാത്ത കുറെ കൽദായക്കുഞ്ഞുങ്ങളും, അതിരൂപതയ്ക്കകത്തുനിന്ന് പടനയിച്ച മെത്രാപ്പോലീത്തായും, വ്യക്തിതാത്പര്യങ്ങൾക്കുവേണ്ടി അദ്ദേഹത്തെ സംരക്ഷിക്കാൻ തയ്യാറായ ഏതാനും വൈദികരും എറണാകുളത്തെ മനസ്സിലാക്കാതെപോയ കുറെ കുടിയേറ്റക്രൈസ്തവരുംകൂടി അതിരൂപതയെ വളഞ്ഞിട്ടാക്രമിക്കുകയായിരുന്നു.

പ്രതിസന്ധികൾക്കിടെ അതിരൂപതയെ നയിക്കാൻ നിയുക്തരായ സഹായമെത്രാന്മാർക്കും, അവർക്കുപിന്നിൽ ഒറ്റക്കെട്ടായി നിൽക്കുന്ന വൈദികസമൂഹത്തിനും, അതിരൂപതയെ നെഞ്ചോടു ചേർത്തുപിടിച്ച അൽമായ സഹോദരങ്ങൾക്കുമെതിരെ ശക്തമായ ആരോപണക്കൊടുങ്കാറ്റും അച്ചടക്കനടപടികളുടെ ഉരുൾപൊട്ടലും ആക്രമണപേമാരിയും സാമ്പത്തിക കെടുതികളുമുണ്ടായിട്ടും കുലുക്കമില്ലാതെ അതിരൂപത മുന്നോട്ടുപോകുന്നുണ്ടെങ്കിൽ അത്, തലമുറകളായി ചങ്കിൽ കൊളുത്തിവച്ചിരിക്കുന്ന അണയാത്ത നീതിബോധവും സ്വാതന്ത്ര്യതൃഷ്ണയും സത്യത്തോടുള്ള പ്രതിബദ്ധതയും മനുഷ്യനന്മയിലുള്ള ശുഭാപ്തിവിശ്വാസവും തകർക്കാനാവാത്ത ആത്മബോധവും കൊണ്ടാണ്. അതിൽ വെള്ളംചേർക്കാൻ അതിരൂപതയ്ക്കാവില്ല. അത് ആത്മഹത്യാപരമാണ്.

എറണാകുളം-അങ്കമാലി അതിരൂപതയാകുന്ന അമ്മ ജന്മംകൊടുത്ത മക്കളും, അതിരൂപതയാകുന്ന ഉരുക്കുമൂശയുടെ (melting pot) സുരക്ഷിതത്വത്തിലേക്ക് പറിച്ചുനടപ്പെട്ട് കർമ്മംകൊണ്ട് അതിരൂപതയുടെ ഭാഗമായിത്തീർന്നവരും, ഈ പ്രതിസന്ധിയെ സധൈര്യം അതിജീവിച്ച് ആരോഗ്യമുള്ള ഭാവിയിലേക്ക് ഉറ്റുനോക്കുന്നവരും, യേശുവിന്റെ ചൈതന്യവത്തായ ദൈവരാജ്യമൂല്യങ്ങളിൽ അടിയുറച്ച സഭയ്ക്ക് നേതൃത്വം കൊടുക്കാൻ ഇവിടെത്ത ന്നെയുണ്ടാകും. കാലം അതിന് സാക്ഷിയാകും.

ഫോൺ: 9388998006

# മാർ ജേക്കബ് മനത്തോടത്തിനെ അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചുള്ള കത്ത്

*[റോമിലെ പൗരസ്ത്യതിരുസംഘം തലവൻ കർദ്ദിനാൾ ലെയനാർഡോ സാന്ദ്രി അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് മെത്രാനെ എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പോസ്തലിക്ക് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചുകൊണ്ട് നല്കിയ കത്തിന്റെ പരിഭാഷ]*

അഭിവന്ദ്യ പിതാവേ,

ആദ്യമായി, എറണാകുളം-അങ്കമാലി അതിരൂപതയുടെ 'സെദേ പ്ലേനെ' (രൂപതാധ്യക്ഷൻ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കെയുള്ള) അപ്പോസ്തലിക അഡ്മിനിസ്ട്രേറ്ററുടെ ചുമതല അങ്ങേറ്റെടുത്തതിൽ നന്ദി അറിയിക്കുന്നു. അങ്ങേക്കറിവുള്ളതു പോലെ, ഈ നിർദ്ദേശം മുൻപോട്ടുവച്ചത് മേജർ ആർച്ച്ബിഷപ്പ് തന്നെയാണ്. അദ്ദേഹത്തിന്റെ നിർദ്ദേശത്തെ റോമിൽ വച്ച് സ്ഥിരം സിനഡ് പിന്താങ്ങുകയുമുണ്ടായി.

അപ്പോസ്തലിക സിംഹാസനത്തിന്റെ പ്രാഥമികപരിഗണന സാമ്പത്തികസാഹചര്യങ്ങൾ മാത്രമല്ല; മറിച്ച് സഭയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന അതീവഗൗരവമായ വിഭജനംകൂടിയാണ്.

അങ്ങയുടെ പ്രഥമദൗത്യം സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുക എന്നുള്ളതാണ്. ആവശ്യമായ ഭൂമി വില്പന നടത്തി കടങ്ങൾ വീട്ടുകയെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. അങ്ങയുടെ ചുമതലകൾ ഭംഗിയായി നിർവഹിക്കാൻ സാധിക്കേണ്ടതിന് രൂപതയിലെ എല്ലാ സമിതികളും പദവികളും താത്കാലികമായി മരവിപ്പിക്കുകയാണ് (ഉദാഹരണത്തിന്, രൂപതാ പ്രൊക്യൂറേറ്റർ, സാമ്പത്തിക കാര്യസമിതി, വൈദികസമിതി, ആലോചനാസമിതി, തുടങ്ങിയവ). അങ്ങയുടെ വിവേചനാധികാരം ഉപയോഗിച്ച് ഈ ചുമതലകൾ വഹിക്കുന്നവരെ പുനർനിയമിക്കുകയോ, മാറ്റി മറ്റ് ആളുകളെ നിയമിക്കുകയോ, ഈ അധികാരങ്ങൾ സ്വയമായി ഏറ്റെടുക്കുകയോ ചെയ്യാവുന്നതാണ്.

അതുപോലെ, എറണാകുളം-അങ്കമാലി അതിരൂപതയിലെ സഹായമെത്രാന്മാർക്ക് പൊതുസഭാനിയമം വഴിയോ, സീറോ-മലബാർ സഭയുടെ പ്രത്യേക നിയമം വഴിയോ, ഈ അടുത്ത് അഭിവന്ദ്യ കർദിനാൾ ആലഞ്ചേരി നിയോഗിച്ചത് മുഖേനയോ കിട്ടിയിട്ടുള്ള എല്ലാ അധികാരങ്ങളും റദ്ദാക്കുന്നു.

മാത്രമല്ല, ഒരു സ്വതന്ത്ര സ്ഥാപനത്തെക്കൊണ്ട് എറണാകുളം-അങ്കമാലി രൂപതയുടെ സമീപവർഷങ്ങളിലെ സാമ്പത്തിക ഇടപാടുകൾ ഓഡിറ്റ് ചെയ്യിപ്പിക്കണം എന്നുള്ളതാണ് ഞങ്ങളുടെ നിർദ്ദേശം. അതിന്റെ കണ്ടെത്തലുകൾ രഹസ്യസ്വഭാവത്തോടുകൂടി അപ്പോസ്തലിക സിംഹാസനത്തിനുമാത്രം സമർപ്പിക്കേണ്ടതാണ്.

വൈദികരും സഹായമെത്രാന്മാരും മേജർ ആർച്ച്ബിഷപ്പും തമ്മിൽത്തമ്മിൽ ഗൗരവമേറിയതും ആശങ്കാജനകവുമായ വിഭജനങ്ങൾ നിലനിൽക്കുന്നു. ഈ മുറിവുകൾ സൗഖ്യപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ തേടുന്നതും ക്രമേണ സിനഡിന്റെ ഇടപെടൽ ആവശ്യമായ പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതും അങ്ങയുടെ ഉത്തരവാദിത്വത്തിൽപ്പെടുന്നു.

ഇതര വ്യക്തികൾ കൈയാളിയിരുന്ന ഉത്തരവാദിത്വങ്ങൾ അങ്ങ് ഏറ്റെടുത്തതിനുശേഷം, അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിച്ച് സഭയെ മുറിപ്പെടുത്തുകയും അനുസരണക്കേട് കാട്ടുകയും, സഭാത്മകബോധമില്ലാതെ പ്രവർത്തിക്കുകയും അതുവഴി സീറോ-മലബാർ സഭയെ പൊതുസമൂഹത്തിൽ അപഹാസ്യയാക്കുകയും ചെയ്തവരുടെമേൽ നടപടി സ്വീകരിക്കേണ്ടതാണ്.

ഈ ദൗത്യനിർവഹണ കാലത്തുടനീളം തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമുമ്പ് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരിയിൽനിന്ന് ഉപദേശങ്ങളും ആലോചനയും തീർച്ചയായും സ്വീകരിക്കാവുന്നതാണ്. എന്നാൽ, എറണാകുളം-അങ്കമാലി അതിരൂപതയെ സംബന്ധിക്കുന്ന തീരുമാനങ്ങളിൽ മേജർ ആർച്ചുബിഷപ്പ് ഉൾപ്പെടാൻ പാടുള്ളതല്ല. അങ്ങയെ ഈ ഉത്തരവാദിത്വങ്ങളുടെ നിർവഹണത്തിൽ സഹായിക്കാൻ ഒരു സിനഡൽ കമ്മിറ്റി രൂപീകരിക്കാൻ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശം പാലിക്കാവുന്നതാണ്. എന്നാൽ അത്തരം കമ്മിറ്റികൾക്ക് നിർണ്ണായകമോ കടപ്പെടുത്തുന്നതോ ആയ പങ്കല്ല; മറിച്ച്, ആലോചനാപരമായ പങ്കുമാത്രമാണ് ഉണ്ടായിരിക്കുക.

അങ്ങയുടെ ശുശ്രൂഷയുടെ വിശദാംശങ്ങൾ എല്ലാ മാസവും ഈ തിരുസംഘത്തെ അറിയിക്കേണ്ടതാണ്. ഇന്ത്യയിലെ അപ്പസ്തോലിക് നൂൺഷിയോ എല്ലാക്കാര്യങ്ങളിലും അങ്ങേക്ക് പിന്തുണയും സഹായവും നൽകുന്നതാണ്. ഏതുതരത്തിലുള്ള വിശദാംശങ്ങൾക്കും സഹായങ്ങൾക്കുമായി അങ്ങേക്ക് ഈ തിരുസംഘത്തിന്റെ സഹായം തേടാവുന്നതാണ്.

അങ്ങയുടെ വിലയേറിയ സഹകരണങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ട്,

വിശ്വസ്തതാപൂർവ്വം,

**കർദ്ദിനാൾ ലെയനാർഡോ സാന്ദ്രി** (പ്രീഫെക്ട്)

**ഫാ. ലോറൻസ്സോ ലോറസ്സോ**

(അണ്ടർ സെക്രട്ടറി)

# അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്റർ നിയമനം - ഒരു വിശകലനം

**ജോർജ് മൂലേച്ചാലിൽ**

**എ**റണാകുളം-അങ്കമാലി അതിരൂപതയിൽ മാർ ജേക്കബ് മനത്തോടത്തിനെ അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്ററായി നിയോഗിച്ചത് മാർപാപ്പയുടെ ഏറ്റവും ഉചിതമായ നടപടിയായിട്ടാണ് മാർ ആലഞ്ചേരിയെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും ആദ്യം പ്രസ്താവിച്ചുകണ്ടത്. രണ്ട് എതിർപക്ഷക്കാർക്കും ഒരുപോലെ, തങ്ങൾക്കനുകൂലമാണ് എന്നു തോന്നി എന്നതുകൊണ്ടുതന്നെ, ഈ നിയമനത്തിന്റെ യഥാർത്ഥ ലക്ഷ്യം എന്താണെന്നതിൽ തികഞ്ഞ അവ്യക്തതയാണുള്ളതെന്നു തെളിയുന്നു. അതുകൊണ്ട്, അത് സൂക്ഷ്മമായി വിശകലനം ചെയ്യേണ്ടതുണ്ട്.

ഒന്നാമതായി, ഈ നടപടിയിൽ ഫ്രാൻസീസ് മാർപാപ്പയ്ക്ക് എന്തെങ്കിലും പങ്കുണ്ടോ എന്നതുതന്നെ സംശയാസ്പദമാണ്. ഓരോ കൂരിയായുടെയും അധികാരപരിധിയിൽ മാർപ്പാപ്പ കൈകടത്തുന്ന പതിവില്ലായിരിക്കാം. ഏതായാലും പരിശുദ്ധ സിംഹാസന (Holy See) ത്തിന്റെ കൂരിയാകളിലൊന്നായ പൗരസ്ത്യസംഘം (Oriental congregation) കേരളസഭയുടെമേൽ അതിനുണ്ടെന്ന് അവകാശപ്പെടുന്ന അധികാരത്തിന്റെ ബലത്തിൽമാത്രമാണോ ഇങ്ങനെയൊരു നടപടി എടുത്തതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഒരു ഇന്ത്യൻ സഭയായ സീറോ-മലബാർ സഭയെ കൽദായവത്കരിച്ച് ഒരു പൗരസ്ത്യസഭയായ കൽദായസഭയുടെ പുത്രീസഭയാക്കി, തങ്ങളുടെ അധികാരപരിധിക്കുള്ളിലാക്കിക്കൊടുത്ത ചങ്ങനാശ്ശേരി കേന്ദ്രീകരിച്ചുള്ള കൽദായവാദവിഭാഗത്തോട് പൗരസ്ത്യസഭയ്ക്കുള്ള കടപ്പാട് തീർത്താൽ തീരാത്തതാണ്. അതുകൊണ്ടാണ് സീറോ-മലബാർസഭ ആവശ്യപ്പെടുന്നതെന്തും (ഉദാഹരണത്തിന്, ഇന്ത്യയിലെവിടെയും രൂപതകൾ സ്ഥാപിക്കാനുള്ള അധികാരം) പൗരസ്ത്യസംഘം സാധിച്ചുകൊടുക്കുന്നത് എന്നു കരുതേണ്ടിയിരിക്കുന്നു. വത്തിക്കാനിൽ സീറോ-മലബാർ സഭയ്ക്ക് ശക്തമായ ഒരു ലോബിയുണ്ട് എന്ന നിരീക്ഷണം മുമ്പുതന്നെയുള്ളതാണ്.

പൗരസ്ത്യസംഘത്തിന്റെ കൽദായപക്ഷപാതം, കൽദായവാദപക്ഷക്കാരനായ മാർ ആലഞ്ചേരിക്ക് അനുകൂലനിലപാടായി ഈ നിയമന ഉത്തരവിൽ പ്രതിഫലിച്ചിട്ടുള്ളത് സൂക്ഷ്മദൃക്കുകൾക്കു കാണാവുന്നതാണ്.

1. മാർ ആലഞ്ചേരിയുടെതന്നെ നിർദ്ദേശ പ്രകാരമാണ് അപ്പോസ്തോലിക് അഡ്മിനിസ്ട്രേറ്റർ നിയമനം എന്ന പ്രസ്താവനതന്നെ ഇതിന്റെ ഒന്നാമത്തെ തെളിവാണ്. മറ്റൊരു തെളിവ്, തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമുമ്പ് മാർ ആലഞ്ചേരിയിൽനിന്ന് ഉപദേശങ്ങളും ആലോചനകളും തീർച്ചയായും സ്വീകരിക്കാവുന്നതാണ് എന്ന നിർദ്ദേശമാണ്. സൗമ്യാ വധക്കേസിൽ കുറ്റാരോപിതനും പ്രതിയുമായ ഗോവിന്ദച്ചാമിയുടെ ഉപദേശ-നിർദേശങ്ങൾകൂടി വിധിയെഴുതുന്നതിനുമുമ്പ് സ്വീകരിക്കണമെന്ന് ജഡ്ജിയെ നിയമിച്ചുകൊണ്ടു പറയുന്നതിനോട് ഇതിനെ ഉപമിക്കാം.

2. നിയമനോത്തരവിൽ തുടർന്നെഴുതിയിട്ടുള്ള, 'എറണാകുളം-അങ്കമാലി അതിരൂപതയെ സംബന്ധിക്കുന്ന തീരുമാനങ്ങളിൽ മേജർ ആർച്ചുബിഷപ്പ് ഉൾപ്പെടാൻ പാടുള്ളതല്ല' എന്ന വാക്യം, നടപടി മാർ ആലഞ്ചേരിക്കനുകൂലമല്ല എന്ന തോന്നൽ സൃഷ്ടിക്കാനുദ്ദേശിച്ചുള്ള ഒന്നാണെന്നുവേണം കരുതാൻ. കാരണം, എറണാകുളം-അങ്കമാലി അതിരൂപതയിലെ മാത്രം പ്രശ്നപരിഹാരത്തിനായി നിയോഗിക്കപ്പെട്ട അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററോട്, 'ദൗത്യനിർവ്വഹണകാലത്തുടനീളം..... മാർ ജോർജ്ജ് ആലഞ്ചേരിയോട് ഉപദേശങ്ങളും ആലോചനയും തീർച്ചയായും സ്വീകരിക്കാവുന്നതാണ്' എന്ന മുൻനിർദ്ദേശം അതിനു കടകവിരുദ്ധമാണ്.

3. അതിരൂപതയിലെ എല്ലാ സമിതികളെയും മരവിപ്പിച്ചും, സഹായമെത്രാന്മാരുടെ അധികാരങ്ങൾ റദ്ദുചെയ്തും, സ്വന്തം നിലയിൽ സമിതികൾ രൂപീകരിച്ചോ, രൂപീകരിക്കാതെ വ്യക്തിപരമായിത്തന്നെയോ എല്ലാ അധികാരങ്ങളും കൈയാളാൻ ഒരു സഭാസ്ഥാനിയെ നിയോഗിക്കുകയെന്നാൽ, അത് പൂർണ്ണമായ ദൈവജനനിഷേധവും ഏകാധിപത്യവുമല്ലാതെ മറ്റെന്താണ്? മാർ ആലഞ്ചേരിയിൽ ആരോപിതമായിരിക്കുന്ന അതേ കുറ്റം കൂടുതൽ ആധികാരികതയോടെ ചെയ്തുകാട്ടി, അദ്ദേഹത്തെ നീതീകരിക്കുകയെന്നത് ഈ നടപടിയുടെ ഒരു ലക്ഷ്യമാണ് എന്നുതന്നെ സംശയിക്കണം.

4. കടംവീട്ടുന്നതിനായി എറണാകുളം-അങ്കമാലി അതിരൂപതയുടെ കൂടുതൽ ഭൂമി വിൽക്കാൻ പൗരസ്ത്യസംഘം അപ്പോസ്തോലിക് അഡ്മിനിസ്ട്രേറ്ററോട് കല്പിച്ചിരിക്കുന്നു! ഇന്ത്യയിലെ സഭാവകവസ്തുക്കൾ വിൽക്കണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ കാനോൻ നിയമപ്രകാരം റോമിനധികാരമുണ്ടെന്നു സ്ഥാപിക്കുന്ന ഈ ഉത്തരവ് ഇന്ത്യയുടെ മണ്ണിൽ ഇന്ത്യയ്ക്കുള്ള പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമല്ലാതെ മറ്റെന്താണ്? ചുരുക്കത്തിൽ, മാർ ആലഞ്ചേരി ഹൈക്കോടതിയിൽ കാനോൻനിയമത്തിന്റെ അടിസ്ഥാനത്തിൽ ഉന്നയിച്ച എല്ലാ അവകാശവാദങ്ങളും സാധു(valid) വാണെന്ന് ▸▸

ധിക്കാരപൂർവ്വം കാട്ടിത്തരുകയാണ് റോം, ഈ നടപടിയിലൂടെ.

5. സാമ്പത്തിക ഇടപാടുകൾ ഓഡിറ്റു ചെയ്യിച്ച്, അത് രഹസ്യസ്വഭാവത്തോടെ തങ്ങൾക്കുമാത്രമായി അയയ്ക്കണമെന്ന മാർ മനത്തോടത്തിനോടുള്ള ഉത്തരവിന്റെ അർത്ഥം, അതൊരിക്കലും എറണാകുളം-അങ്കമാലി അതിരൂപതയിലേയോ സീറോ-മലബാർ സഭയിലേയോ വിശ്വാസിസമൂഹം അറിയാൻ പാടില്ലെന്നുതന്നെയാണ്. മുമ്പ്, മാർ ആന്റണി പടിയറ മേജർ ആർച്ചുബിഷപ്പായിരുന്ന കാലയളവിൽ അപ്പോസ്തലിക്ക് ഡെലിഗേറ്റായി നിയമിതനായ മാർ എബ്രാഹം കാട്ടുമന, ഈ സഭയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് വത്തിക്കാനിലെത്തി നൽകിയ റിപ്പോർട്ട് ഇന്നുവരെ വെളിച്ചം കണ്ടിട്ടില്ല. മാത്രമല്ല, അദ്ദേഹം വൈകാതെ വത്തിക്കാനിൽതന്നെ ദുരൂഹസാഹചര്യത്തിൽ മരണപ്പെടുകയും ചെയ്തു. ചങ്ങനാശ്ശേരി അതിരൂപതയും വടവാതൂർ സെമിനാരിയും കേന്ദ്രീകരിച്ച് വളർന്നുകൊണ്ടിരുന്ന കൽദായ തീവ്രവാദലോബിക്ക് അനഭിമതനായിരുന്നു, അദ്ദേഹം.

6. പൗരസ്ത്യ സംഘത്തിന്റെ ഈ നടപടി മാർ ആലഞ്ചേരിക്കനു കൂലവും, അതിരൂപതയിലെ രണ്ടു സഹായമെത്രാന്മാർക്കും സാമ്പത്തികകാ ര്യങ്ങളിൽ സുതാര്യത ആവശ്യപ്പെട്ടു പ്രത്യക്ഷമായി രംഗ ത്തുവന്ന വൈദിക ർക്കും 'അതിരൂപതാ സുതാര്യതാപ്രസ്ഥാന' (AMT)ത്തിലുള്ള വിശ്വാസികൾക്കും പ്രതികൂലമാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. മാർ ആലഞ്ചേരിക്ക്, ഈ നടപടികൾക്കുമുമ്പുണ്ടായിരുന്ന എല്ലാ അധികാരങ്ങളും നിലനിർത്തിയിരിക്കുകയാണ്. എറണാകുളം-അങ്കമാലി അതിരൂപതയിൽ ഭരണാധികാരമില്ലെന്നതൊഴിച്ചാൽ, ആഗോള സീറോ-മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പാണ് ഇപ്പോഴും, അദ്ദേഹം. മാർ എടയന്ത്രത്തിനും കൂടെയുള്ള സഹായമെത്രാനും നൽകിയിരുന്ന മുഴുവൻ അധികാരങ്ങളും അവർക്ക് നഷ്ടമാവുകയും ചെയ്തു.

7. മാർ മനത്തോടത്തിനോട്, '... ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തതിനുശേഷം, അനുസരണക്കേടു കാട്ടുകയും സഭയെ മുറിപ്പെടുത്തുകയും ചെയ്തവരുടെ മേൽ നടപടിസ്വീകരിക്കേണ്ടതാണ്' എന്ന് പൗരസ്ത്യസംഘം കല്പിച്ചിട്ടുമുണ്ട്. സഹായമെത്രാന്മാരെയും, വിമതരെന്ന് ആലഞ്ചേരിപക്ഷം വിശേഷിപ്പിക്കുന്ന അതിരൂപതയിലെ ഭൂരിപക്ഷം വൈദികരെയും സുതാര്യതാ പ്രസ്ഥാന(AMT)ത്തിന്റെ പ്രവർത്തകരെയുമാണ് ഇതു ലക്ഷ്യമിട്ടിരിക്കുന്നതെന്ന കാര്യത്തിലും സംശയമില്ല. ചുരുക്കത്തിൽ, എറണാകുളം-അങ്കമാലി അതിരൂപതയുടെ നാവടപ്പിക്കുകയെന്ന രാഷ്ട്രീയ ലക്ഷ്യമാണ് ഈ നടപടിയിലൂടെ പൗരസ്ത്യസംഘം ഉന്നം വയ്ക്കുന്നതെന്നു കരുതേണ്ടിയിരിക്കുന്നു..

ഇതിനു കാരണമുണ്ട്. ആരാധനക്രമവിവാദത്തിൽ കൽദായവാദത്തിനെതിരെ പടനയിക്കുകയും, മാർ പൗവ്വത്തിലിനെ മേജർ ആർച്ചുബിഷപ്പാക്കാൻ പൗരസ്ത്യസംഘം നടത്തിയ നീക്കത്തെ, 'ലിറ്റർജിക്കൽ ആക്ഷൻ കമ്മിറ്റി'യുടെ നേതൃത്വത്തിൽ എറണാകുളത്തെ വൈദികസമൂഹവും അത്മായനേതാക്കളുംചേർന്ന് അന്ന് കാക്കനാട്ടേക്ക് വൻ പ്രതിഷേധ പ്രകടനം നടത്തി നിലംപരിശാക്കുകയും ചെയ്തപ്പോൾമുതൽ, എറണാകുളം-അങ്കമാലി അതിരൂപത പൗരസ്ത്യസംഘത്തിന്റെ കണ്ണിലെ കരടാണ്. അതുകൊണ്ട്, ആ കരടെടുത്തുമാറ്റുകയെന്ന ലക്ഷ്യത്തിലാകണം, അവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്ന് പൗരസ്ത്യസംഘം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററോട് കല്പിച്ചിരിക്കുന്നത്.


ഈ സാഹചര്യത്തിൽ പൗരസ്ത്യസംഘത്തിന്റെ വെറും ചട്ടുകമാകാതെ വിവേകത്തോടെ നീങ്ങിയാൽ, അത് മാർ മനത്തോടത്തിനും സീറോ-മലബാർസഭയ്ക്കും ഒരുപോലെ നല്ലതായിരിക്കും എന്നേ പറയാനുള്ളു. അല്ലെങ്കിൽ ഇന്നുവരെ കാണാത്ത മഹാവിനാശത്തിലേക്കായിരിക്കും സീറോ-മലബാർസഭ കൂപ്പുകുത്തുക. ഈ ദുരേ്യാഗത്തിന് അവസരമൊരുക്കിയ അഞ്ചാംപത്തിയായി അപ്പോസ്തലിക് അഡ്മിനിസ്ട്രേറ്റർസ്ഥാനിയെ ചരിത്രം മുദ്രകുത്തുകയും ചെയ്യും.

കാരണം, സ്വന്തം രൂപതാസ്വത്തുക്കൾ ഏകപക്ഷീയമായി ഇനിയും വിൽക്കാനുള്ള നീക്കത്തെ, സ്വാഭാവികമായും എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരും വിശ്വാസിസമൂഹവും ചെറുക്കുകതന്നെചെയ്യും. അവർക്കെതിരെ ശിക്ഷണനടപടിക്കുതുനിഞ്ഞാൽ എറണാകുളത്തുമാത്രമല്ല, മറ്റു രൂപതകളിലും വൻപ്രതിഷേധങ്ങളുണ്ടാകും. കലാപങ്ങളും തെരുവുയുദ്ധങ്ങൾവരെയും ഉണ്ടാകാം. സഭയുടെ പിളർപ്പിനും അതു കാരണമായേക്കാം. പൗരസ്ത്യസംഘത്തിനാകട്ടെ, തങ്ങളോടു പൂർണ്ണ വിധേയത്വം പുലർത്തുന്ന ഒരു വിഭാഗത്തെയെങ്കിലും തങ്ങളുടെ കാൽകീഴിൽകിട്ടുമെന്ന നേട്ടമല്ലാതെ ഒരു നഷ്ടവും വരുന്നില്ലതാനും. സോളമൻ രാജാവിന്റെ മുമ്പിൽ കുഞ്ഞിനുമേൽ അവകാശവാദമുന്നയിച്ചു ചെന്ന അമ്മയല്ലാത്ത സ്ത്രീയുടെ അതേ ചിന്തയിലാണ്, പൗരസ്ത്യസംഘവും കേരളത്തിലെ കൽദായപക്ഷ രൂപതാധികാരികളും. കുഞ്ഞിനെയെന്നപോലെ, ഈ സഭയെ വെട്ടിമുറിക്കാനും അവർ മടിക്കില്ല. ഇവിടെ, സോളമൻ രാജാവിന്റെ വിവേകമാണ് സീറോ-മലബാർ സമൂഹം. പ്രകടിപ്പിക്കേണ്ടത്.

ഭൂമികുംഭകോണമുണ്ടാക്കിയ പ്രതിസന്ധിക്കു പരിഹാരമെന്നമട്ടിൽ റോമിൽനിന്ന് പൗരസ്ത്യസംഘത്തിന്റേതായി ഉണ്ടായിരിക്കുന്ന ഈ നടപടി, അത്യധികം ആപത്കരമായ ഒരവസ്ഥയിലേക്ക് നമ്മുടെ സഭയെ നയിക്കാനിടയുണ്ടെന്ന് കാണാതിരിക്കാൻ കഴിയുന്നില്ല. പൗരസ്ത്യസംഘത്തിന്റെ, വാദിയെ പ്രതിയാക്കുന്ന പുതിയ കൽദായരാഷ്ട്രീയക്കെണിയിൽ ഈ സഭ ചെന്നുവീഴാതിരിക്കാൻ നാം അതീവജാഗ്രതയും വിവേകവും പുലർത്തേണ്ട സമയമാണിത് എന്നുമാത്രം പറയട്ടെ! ഉത്തിഷ്ഠത! ജാഗ്രത !

ഫോൺ: 9497088904

# പാറേൽപള്ളിയും ലൂർദ്ദുപള്ളിയും – ലക്ഷ്യം കൽദായവൽക്കരണം



**ജയിംസ് ഐസക്ക്, കുടമാളൂർ**

**ച**ങ്ങനാശ്ശേരി മരിയൻ തീർത്ഥാടനകേന്ദ്രമായ പാറേൽപള്ളിയുടെയും കോട്ടയം ലൂർദ്ദുഫൊറോനാദേവാലയത്തിന്റെയും നിർമ്മാണം പുരോഗമിക്കുന്നു. അനേക കോടികൾ ചെലവഴിച്ചും, ഇടവകകളിൽ വികാരി ജനറാൾമാർതന്നെ നേരിട്ടുപോയും നിർബന്ധപ്പിരിവു നടത്തി ധനസമാഹരണം തുടരുന്നു. ഭൂരിപക്ഷം വിശ്വാസികളും പരസ്യമായും രഹസ്യമായും വിമർശിക്കുന്നുണ്ടെങ്കിലും സഭാധികാരികളുടെ മുമ്പിൽ നല്ലപിള്ള ചമഞ്ഞ് സംഭാവന നൽകുകയും ചെയ്യുന്നു. കാലഘട്ടത്തിനു നിരക്കാത്ത ഈ നിർമ്മാണങ്ങൾക്കു പ്രചോദനമെന്തെന്നു പലരും ചോദിക്കുന്നു. പ്രചോദനം ഒന്നുതന്നെ. പൗരസ്ത്യകൽദായവൽക്കരണം എന്ന വിഭ്രാന്തിക്കു വിധേയമായിരിക്കുകയാണു ചങ്ങനാശ്ശേരി അതിരൂപത. മാർത്തോമ്മാക്കുരിശു പ്രതിഷ്ഠിക്കാൻവേണ്ടി ക്രൂശിതരൂപം എടുത്തുമാറ്റുക, കിഴക്കോട്ടുനോക്കി വിശുദ്ധകുർബാന അർപ്പിക്കാൻ സാധ്യമല്ലാത്ത ദേവാലയങ്ങൾ പൊളിച്ചുപണിയുക, പൗരസ്ത്യപാരമ്പര്യങ്ങൾക്കു യോജിച്ച വിധത്തിൽ കർട്ടൺ, ബേമ്മാ തുടങ്ങിയ സജ്ജീകരണങ്ങൾ ക്രമീകരിക്കുക എന്നീ സഭാ പരിഷ്കാരങ്ങൾ മാർ ജോസഫ് പൗവ്വത്തിൽ അധികാരത്തിൽ വന്നതുമുതൽ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി, കോതമംഗലം, തലശ്ശേരി എന്നീ രൂപതകളിൽ ആരംഭിച്ചു. ഇതിനു നേതൃത്വം നൽകുന്നതു ചങ്ങനാശ്ശേരിതന്നെ. എറണാകുളത്തുള്ള ഇടപ്പള്ളിയിൽ നിർമ്മിച്ച ബ്രഹ്മാണ്ഡദേവാലയത്തെക്കാൾ ഉന്നതമായ ദേവാലയം നിർമ്മിക്കണമെന്ന വാശിയും ഉണ്ട്. വടക്കേ ഇന്ത്യയിൽ ഗോത്രവർഗ്ഗക്കാരായ ക്രൈസ്തവരുടെ ദേവാലയങ്ങൾ ഇന്നും കന്നുകാലിത്തൊഴുത്തിനു സമാനമാണെങ്കിൽ, കേരളത്തിലെ ദേവാലയങ്ങൾ യൂറോപ്പിലെ പഴയകാല ദേവാലയങ്ങൾക്കു തുല്യം. നമ്മുടെ ദേവാലയങ്ങൾ ഇപ്പോൾ ടൂറിസ്റ്റുകളെ ആകർഷിക്കുന്നു. ഇടപ്പള്ളിയിലെ ദേവാലയം ലുലു സൂപ്പർമാർക്കറ്റിനൊപ്പം വിനോദസഞ്ചാരികളുടെ കേന്ദ്രമാണ്. പാറേൽപള്ളിയും കോട്ടയം ലൂർദ്ദുദേവാലയവും ആ നിലയിൽ ഉയരണമെന്നാണ് രൂപതാധികാരികളുടെ ലക്ഷ്യം.

നൂറുവർഷം പഴക്കമുള്ള പാറേൽപള്ളി മാർ മാക്കിൽ പിതാവിന്റെ കാലത്താണ് നിർമ്മിക്കപ്പെട്ടത്. മാർ ആന്റണി പടിയറയുടെ കാലഘട്ടത്തിൽ ആയിരത്തിലേറെ പേർക്ക് വി. കുർബാനയിൽ സംബന്ധിക്കത്തക്കവിധം വിശാലമായ ദേവാലയം ആക്കി. മദ്ബഹായിൽ ക്രൂശിതരൂപവും അമലോത്ഭവ മാതാവിന്റെ രൂപവും സക്രാരിയും. ബേമ്മയും തിരശ്ശീലയും ഇല്ലായിരുന്നു. മാർ പൗവ്വത്തിൽ തുടങ്ങിവച്ച കൽദായവൽക്കരണത്തിന്റെ നടപടിക്രമമനുസരിച്ചു ബേമ്മയും തിരശ്ശീലയും ഉണ്ടായി. ജനം ഏറെ പ്രതിഷേധിച്ചു. അതിന്റെ ഫലമായി ക്രൂശിതരൂപവും മാതാവിന്റെ രൂപവും മാറ്റാൻ ഇന്നുവരെ കഴിഞ്ഞിട്ടില്ല. ഇവ രണ്ടും മാറ്റുകയും കിഴക്കോട്ടു തിരിഞ്ഞു കുർബാന അർപ്പിക്കുകയും ചെയ്യണമെങ്കിൽ വേറെ ദേവാലയം നിർമ്മിച്ചേതീരൂ. പാറേൽപള്ളി സ്വതന്ത്രയിടവകയായെങ്കിലും, തീർത്ഥാടനകേന്ദ്രമെന്ന നിലയിൽ വരുമാനം മുഴുവൻ അടിച്ചുമാറ്റുവാൻ ദേവാലയത്തിന്റെ സംരക്ഷണം ഇന്നും അരമനയ്ക്കാണ്. ഏതാനുംകോടി ചെലവഴിച്ച് അതിഗംഭീരമായ ദേവാലയം പൂർത്തിയാക്കുവാൻ തീവ്രശ്രമം നടത്തുന്നു.

വിശ്വാസികളുടെ എതിർപ്പുമൂലം തങ്ങളുടെ മൂക്കിനു താഴെയുള്ള ചങ്ങനാശ്ശേരി കത്തീഡ്രൽപള്ളിയിലെപോലും ക്രൂശിതരൂപം എടുത്തുമാറ്റാൻ രൂപതാധികാരത്തിന് ഇതുവരെ സാധിച്ചിട്ടില്ല. എങ്കിലും, സാധിക്കുന്ന പള്ളികളിലെല്ലാം ക്രൂശിതരൂപം മാറ്റി മാർത്തോമ്മാക്കുരിശെന്ന മാനിക്കേയൻ കുരിശ് പ്രതിഷ്ഠിക്കാൻ അതിരൂപത വാശിയോടെ ശ്രമിച്ചുവരുന്നു. അതിന്റെ ഏറ്റവും അടുത്ത ഉദാഹരണമാണ്, ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് മാർ പെരുന്തോട്ടത്തിന്റെ ഇടവകയായ പുന്നത്തുറ സെന്റ് തോമസ്പള്ളി അൾത്താരയിലെ ക്രൂശിതരൂപം മാറ്റി മാർത്തോമ്മാക്കുരിശ് സ്ഥാപിച്ച സംഭവം (കാണുക, പേജ്: 16). മദ്ബഹാ പെയിന്റ് ചെയ്യാനെന്ന വ്യാജേന പണം പിരിച്ചാണ് അൾത്താരയുടെ പ്രധാനസ്ഥാനത്തു പ്രതിഷ്ഠിച്ചിരുന്ന വലിയ ക്രൂശിതരൂപം ഈയിടെ അറുത്തുമാറ്റി, മനിക്കേയൻ കുരിശ് സ്ഥാപിച്ചത്. ഇതറിഞ്ഞ ഇടവകജനം ഒന്നടങ്കം പ്രതിഷേധത്തിലാണ്.

കോട്ടയം ലൂർദ്ദുദേവാലയവും തെക്കു-വടക്കായിട്ടായിരുന്നു നിർമ്മിച്ചിരുന്നത്. വാകമരങ്ങൾ തണൽ വിരിച്ചിരുന്ന മനോഹരമായ പശ്ചാത്തലം. എല്ലാവർക്കും ഇരിക്കാൻ ബഞ്ചുകൾ കോട്ടയംകാരുടെ പുരോഗമനചിന്തയ്ക്ക് നല്ല ഉദാഹരണമായിരുന്നു. ഇടവകയ്ക്കു പണം കൂടുതലായപ്പോൾ കാഴ്ചപ്പാടുകൾ മാറി. വൻകിട സ്വർണ്ണവ്യാപാരികൾ കോടികൾ സംഭാവന നൽകി. ഇപ്പോൾ കാർ പാർക്കിംഗും ഓഡിറ്റോറിയവും ദേവാലയവും ഉൾപ്പെടുത്തി മൂന്നു നിലയിൽ ദേവാലയസമുച്ചയവും, വത്തിക്കാൻ ബസ്ലിക്കായ്ക്കു തുല്യമായ താഴികക്കുടവും പൂർത്തിയാകുന്നു. കിഴക്കോട്ടു നോക്കിത്തന്നെ കുർബാന അർപ്പിക്കാം. പൗരസ്ത്യപാരമ്പര്യത്തിനു നിരക്കാത്തവിധം ലൂർദ്ദുമാതാവിന്റെ ഗ്രോട്ടോ മുൻവികാരിതന്നെ നിർമ്മിച്ചു. ഭീമാകാരമായ ഒരു മാർത്തോമ്മാക്കുരിശും അദ്ദേഹം സ്ഥാപിച്ചിരുന്നു.

ഏതാനും മാസങ്ങൾക്കകം കോട്ടയത്തും ഒരു ടൂറിസ്റ്റു കേന്ദ്രം നിലവിൽവരും. അതായിരിക്കും കോട്ടയത്തെ ലൂർദ്ദു ഫൊറോനാ ദേവാലയം.

സാധാരണക്കാരും പാവപ്പെട്ടവരുമായ വിശ്വാസികളുടെ ഞായറാഴ്ചയുള്ള ദിവ്യബലി പോലും മടുപ്പുതോന്നിക്കുന്ന ഒരു ആഘോഷപ്രകടനമായി അനുഭവപ്പെടുമെന്നതാണ് ഈ നീക്കങ്ങളുടെ ഭവിഷ്യത്ത്. യൂറോപ്പിലെ സഭയുടെ അനുഭവംതന്നെ ഇവിടെയും പ്രതീക്ഷിക്കാം.

*ഫോൺ: 9847126316*

# പുന്നത്തുറ ഇടവകക്കാർക്കെതിരെ പള്ളിവികാരിയുടെയും ചങ്ങനാശ്ശേരി മെത്രാന്റെയും കുരിശുയുദ്ധം!



കെ. ജോർജ് ജോസഫ് (ചെയർമാൻ, AKCAAC)

**പു**ന്നത്തുറ സെന്റ് തോമസ് പള്ളി പഴക്കംകൊണ്ട് ജീർണ്ണിച്ചതും ചോർന്നൊലിക്കുന്നതുമായതിനാൽ കേടുപാടുകൾ പോക്കി, പെയിന്റടിച്ച് ഭംഗിയാക്കുന്നതിനു തീരുമാനിച്ചു. അതിനുവേണ്ട ഫണ്ട് ഏകദേശം 14 ലക്ഷം രൂപയാകുമെന്നും കണക്കാക്കി. ഫണ്ട് സ്വരൂപിക്കുന്നതിനായി സഹായസഹകരണം അഭ്യർഥിച്ചുകൊണ്ട്, വികാരി ടോജിയച്ചനും അസിസ്റ്റന്റ് വികാരി ജോബിയച്ചനുംചേർന്ന് ഒരു അഭ്യർഥന 2018 ജനുവരി 10-ന് ഇറക്കിയതിൽ, തുക 35 ലക്ഷമായി! എങ്കിലും, നടത്തേണ്ട പണികൾ കൃത്യമായി സൂചിപ്പിച്ചിരുന്നു: മേൽക്കൂര പൊളിച്ച് പട്ടിക ബലപ്പെടുത്തി ഓടുമേയുക, മുഖവാരത്തെ ചോർച്ച മാറ്റുക, സീലിംഗ് വർക്കുകൾ, ഇലക്ട്രിഫിക്കേഷൻ വർക്ക്, ജനലുകളും വാതിലുകളും മനോഹരമാക്കുക, മദ്ബഹയുൾപ്പെടെ പെയിന്റിംഗ് ജോലി ചെയ്യുക എന്നിവയാണത്.

നിർമ്മാണപ്രവർത്തനങ്ങൾക്കായി ഒരു കൺസ്ട്രക്ഷൻ കമ്മിറ്റിയെയും തിരഞ്ഞെടുത്തു. അവരെക്കൊണ്ട് ഫണ്ട് പിരിവ് ഗംഭീരമായി നടത്തിച്ചു; 24 ലക്ഷം രൂപ ലഭിച്ചു. തിരുനാൾ പിരിവിൽ മിച്ചം വന്ന എട്ടു ലക്ഷം രൂപ വേറെയുമുണ്ട്.

മാർച്ചുമാസത്തിൽ പണി തുടങ്ങി. പക്ഷേ, കൺസ്ട്രക്ഷൻ കമ്മിറ്റിക്ക് ഒരു പണിയുമില്ല! എല്ലാം വികാരിയും സിൽബന്ധികളുംമാത്രമായി കൈകാര്യം ചെയ്യുന്നു! ഏപ്രിൽ 6-ന് കമ്മിറ്റികൂടി കാര്യങ്ങൾ ചർച്ചചെയ്തു. 'അൾത്താരയിലെ ക്രൂശിതരൂപം മാറ്റാൻ ശ്രമിക്കുന്നെന്നു കേട്ടത് ശരിയാണോ' എന്ന കമ്മിറ്റിക്കാരുടെ ചോദ്യത്തിന് വികാരിയായ ടോജി കത്തനാർ ശരിയാണെന്ന് ഉത്തരം നൽകി. അക്കാര്യം യോഗതീരുമാനങ്ങളിലോ നോട്ടീസിലോ ഇല്ലാതിരുന്നതിനാൽ, അവരതിനെ ചോദ്യംചെയ്തു. ക്രൂശിതരൂപം മാറ്റി, മാനിക്കേയൻ/ക്ലാവർ കുരിശു സ്ഥാപിക്കുന്നതിനെ കമ്മിറ്റിക്കാർ എതിർത്തു. കമ്മിറ്റി ബഹളത്തിൽ കലാശിച്ചു. അവർ വികാരി ജനറാളിനും സഹായമെത്രാനും നൂറോളംപേർ ഒപ്പിട്ട പരാതി നൽകി. മെത്രാൻ അതിനെ പുച്ഛിച്ചുതള്ളി. വികാരി ജനറാൾമാണി പുതിയിടം, പ്രശ്നം പരിഹരിക്കാൻ വേണ്ടതു ചെയ്യാമെന്നു പറഞ്ഞ് ഇടവകക്കാരെ തന്ത്രപൂർവ്വം തിരിച്ചയച്ചു.



ഏതാനും ദിവസങ്ങളിലെ പണിക്കുശേഷം, ഏപ്രിൽ 18-ന്, അൾത്താരയിൽ നിർമാണപ്രവർത്തനങ്ങൾക്കായി പണിക്കാരെ വിളിച്ചിരിക്കുന്നതായി അറിഞ്ഞതിനേത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ നിന്നു കാര്യങ്ങൾ വ്യക്തമായി. 35 വർഷമായി തങ്ങൾ ആരാധിക്കുന്ന ക്രൂശിതരൂപം അൾത്താരയിൽനിന്നു മാറ്റുന്നതിന്റെ ഭാഗമായി അവിടെയുണ്ടായിരുന്ന തിരുഹൃദയരൂപത്തിനുപകരം മാനിക്കേയൻ കുരിശ് സ്ഥാപിച്ചിരിക്കുന്നു! വിശ്വാസികൾ വ്രണിതഹൃദയരായി. ക്രൂശിതരൂപം മാറ്ററുതെന്നാവശ്യപ്പെട്ട് ഇടവകക്കാർ ഏപ്രിൽ 20-നു പള്ളിക്കുമുൻപിൽ പ്രാർഥനാ പ്രതിഷേധം സംഘടിപ്പിച്ചു. പത്രങ്ങൾ അതു റിപ്പോർട്ടു ചെയ്തു. പക്ഷേ, ഏപ്രിൽ 21-നുതന്നെ രാത്രിയിൽ വികാരി യേശുവിനെ കുരിശോടെ വെട്ടിവീഴ്ത്തുക തന്നെ ചെയ്തു; അതിനുശേഷം പള്ളിയുടെ തൂണിൽ പിടിച്ചുകെട്ടി! ഇതിനെതിരെ ഇടവകക്കാർ ഒന്നടങ്കം പ്രതിഷേധത്തിലാണിപ്പോൾ.

ഇടവകക്കാരുടെ എതിർപ്പുമൂലം ചങ്ങനാശ്ശേരി കത്തീഡ്രൽപള്ളിയിൽപ്പോലും മാർത്തോമ്മാക്കുരിശെന്ന മാനിക്കേയൻ കുരിശു സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ആ സാഹചര്യത്തിലാണ് മറ്റു പള്ളികളിൽ വിശ്വാസികളെ തമ്മിലടിപ്പിക്കുന്നതിനായി കള്ളക്കുരിശുമായി മെത്രാനും ഏതാനും കത്തനാർമാരും ഇറങ്ങിയിരിക്കുന്നത്!



ക്രൂശിതരൂപം പിഴുതുമാറ്റുന്നതിനു മുമ്പുള്ള മദ്ബഹ



അറത്തുമാറ്റിയ ക്രൂശിതരൂപം തൂണിൽ

ഇടവകക്കാർ പോലീസിനും ജില്ലാ കളക്ടർക്കും പരാതി നൽകി. RDO ഇടപെട്ട് ചർച്ച നടത്തി. ഇടവകക്കാരുടെ ആവശ്യം ന്യായമാണെന്നും നിലപാട് മാറ്റണമെന്നും ബിഷപ്പിനോട് ആർ.ഡി.ഒ. ആവശ്യപ്പെട്ടെങ്കിലും അയാൾ വഴങ്ങിയില്ല. സംഘർഷാവസ്ഥ നിലനിൽക്കുന്നതിനാൽ RDO പള്ളി പൂട്ടി, പണി തടഞ്ഞു. തുടർന്ന് ചേരി തിരിഞ്ഞുള്ള തർക്കവും സംഘർഷവും ഇപ്പോഴും തുടരുകയാണ്.

ഇടവകക്കാരെ വഞ്ചിച്ച് പണംപിരിക്കുകയും ഗൂഢതന്ത്രങ്ങളിലൂടെ തങ്ങളുടെ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുകയുംചെയ്യുന്ന പുരോഹിത, മെത്രാൻ സ്വേച്ഛാധിപതികളുടെ ഏകാധിപത്യഭരണം തുടരുന്നതിന്റെ പുതിയ ഉദാഹരണമായി ഇതിനെ കാണണം.

ഇവിടെയാണ് ചർച്ച് ആക്റ്റിന്റെ പ്രാധാന്യം വ്യക്തമാകുന്നത്. വിശ്വാസികൾ സമാഹരിക്കുകയും സംരക്ഷിക്കുകയുംചെയ്യുന്ന സ്വത്ത് ഭരിക്കേണ്ടതും അവർതന്നെ. അവർ നിശ്ചയിക്കുന്ന കാര്യങ്ങൾമാത്രമേ പണപരമായും നിർമാണപരമായും നടത്താനും നടത്തിക്കാനും പാടുള്ളൂ. അതിനായി വിശ്വാസികൾ തിരഞ്ഞെടുക്കുന്ന സമിതികൾ നിലവിൽ വരണം. അതു രാജ്യത്തെ നിയമമനുസരിച്ചുള്ളതായിരിക്കുകയും വേണം. പൂച്ചയ്ക്കെന്താ പൊന്നുരുക്കുന്നിടത്തു കാര്യം? അഥവാ, മെത്രാനെന്താ ഇടവകസ്വത്തിൽ അധികാരം?

(ഇതെഴുതുന്നതിനിടയിൽ ആർ.ഡി.ഒ.യുടെ ഉത്തരവ് എത്തിയിട്ടുണ്ട്: '... അനുരഞ്ജനചർച്ചയിൽ തീരുമാനമാകാത്തതിനാൽ ആർച്ചുബിഷപ്പിന്റെ നിർദ്ദേശാനുസരണം നിർമാണം തുടരുന്നതാണെന്നും തടസ്സപ്പെടുത്താൻ പാടില്ലെന്നും ഇതിനാൽ ഉത്തരവാകുന്നു' എന്നറിയിച്ചുകൊണ്ട്. അതിനെതിരെ നിയമനടപടി സ്വീകരിക്കാൻ നിയമോപദേശം തേടിക്കൊണ്ടിരിക്കുകയാണ് ഇടവകക്കാർ. KCRM ആവശ്യമായ നിയമ-സാങ്കേതികസഹായങ്ങൾ ചെയ്യുന്നുണ്ട്.)

ഫോൺ: 9039078700


## സത്യജ്വാല

'സത്യജ്വാല' – അന്ധരായ വഴികാട്ടികൾ നയിക്കുന്ന ഇരുൾപാതയിൽ ഒരു ചെറുതിരിവെട്ടം!
'സത്യജ്വാല' – കള്ളയിടയന്മാർക്കെതിരെ ഒരു ചെറുമുറവിളി!.
'സത്യജ്വാല' – പള്ളികൾ കൊള്ളക്കാരുടെ ഗുഹകളാക്കിയവർക്കെതിരെ ഒരു ചെറു ചാട്ടവാർ!
'സത്യജ്വാല' – നവീകൃതസഭാജീവിതത്തിലേക്ക് ഒരു എളിയ വഴികാട്ടി!
ചെറുതിരി തീപ്പന്തമാക്കുക, മുറവിളി ആർപ്പുവിളിയാക്കുക, ചാട്ടവാർ ചാട്ടവാറുകളാക്കുക...
യാഥാസ്ഥിതികസഭാജീവിതത്തിൽനിന്നും ദൈവരാജ്യപൗരജീവിതത്തിലേക്കു വഴിതുറക്കുക
'സത്യജ്വാല' – വായിക്കുക, വരിക്കാരാകുക, പ്രചരിപ്പിക്കുക!



# കുമ്പസാരിക്കാത്ത വധുവിനെ ആവശ്യമുണ്ട്!

**ഇപ്പൻ**



**‘മാ**ർത്തോമ്മാ മാമ്മോദീസ മുക്കിയ നമ്പൂതിരികുടുംബപരമ്പരയിൽപെട്ട, ദൈവഭയവും ഭക്തിയും പള്ളിക്കാര്യങ്ങളിൽ അതിശുഷ്കാന്തിയുമുള്ള സമ്പന്നയുവതി, അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നു വിവാഹാലോചനകൾ ക്ഷണിക്കുന്നു.’– ദീപികയിലും മനോരമയിലും കാണുന്ന ഒരു ടിപ്പിക്കൽ വിവാഹ പരസ്യമാണിത്. അക്ഷരം പെറുക്കി എണ്ണി അവർ പരസ്യക്കൂലി പേശും. നിങ്ങൾ ചീട്ടുകശക്കി വീശുന്നതുപോലെ രണ്ടായിരത്തിന്റെ പിടയ്ക്കുന്ന നോട്ടുകൾ ഇട്ടുകൊടുത്തേതീരൂ. അവരുടെ വയറ്റത്തടിച്ചെന്നുപറഞ്ഞാൽ മതിയല്ലോ. തോല കവി പറഞ്ഞു, സുന്ദരിമാരുടെ കണ്ണുകൾ പാവപ്പെട്ടവന്റെ കുടിലിലെ കഞ്ഞിപോലെ നീണ്ടിരിക്കണമെന്ന്. ആ ചൊവ്വിനു പറഞ്ഞാൽ ഇനിമേൽ മനോരമയിലെ വൈവാഹികങ്ങളുടെ നീളം പണക്കാരന്റെ വീട്ടിലെ പാലുപേലെ കുറുകും. ഒറ്റ വാചകം മാത്രം– ‘ഇതുവരെ കുമ്പസാരിക്കാത്ത ഒരു വധുവിനെ ആവശ്യമുണ്ട്’.

ഞങ്ങൾ കുറെ മണ്ടന്മാർ, കുറെക്കാലമായി കർത്താവിന്റെ സഭയെ നവീകരിക്കാൻ പെടാപ്പാടുപെടുകയാണ്. ഒന്നും ആവശ്യം വരില്ലെന്നു തോന്നുന്നു. മെത്രാന്മാരും അച്ചന്മാരുംകൂടി നീറ്റായിട്ട് ഇതു പൊളിച്ചടുക്കി എല്ലാം ശരിയാക്കിത്തന്നോളും. ഞങ്ങൾക്കു നോക്കുകൂലിയും വാങ്ങി ചുരുണ്ടുകൂടി ചുമ്മാ ഇരുന്നാൽമതി. കർത്താവേ, ആ കുന്തം നിരോധിച്ചല്ലോ! എന്നുവച്ച്, ഞങ്ങളെ നിയമക്കുരുക്കിലാക്കാമെന്ന് ആരും വ്യാ മോഹിക്കേണ്ട.കാരണം, ഞങ്ങൾക്ക് നോക്കുകൂലിയായി കിട്ടുന്നത് പണമല്ല, ആർത്താർത്ത്, അറഞ്ഞറഞ്ഞ്, മണ്ണുകപ്പി ചിരിക്കാനുള്ള വകയാണ്. സിവി എഴുതുന്നുണ്ടല്ലോ, ഒരു മുഴുത്ത ചെമ്പുകലം കുന്നിൻമുകളിൽനിന്ന് ഉരുട്ടിയിട്ടാലുണ്ടാകാവുന്ന കോലാഹലങ്ങളോടെ ചന്ത്രക്കാരൻ പൊട്ടിച്ചിരിച്ചുവെന്ന്. അന്തമാതിരി ചിരി. ഈ വയസുകാലത്ത് ഞാനാണെങ്കിൽ ചിരിച്ചുചിരിച്ച് എന്റെ കുടവയർ കുറുകി ആറ് ഇഡ്ഡലിക്കഷണങ്ങൾ, അല്ലെങ്കിൽ ന്യൂജനറേഷൻ ഭാഷയിൽ പറഞ്ഞാൽ ‘സിക്സ് പായ്ക്ക്’ രൂപപ്പെട്ടിരിക്കുന്നു. എന്റമ്മച്ചിയേ......!

എനിക്കന്ന് 14 വയസ്. അന്ധവിശ്വാസങ്ങളുടെ ഉളുമ്പുമണം മാറാത്ത ഒരു ചെറുക്കനായിരുന്നു ഞാൻ. **പു**രീഷവും **രോ**ഷവും **ഹിം**സയും **ത**മസും കൂട്ടിക്കുഴച്ചുനിർമ്മിച്ച ഒരു പുരോഹിതന്റെ അടുത്ത് ഞാൻ കുമ്പസാരിക്കാൻ ചെന്നു. ചീത്ത വിചാരിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതും ഇടയന്മാർക്കു ഭൂഷണവും ആടുകൾക്കു പാപവും ആണല്ലോ. ഞാൻ വിറച്ചുവിറച്ചു പറഞ്ഞു. ‘ചീത്ത പ്രവർത്തിച്ചു’. പീഡനങ്ങൾക്കു മുൻകാലപ്രാബല്യത്തോടെ ശിക്ഷയാണല്ലോ ഇപ്പോൾ. ഉപദ്രവിക്കരുതേ, ഞാനാരെയും പീഡിപ്പിച്ചില്ല. പകരം, എന്നെത്തന്നെ പീഡിപ്പിച്ചു. കുമ്പസാരഗുരു പാപത്തിന്റെ അതിസൂ ക്ഷ്മമായ വിശദാംശങ്ങൾവരെ ചോദിക്കാൻ തുടങ്ങി. എന്നിലെ അന്ധവിശ്വാസം കിഴുക്കിയിരുത്തിയ സംശയിക്കുന്ന തോമാ ഉണർന്നു. ഇയാളെന്തിനാണ് ഇത്രയേറെ വിശദാംശങ്ങൾ കുത്തിക്കുത്തി ചോദിച്ചറിയുന്നത്? പെട്ടെന്ന് എന്നെ കുമ്പസാരിപ്പിക്കാനും കുർബാനകൈക്കൊള്ളിക്കാനും ഒരു മദ്ധ്യവേനലവധി മുഴുവൻ ഒരുക്കിയ സിസ്റ്റർ പെർപ്പത്ത്വാമ്മയുടെ ഉരുക്കുമുഷ്ടി എന്നിലെ തോമായുടെ ഉച്ചിയിൽത്തന്നെ വന്നുപതിച്ചു. ‘ഏതു പാപത്തിന്റെയും സാഹചര്യവും വിശദാംശങ്ങളും കുമ്പസാരഗുരു ആവശ്യപ്പെട്ടാൽ നിശ്ചയമായും പറയണം. അച്ചന് ഉപദേശം തരാനും പാപത്തിനു പ്രായശ്ചിത്തം വിധിക്കാനും അതൊക്കെ വിശദമായി അറിയേണ്ടത് ആവശ്യമാണ്. കുമ്പസാരക്കൂട്ടിലിരിക്കുന്ന ആത്മീയഗുരു മറുക്രിസ്തുവാണ്’. പെർപ്പത്ത്വാമ്മ ഇതു കൂടെക്കൂടെ പറയുമായിരുന്നു. ഈ പെർപ്പത്ത്വാമ്മ ഒരു ശുദ്ധഗതിക്കാരിയായിരുന്നു. പെർപ്പത്ത്വാമ്മ മാത്രമല്ല, എന്റെ പെറ്റമ്മയും ഈ ഉപദേശം എനിക്കു തന്നിട്ടുണ്ട്. നോക്കണേ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ശുദ്ധാത്മാ

ക്കളെപ്പോലും കൊണ്ടുപോയിച്ചാടിക്കുന്ന നീർച്ചുഴിയുടെ ആഴം! ഇത്തരം ശുദ്ധാത്മാക്കൾ അവരറിയാതെ തന്നെ ചില കുമ്പസാരരതിവീരന്മാരുടെ കൂട്ടിക്കൊടുപ്പുകാരായി മാറുന്നു.

ഞാനയാൾ ചോദിച്ചതിനെല്ലാം വിശദമായി ത്തന്നെ മറുപടികൊടുത്തു. പുരോഹിതശാപം ഏഴു തലമുറ നീണ്ടുനിൽക്കുമല്ലോ. അപ്പോഴും ഒരു സംശയം എന്നെ അലട്ടി. ഇയാൾ എന്റെ ചെലവിൽ ശ്രവണരതിസുഖവും കാമപേച്ചിന്റെ ഇക്കിളിയും അനുഭവിക്കുകയല്ലേ? എന്റെ ഊഹം ശരിവയ്ക്കുന്നതായിരുന്നു തുടരുപദേശം. പ്രായപൂർത്തിയാകുമ്പോൾ മോന് കല്യാണം കഴിക്കാം. പിന്നെ എനിക്കു കിട്ടാൻപോകുന്ന പെണ്ണിന്റെ അംഗപ്രത്യംഗ വർണ്ണന. തുടർന്ന്, എന്റെ ആദ്യരാത്രിവിവരണം. അതും അതിസൂക്ഷ്മമായ വിശദാംശങ്ങൾസഹിതം. വായനക്കാരിൽ ചിലർക്ക് ഉത്സാഹമായിക്കാണും, ആ വർണ്ണനാനൈപുണ്യം അനുഭവിക്കാൻ. പക്ഷേ, എനിക്കതിനിപ്പം മനസ്സില്ല. നിങ്ങൾക്കു സങ്കല്പവിമാനത്തിൽ കയറി എവിടെയും പോകാം.

ഒരു കാര്യമെനിക്കു വ്യക്തമായി. ഇവനു പറ്റിയത് പുരോഹിതപ്പണിയല്ല, ഓടസാഹിത്യമെഴുത്താണ്. പാലാ സെന്റ് തോമസ് കേളേജിലെ സി.ആർ. ഹോസ്റ്റലിന്റെ ചാപ്പലിൽവെച്ചാണ് ഈ കുമ്പസാരം നടന്നത്. കുമ്പസാരക്കൂടുപോലുമില്ല. കുട്ടികളുടെ അനന്തമായ ക്യൂ! കുമ്പസാരത്തിന്റെ അവസാനം ഞാൻ വിയർത്തു. കുമ്പസാരഗുരുവും വിയർത്തു! ഞാൻ വിയർത്തത് ചമ്മലുകൊണ്ടാണ്. കുമ്പസാരം പതിവിലേറെ നീണ്ടാൽ മുട്ടുകുത്തി ക്യൂ നിൽക്കുന്നവർ ബിവറേജിൽ ക്യൂ നിൽക്കുന്നവരെപ്പോലെ ക്ഷോഭിക്കില്ല; പക്ഷേ, ഊറിയൂറി ചിരിക്കും. വടക്കനച്ചൻ എഴുതിയിട്ടുണ്ട് ഒരു കുമ്പസാരഗുരു മൂന്നു മിനിട്ടിലധികം ഒരു പെണ്ണിനെ കുമ്പസാരിപ്പിച്ചാൽ അവനെ സൂക്ഷിക്കണമെന്ന്. എന്റെ കുമ്പസാരഗുരു സ്വവർഗ്ഗപ്രേമിയായിരുന്നിരിക്കണം.

ഇന്നലെ 'മീഡിയാ വണ്ണി'ൽ നടന്ന ചർച്ചയിൽ റിട്ട.എസ്.പി. ജോർജ്ജ് ജോസഫ് പറയുകയാണ്, ബിഷപ്പിന്റെ പീഡനവും അച്ചന്മാരുടെ പീഡനങ്ങളുമൊക്കെ ഒറ്റപ്പെട്ട സംഭവങ്ങളാണെന്ന്! അല്ല, ഇന്നലെയും ഒരു പെൺകുട്ടി ഇന്ദുലേഖയെ വിളിച്ചിരുന്നു, അവളുടെ അനുഭവം പങ്കുവയ്ക്കാൻ. ഞാൻതന്നെ ഈ അച്ചനെതിരെ ജോർജ്ജ് ജോസഫിന്റെ അരികിൽ പരാതിപ്പെട്ടിരുന്നെങ്കിലോ? കർത്താവു മൂന്നുമണിക്കൂറേ കുരിശ് ചുമന്നുള്ളൂ. അതിലും വലിയ കുരിശ് ഇന്നും എന്റെ മുതുകത്തുണ്ടായിരുന്നേനെ. ഒത്തിരിപ്പേരും പീഡനങ്ങൾ നിശ്ശബ്ദം സഹിക്കുന്നത് പ്രത്യാഘാതങ്ങൾ ഭയന്നിട്ടാണ്.

ബിഷപ്പിന്റെ കേസിൽ ഒന്നാംപ്രതി പുരോഹിതനു ബ്രഹ്മചര്യം അടിച്ചേല്പിച്ച സഭയാണ്. രണ്ടാം പ്രതി ഫ്രാങ്കോ. ഓർത്തഡോക്സ് സഭയിൽ പുരോഹിതനു പെണ്ണുകെട്ടാം. അതുകൊണ്ട് ഒന്നാംപ്രതി കുമ്പസാരമെന്ന അനാചാരമാണ്. രണ്ടാം പ്രതികളാണ് പഞ്ചപാണ്ഡവന്മാർ.

ബൈബിളിൽ കുമ്പസാരിക്കാൻ പറഞ്ഞിട്ടില്ല. യേശു പശ്ചാത്തപിക്കാനും പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാനുമേ പറഞ്ഞിട്ടുള്ളൂ. സക്കേവൂസ് അവിഹിതമായി സമ്പാദിച്ചത് പാവങ്ങൾക്കു ദാനംചെയ്തതു കണ്ടാണ് യേശു പ്രസാദിച്ചത്. കുമ്പസാരം ആരംഭിച്ചത് പത്താം നൂറ്റാണ്ടിനുശേഷമാണ്. കുമ്പസാരം ആരംഭിച്ചതും പുരോഹിതന്റെ മുതുകത്ത് ബ്രഹ്മചര്യം അടിച്ചേല്പിച്ചതും ഏതാണ്ട് ഒരുമിച്ചായിരുന്നു. പത്താം നൂറ്റാണ്ടുവരെ കത്തോലിക്കാ പുരോഹിതരും വിവാഹം കഴിച്ചിരുന്നു. കത്തോലിക്കാ മതമാഫിയായുടെ കണ്ണിൽച്ചോരയില്ലാത്ത കച്ചവടകൗശലം ഈ വിവാഹനിരോധനത്തിന്റെ പിറകിലുണ്ട്. പുരോഹിതന് പൊണ്ടാട്ടിയും പിള്ളേരും പിറുങ്ങിണിയുമായാൽ മതസമ്പത്ത് വിഭജിച്ചുപോകും. മതസമ്പത്തിന്റെ ഗുണഭോക്താക്കൾ കുഞ്ഞാടുകളോ കത്തനാരന്മാരോ കന്യാസ്ത്രീകളോ അല്ല. അത് അണുമാത്ര ന്യൂനപക്ഷമായ മതമാഫിയയാണ്. പുരോഹിതനു രതിസുഖം നിഷേധിച്ച മതമാഫിയ, അന്ധവിശ്വാസികളായ സ്ത്രീകളുടെ ചെലവിൽ - നാട്ടുകാരുടെ പെണ്ണുങ്ങളുടെയും പിള്ളേരുടെയും ചെലവിൽ- അയാൾക്ക് സൗജന്യ ശ്രവണരതിവൈകൃതസുഖം അനുവദിച്ചു. അതാണു കുമ്പസാരം. മദ്യം മയക്കുമരുന്ന് ആദിയായ ലൈംഗികോദ്ദീപന വസ്തുക്കൾ സേവിച്ചിട്ട് കുമ്പസാരിപ്പിക്കുന്ന കുമ്പസാരരതിവീരന്മാർവരെ ഉണ്ടെന്നു പറഞ്ഞുകേൾക്കുന്നു. എല്ലാ മനുഷ്യരുടെയും ഉള്ളിൽ ഒരു ഹിംസ്രമൃഗം ഒളിച്ചിരിപ്പുണ്ട്. 'അനിയന്ത്രിതമായി ചിലപ്പോഴീ മനമോടാത്ത കുമാർഗ്ഗമില്ലെടോ' എന്ന് കുമാരനാശാൻ പറയിക്കുന്നത് ഉണ്ണിപ്പെണ്ണുങ്ങളെക്കൊണ്ടല്ല, പതിവ്രതാരത്നമായ സീതയെക്കൊണ്ടാണ്.

മ്ലേച്ഛന്മാരായ കത്തനാരന്മാർ അവരുടെ കാമഭ്രാന്തന്മാരായ കൂട്ടുകാരെ വിളിച്ചുവരുത്തി ളോഹകൊടുത്ത് കുമ്പസാരഗുരുവാക്കി കാശും മേടിച്ചേക്കുമെന്ന് ഊഹിക്കാൻ ഒരു മുയലിന്റെ തലച്ചോറും കാട്ടുതാറാവിന്റെ ഭാവനയും മതിയാവും. അന്ധവിശ്വാസിയായ ഒരു അതിമാദകസുന്ദരിയുടെ കുമ്പസാരം കേൾക്കാൻ ലേലം വിളിച്ച് ആളുകളെത്തിയെന്നിരിക്കും. സംശയമുള്ളവർ സ്വന്തം മനഃസാക്ഷിയോടു ചോദിക്കൂ. കന്യാസ്ത്രീയെ പതിമ്മൂന്നു തവണ പ്രകൃതിവിരുദ്ധപീഡനത്തിനു വിധേയയാക്കിയ, പതിമ്മൂന്നു വർഷം സെമിനാരിയിൽ പഠിച്ച ബിഷപ്പാണോ പൾസർ സുനിയാണോ അധികം വഷളൻ?

കുമ്പസാരഗുരുവിനുമുമ്പിൽ രാജാവിനെവരെ മുട്ടുകുത്തിക്കുക. അങ്ങനെ രാഷ്ട്രീയത്തെ മതത്തിനു വിധേയമാക്കുക. ലോകത്തൊരുമതവും ചൂഷണം ചെയ്യാൻ ഇത്രയും ചാണക്യതന്ത്രം പയറ്റിയിട്ടില്ല. കൂഴച്ചക്കപ്പഴത്തിൽനിന്നു ചുളയെടുക്കുന്നതുപോലെ എതിരാളികളുടെ ജീവനെടുക്കുന്ന ഐ.എസ്-കാരൊക്കെ ഇവരുടെമുമ്പിൽ എത്ര നിഷ്കളങ്കർ! കൊലയാളി ഏതാനും നിർഭാഗ്യവാന്മാരെ കൊല്ലുന്നു. ചൂഷകൻ ലോകത്തുള്ള ദരിദ്രമഹാഭൂരിപക്ഷത്തെ കൊല്ലാക്കൊലചെയ്യുന്നു.

ഫോൺ: 9446561252

**KCRM പ്രോഗ്രാം റിപ്പോർട്ട് - നോർത്ത് അമേരിക്ക**

# ‘ആൾ കേരളാ ചർച്ച് ആക്ട് ആക്ഷൻ കൗൺസിലി’ന്റെ പ്രവർത്തനങ്ങൾ

KCRM- നോർത്ത് അമേരിക്കയുടെ ഒൻപതാമത് ടെലികോൺഫറൻസ് 2018 ജൂൺ 13 ബുധനാഴ്ച നടത്തുകയുണ്ടായി. ശ്രീ എ. സി. ജോർജ് മോഡറേറ്ററായിരുന്നു. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി വളരെപ്പേർ അതിൽ പങ്കെടുത്തു. AKCAAC പ്രസിഡൻറ് ശ്രീ. കെ. ജോർജ് ജോസഫ് ആയിരുന്നു, ‘അഖില കേരള ചർച്ച് ആക്ട് ആക്ഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങളും 2018 മെയ് 22-ലെ സെക്രട്ടേറിയറ്റ് മാർച്ചും - ഒരു അവലോകനം’ എന്ന വിഷയം അവതരിപ്പിച്ചത്.

സഭാമേലധികാരികളായ പുരോഹിതരുടെയും മെത്രാന്മാരുടെയും സമ്പത്തിനായുള്ള ആർത്തിയും സുഖജീവിതവും അധികാര ദുർവിനയോഗവുമെല്ലാം സാധാരണ വിശ്വാസികൾക്കുപോലും വലിയ ഉതപ്പായിരിക്കുന്നുവെന്നും കേരള നസ്രാണിസഭയുടെ വിശുദ്ധഗ്രന്ഥാടിസ്ഥാനത്തിലുള്ള പുരാതന സഭാഭരണ പാരമ്പര്യത്തിനു വിരുദ്ധമായി, ഇന്ന് വിശ്വാസികളെ പള്ളിഭരണത്തിൽനിന്നു പൂർണമായി മാറ്റിനിർത്തിയിരിക്കുന്നതാണ് ഇതിനു മുഖ്യകാരണമെന്നും പറഞ്ഞുകൊണ്ടാണ് അദ്ദേഹം വിഷയാവതരണം ആരംഭിച്ചത്. ഈ അടുത്തകാലത്ത് സീറോ-മലബാർസഭയ്ക്ക് പൗരസ്ത്യ കാനോൻ നിയമം ബാധകമാക്കിയതോടെ വികാരിമാരും മെത്രാന്മാരും പള്ളിഭരണം ഏറ്റെടുത്തു. അല്മായർ അദ്ധ്വാനിച്ചു സമാഹരിച്ച പള്ളിസ്വത്തുക്കൾ സ്വേച്ഛാധിപതികളായ കുറെ വികാരിമാരും മെത്രാന്മാരും നശിപ്പിച്ചതിനുള്ള കറതീർന്ന തെളിവാണ് ഒല്ലൂർ, കൊരട്ടി, ഇരവിപേരൂർ തുടങ്ങിയ ഇടവകകളിലും, മാനന്തവാടി, കോഴിക്കോട്, കൊല്ലം തുടങ്ങിയ രൂപതകളിലും, എറണാകുളം-അങ്കമാലി അതിരൂപതയിലും നടന്ന വമ്പിച്ച സാമ്പത്തിക ക്രമക്കേടുകൾ. സഭയിൽ നടക്കുന്ന സാമ്പത്തിക അതിക്രമങ്ങൾക്ക് തടയിടാനാണ്, Kerala Catholic church Reformation Movement (KCRM) പോലെയുള്ള സഭാനവീകരണപ്രസ്ഥാനങ്ങൾ ഒത്തുചേർന്ന് ‘അഖിലകേരള ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ’ എന്ന സംഘടന രൂപീകരിച്ചത്. ഭാരതത്തിലെ ക്രൈസ്തവരുടെ പൊതുസ്വത്ത് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നപ്രകാരമുള്ള നിയമത്തിലൂടെ ആയിരിക്കണം ഭരിക്കപ്പെടേണ്ടത്. നിയമപരിഷ്കരണ കമ്മീഷൻ അധ്യക്ഷനായിരുന്ന ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ ഇതുസംബന്ധമായ ഒരു കരടുബിൽ ‘The Kerala Christian Church Properties and Institutions Trust Bill’ എന്ന പേരിൽ 2009-ൽത്തന്നെ കേരളസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കാബിനറ്റ് സബ്കമ്മിറ്റിയുടെ പ്രാഥമിക പഠനം നടന്നതല്ലാതെ ഇന്നുവരെ മേൽനടപടികളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. ‘അഖിലകേരള ചർച്ച്ആക്ട് ആക്ഷൻ കൗൺസി’ലിന്റെ ഏകദൗത്യം ഈ ബിൽ അസ്സംബ്ലിയിൽ സമർപ്പിച്ച് പാസ്സാക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുക എന്നതാണെന്ന് ശ്രീ. ജോർജ് ജോസഫ് എടുത്തുപറയുകയുണ്ടായി.

ചർച്ച് പ്രോപ്പർട്ടീസ് ആക്ട് സംബന്ധിച്ച് വിശ്വാസികളുടെ ഇടയിൽ കാര്യമായ തെറ്റിദ്ധാരണകൾ ഉണ്ട്. ദേവസ്വം ബോർഡുപോലെ സർക്കാരിനെ പള്ളിസ്വത്തുക്കൾ ഏൽപ്പിക്കുന്ന ബില്ലാണിതെന്ന് അച്ചന്മാരും മെത്രാന്മാരും പള്ളികളിൽ പ്രസംഗിച്ചും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. ചർച്ച് പ്രോപ്പർട്ടീസ് ആക്ടിനെപ്പറ്റിയുള്ള ബിഷപ്പ് പാംപ്ലാനിയുടെ ‘എലിയെ പേടിച്ച് ഇല്ലം ചുടലാണ്’ എന്ന പ്രയോഗംതന്നെ അതിനുദാഹരണമാണല്ലോ. സഭാസ്വത്തുക്കളുടെമേൽ ഗവണ്മെന്റിനു ഭരണാധികാരം നൽകുന്ന ഒന്നല്ല ചർച്ച് ട്രസ്റ്റ് ബിൽ; മറിച്ച് തിരഞ്ഞെടുക്കപ്പെടുന്ന ഇടവകപ്രതിനിധികൾ ഇടവകതലത്തിലും രൂപതാതലത്തിലും സംസ്ഥാനതലത്തിലും സഭാസ്വത്തുക്കൾ സുതാര്യമായി ഭരിക്കാൻ വ്യവസ്ഥചെയ്യുന്ന ഒന്നാണത്.

“ചർച്ച് ആക്ടിന്റെ അനിവാര്യത ഗവണ്മെന്റിനെ ബോധ്യപ്പെടുത്തുന്നതിനായാണ്, ‘ചർച്ച് ആക്ട് നടപ്പിലാക്കുക’ എന്ന മുദ്രാവാക്യമുയർത്തി 2018 മെയ് 22-ന് ‘അഖില കേരള ചർച്ച്ആക്ട് ആക്ഷൻ കൗൺസിൽ’ സെക്രട്ടേറിയറ്റ് മാർച്ച് സംഘടിപ്പിച്ചത്”, അദ്ദേഹം പറഞ്ഞു. പാളയം രക്തസാക്ഷിമണ്ഡപത്തിൽനിന്ന് സെക്രട്ടേറിയറ്റിലേക്കു നടത്തിയ പ്രകടനത്തിലും ധർണയിലും 500-ലേറെ വിശ്വാസികൾ പങ്കെടുത്തെന്നും പരിപാടി വൻ വിജയമായിരുന്നെന്നും ശ്രീ. ജോർജ് ജോസഫ് വിലയിരുത്തി. കൂടാതെ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ രണ്ടു പ്രാവശ്യം നേരിൽകണ്ട് മെമ്മോറാണ്ടം നല്കിയെന്നും പറയുകയുണ്ടായി.

വിഷയാവതരണത്തിനുശേഷം നടന്ന ദീർഘമായ ചർച്ചയിൽ ഇടപെട്ടുകൊണ്ട് സോഷ്യൽ മീഡിയ ഉപയോഗിച്ച് സാധാരണക്കാരെ ഈ വിഷയത്തിൽ ബോധവൽക്കരിക്കണമെന്നും ‘അഖിലകേരള ചർച്ച്ആക്ട് ആക്ഷൻ കൗൺസി’ലിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായമുൾപ്പെടെ നൽകി പിന്തുണയ്ക്കണമെന്നും ശ്രീ. കെ. ജോർജ് ജോസഫ് എല്ലാവരെയും ഓർമ്മപ്പെടുത്തി.

റിപ്പോർട്ട് തയ്യാറാക്കിയത് : **ചാക്കോ കളരിക്കൽ** (ജന. കോ-ഓർഡിനേറ്റർ)

# നിങ്ങളിൽ പാപമില്ലാത്തവർ അവരെ കുമ്പസാരിപ്പിക്കട്ടെ!

**ഏ**റ്റവും കടുത്ത നിരീശ്വരവാദി ആരാണെന്ന ചോദ്യത്തിന് കൃത്യമായ ഒരുത്തരമേയുള്ളൂ-അതു ളോഹയിട്ട വൈദികർതന്നെയാണ്. അതുകൊണ്ടുതന്നെയാണ് സാമ്പത്തികക്രമക്കേടുകളിലും ഭൂമിതട്ടിപ്പുകളിലും ബാലപീഡനങ്ങളിലും ബലാൽസംഗങ്ങളിലും അവർ ഒരു ഉളുപ്പും സങ്കോചവുംകൂടാതെ ഉൾപ്പെടുന്നതും, അതിൽ യാതൊരുവിധ കുറ്റബോധവും കാണിക്കാത്തതും. പാപബോധവും പശ്ചാത്താപത്തിന്റെ ആവശ്യകതയുമൊക്കെ സാധാരണക്കാരായ വിശ്വാസികളുടെ മനസ്സിൽ ഭീതിവിതച്ചുകൊണ്ട് അവർ അടിച്ചേൽപ്പിക്കുന്നുണ്ടെങ്കിലും, ഇതിലൊന്നും ഒരു കാര്യവുമില്ലെന്ന് അവർക്ക് സ്വയം നല്ല ബോധ്യമുണ്ട്. ക്രൈസ്തവരുടെ ഒരു വിശേഷദിവസം വന്നുകഴിഞ്ഞാൽ, ഒരു വിശ്വാസിക്കില്ലാത്ത പരവേശവും വെപ്രാളവുമാണ് ഇക്കൂട്ടർക്ക്. ജനങ്ങൾ മുഴുവൻ പാപം ചെയ്തുകൂട്ടുന്നതു കാരണം ഇക്കൂട്ടർക്ക് ഉറക്കംപോലും കിട്ടുന്നില്ലെന്ന മട്ടിലാണ്, കുമ്പസാരിക്കൂ.... കുമ്പസാരിക്കൂ... എന്ന് തുടരെത്തുടരെ പള്ളികളിൽ മൈക്കിലൂടെ വിളിച്ചുപറയുന്നത്. അത് കേൾക്കേണ്ട താമസം, എല്ലാ ആവശ്യങ്ങളും മാറ്റിവച്ച് വിശ്വാസികൾ പള്ളിയിൽ പോയി ക്യൂ നിൽക്കുന്നു, കുമ്പസാരിക്കാൻ. ചിലയിടങ്ങളിൽ കുമ്പസാരത്തിനായുള്ള നീണ്ട ക്യൂ കണ്ടാൽ അതിശയം തോന്നും, ശെടാ ഇത്രമാത്രം പാപങ്ങൾ ചെയ്യുന്ന ടീംസാണോ ദിവസവും പള്ളിയിൽ വരുന്നതെന്ന്! ദിവസവും വന്ന് കുമ്പസരിക്കണമെങ്കിൽ ഇവരൊക്കെ എന്തുമാത്രം പാപങ്ങളായിരിക്കും ദിവസവും ചെയ്തുകൂട്ടുന്നത്!

ഈ ദിവസങ്ങളിൽ കേരളത്തിൽ ഒരു കുമ്പസാരത്തട്ടിപ്പ് ചർച്ചചെയ്യപ്പെടുന്നുണ്ട്. വിവാഹത്തിനുമുൻപു ചെയ്ത ഒരു തെറ്റ് ഏറ്റുപറഞ്ഞു കുമ്പസാരിച്ച ഒരു സ്ത്രീയെ ഒരു വൈദികൻ, ആ തെറ്റു ചൂണ്ടിക്കാട്ടി ബ്ലാക്ക്മെയിൽ ചെയ്ത് വീണ്ടും തെറ്റ്ചെയ്യിക്കുക, പിന്നെ ചെയ്യുന്ന തെറ്റിന്റെ തെളിവുകളും ചിത്രങ്ങളും സുഹൃത്തുക്കളായ മറ്റുചില വൈദികർക്കു കൊടുത്ത്, അവരെക്കൊണ്ടും ആ സ്ത്രീയെ ബ്ലാക്ക്മെയിൽ ചെയ്യിച്ച് വീണ്ടും വീണ്ടും തെറ്റുചെയ്യിക്കുക! എത്ര രസകരം അല്ലേ? വൈദികരല്ലാതെ ഒരു സാധാരണ വ്യക്തി ഇത്രയും അധഃപതിക്കുമോ എന്നു സംശയമാണ്.

ഇത് ഈയൊരു സഭയുടെയോ ഒരു വിഭാഗത്തിന്റെയോമാത്രം കാര്യമല്ല. കുമ്പസാരം എന്ന ഗോത്രവർഗ്ഗ ചടങ്ങ് നടക്കുന്ന, അതടിച്ചേൽപ്പിക്കുന്ന എല്ലാ സഭകളിലും കാലാകാലങ്ങളായി നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. എത്രയോ സംഭവങ്ങൾ പുറത്തു വന്നിരിക്കുന്നു! ഈ സംഭവം കൂടുതൽ ചർച്ചചെയ്യപ്പെടുന്നത് ഒരുപക്ഷേ അതിൽ ഉൾപ്പെട്ടിരിക്കുന്ന വൈദികരുടെ എണ്ണംകൊണ്ടും, അവരുടെ കൗശലത്തിന്റെ ഫലമായി ഒരു കുടുംബം താറുമാറായി എന്നതുകൊണ്ടും ആവാം.

ഏതോ ഒരു കാലത്ത്, ബുദ്ധിയില്ലാത്ത ജനങ്ങളെ തങ്ങളുടെ ചൊൽപ്പടിയിൽ നിർത്താൻ ഏതോ കൗശലക്കാരനായ ഒരുവൻ തുടങ്ങിവച്ചതാവണം, 'കുമ്പസാരം' എന്ന ചടങ്ങ്. മനുഷ്യരുടെ മനസ്സിൽ പാപബോധമെന്ന ഭയം വിതച്ചുകൊണ്ട്, അത് തന്നോട് ഏറ്റുപറഞ്ഞാൽ ക്ഷമിക്കപ്പെടുമെന്നും, പിന്നെ അവർ പുതിയ മനുഷ്യരാകുമെന്നും അന്ന് അയാൾ പറഞ്ഞുവച്ചു. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, ശാസ്ത്രസാങ്കേതികവിദ്യകളുടെയും, വിവരസാങ്കേതികവിദ്യകളുടെയും മാസ്മരികവലയത്തിനുള്ളിൽ ജീവിക്കുമ്പോഴും, ജനങ്ങൾ അതു വിശ്വസിച്ച് ജീവിക്കുന്നു! അതങ്ങനെ വിശ്വസിക്കണമത്രേ! അതാണത്രേ പാരമ്പര്യം! അപ്പനപ്പൂപ്പന്മാരുടെ കാലം മുതലുള്ളതെല്ലാം നാമും പിന്തുടരണം എന്നാണ് വയ്പ്. പണ്ട് ഗ്രാമപ്രദേശങ്ങളിൽ തെങ്ങുംപറമ്പിൽ കുഴികുത്തി, അതിൽ നെടുകെയും കുറുകെയും പലകവച്ച് അതിലായിരുന്നു പ്രഭാതകർമ്മങ്ങൾ നിർവ്വഹിച്ചിരുന്നത്. അങ്ങനെയെങ്കിൽ, അതും പിന്തുടരണമല്ലോ, പാരമ്പര്യം നിലനിർത്താൻ.

ഒരു മനുഷ്യൻ ഒരു തെറ്റ് ചെയ്തിട്ട്, അത് മറ്റൊരു മനുഷ്യനോടു രഹസ്യമായി പറഞ്ഞാൽ ആ തെറ്റ് തെറ്റല്ലാതായി മാറുമെങ്കിൽ, നമുക്കെന്തിന് നിയമസംവിധാനങ്ങൾ? എന്തിന് കോടതി? തെറ്റിന്റെ ഗൗരവമനുസരിച്ച്, നിയമപരമായിട്ടുള്ള ശിക്ഷ വാങ്ങണം. അതാണ് സംസ്കാരമുള്ള ഒരു സമൂഹത്തിനാവശ്യം. സ്വന്തം വീട്ടിൽ ഒരു തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ, അതിൽ കുറച്ചെങ്കിലും പശ്ചാത്താപമുണ്ടെങ്കിൽ, അത് വീട്ടിലുള്ളവരോട് ഇനിയിതാവർത്തിക്കില്ല എന്ന് ഏറ്റുപറഞ്ഞാൽ അതിനല്ലേ കൂടുതൽ ആത്മാർത്ഥത? അവിടെയല്ലേ സ്നേഹവും ധാരണയും? സുഹൃത്തുക്കളോടും അയൽക്കാരോടും എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അവരോട് ചെന്ന് ഏറ്റുപറഞ്ഞു രമ്യപ്പെടുകയല്ലേ ശരി? അങ്ങനെ ചെയ്യാനല്ലേ യേശു

പറഞ്ഞത്? കൂടുതൽ ഗൗരവമേറിയ വിഷയങ്ങളാണെങ്കിൽ, നിയമസംവിധാനങ്ങളുടെ സഹായം തേടുക. ഇതൊന്നുമല്ല. എവിടുന്നോ വന്ന ഒരു മനുഷ്യന്റെയടുത്തു ചെന്ന് മുട്ടുകുത്തി തനിക്ക് സംഭവിച്ച അബദ്ധങ്ങൾ പറഞ്ഞുപിടിപ്പിക്കുക. പിന്നീട് അയാളുടെ ചൊൽപ്പടിയിലും ഭീഷണിയിലും ജീവിക്കുക. എന്തൊരു ആചാരം! എന്തൊരു കീഴ്‌വഴക്കം!

ഇത് വിശ്വാസങ്ങൾ വ്രണപ്പെടുത്താനുള്ള ഒരു കുറിപ്പല്ല. മാറേണ്ടത് കാലാനുസൃതമായി മാറണം.

നാലാമത്തെ ലാറ്ററൻ കൗൺസിൽ, കാനോൻ 21: ഇങ്ങനെ: 'ഗുണദോഷവിവേചനപ്രായം എത്തിയ എല്ലാ ക്രിസ്ത്യാനികളും ആണ്ടിൽ ഒരിക്കൽ പാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിക്കുകയും കുർബാന കൈക്കൊള്ളുകയും വേണം.' അന്നുമുതലാണ് കുമ്പസാരം ഔദ്യോഗികമായി ഒരു കൂദാശയായി അറിയപ്പെടാൻ തുടങ്ങിയത്.

അപ്പോൾ എന്റെ ചോദ്യം ഇതാണ്:

കത്തോലിക്കാസഭയിൽ ആദ്യ 12 നൂറ്റാണ്ടുകളിൽ വികാരിമാരോട് കുമ്പസാരിക്കാതെ മരിച്ചവർ



അങ്ങനെ മാറിത്തന്നെയാണ് മനുഷ്യൻ ഇവിടംവരെ എത്തിയത്. വിശ്വാസങ്ങൾ വിശ്വാസങ്ങളായി തുടരട്ടെ. പക്ഷേ, ഗോത്രവർഗ്ഗ അനുഷ്ഠാനങ്ങളും അനാചാരങ്ങളും മനുഷ്യനെ പിന്നോട്ടടിക്കുകയോ, സമൂഹത്തിന്റെ സുരക്ഷിതമായ ചുറ്റുപാടിന് തടസ്സമുണ്ടാക്കുകയോചെയ്താൽ, അത് വലിച്ചെറിയണം. എങ്കിൽമാത്രമേ പരിഷ്കൃത സമൂഹത്തിലാണ് നാം ജീവിക്കുന്നതെന്ന ബോധ്യം നമുക്കു സ്വയം ഉണ്ടാവൂ.

കത്തോലിക്കാവിശ്വാസമനുസരിച്ച് ബൈബിളിൽ യേശു പഠിപ്പിക്കുന്നത് ഇങ്ങനെ:

"ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കണമേ. എന്തെന്നാൽ, ഞങ്ങളുടെ കടക്കാരോട് ഞങ്ങളും ക്ഷമിക്കുന്നു" (ലൂക്കാ, 11:4).

"മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും" (മത്താ. 6:14).

അതായത് ദൈവത്തോട് പാപങ്ങൾ നേരിട്ടു പറയാം; അതിന് ഒരു ഇടനിലക്കാരന്റെ ആവശ്യമില്ല എന്ന് യേശുതന്നെ വ്യക്തമാക്കുന്നു. അല്ലെങ്കിൽ, നിങ്ങൾ പുരോഹിതരുടെ അടുത്തുപോയി പാപങ്ങൾ പറഞ്ഞ് കുമ്പസാരിക്കാൻ എന്തുകൊണ്ട് യേശു പറഞ്ഞില്ല?

പിന്നെ കുമ്പസാരം എന്ന കൂദാശ കത്തോലിക്കാസഭയിൽ ഒരു നിയമമായി വരുന്നത് 13-ാം നൂറ്റാണ്ടിലാണ്. 1215 നവംബർ മാസം ഇന്നസെൻറ് മൂന്നാമൻ മാർപാപ്പ റോമിൽ വിളിച്ചുകൂട്ടിയ

സ്വർഗത്തിൽ പോകാതെ നേരെ പോയത് നരകത്തിലേക്കാണോ?

എന്തുകൊണ്ട് അത്രയും കാലം ഇങ്ങനെയൊരു കൂദാശ സഭയിൽ ഉണ്ടായില്ല?

അപ്പോൾ കുമ്പസാരമെന്ന കൂദാശ സ്വീകരിക്കാത്തവരെ സഭ എങ്ങനെ വിശുദ്ധരെന്നു നാമകരണം ചെയ്തു?

സഭയുടെ 1200 വർഷക്കാലം കുഞ്ഞാടുകളുടെ പാപങ്ങൾ ദൈവം പൊറുത്തിരുന്നില്ലേ!?

കുമ്പസാരിക്കാതെ കുർബാന സ്വീകരിക്കാമായിരുന്നോ?

കുഞ്ഞാടുകൾ കുർബാന സ്വീകരിച്ചിരുന്നില്ലേ?

കുഞ്ഞാടുകൾ ചെയ്യുന്ന പാപങ്ങൾ ദൈവത്തോട് നേരിട്ടു പറഞ്ഞ് കുർബാന സ്വീകരിക്കുകയായിരുന്നില്ലേ?

ഈ കൂദാശകൊണ്ട് സഭയ്ക്കുണ്ടായ നേട്ടങ്ങൾ:

കുമ്പസാരംവഴി കുഞ്ഞാടുകളെ മാനസികമായി നിയന്ത്രിക്കുന്നതിനു സഭയ്ക്കു സാധിച്ചു!

മാനസികമായി നിയന്ത്രിക്കാവുന്ന ഒരു ജനതയെ, ശാരീരികമായി നിയന്ത്രിക്കുക വളരെ എളുപ്പമാണ്!

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യഹൂദർ യേശുവിന്റെ അടുക്കൽ കൊണ്ടുവരുമ്പോൾ, 'മുട്ടുകുത്തി നിന്റെ പാപങ്ങൾ ഏറ്റുപറയുക, ഞാൻ നിനക്ക് പാപമോചനം തരാം' എന്നല്ല യേശു പറയുന്നത്, 'ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക, ഇനിമേൽ പാപം ചെയ്യരുത്' എന്നു

# പുരോഹിതർ സ്ത്രീകളെ കുമ്പസാരിപ്പിക്കുന്നതു നിരോധിക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറിയേറ്റ് ധർണ്ണ!




പുരോഹിതന്മാർ സ്ത്രീകളെ കുമ്പസാരിപ്പിക്കുന്നത് നിരോധിക്കണമെന്നാവശ്യപ്പെട്ട് അഡ്വ. ഇന്ദുലേഖാ ജോസഫ് 2018 ജൂലൈ 7 ശനിയാഴ്ച രാവിലെ 11.30-ന് സെക്രട്ടറിയേറ്റിനുമുന്നിൽ ധർണ്ണ നടത്തി. ഇന്ദുലേഖയുടെ വ്യക്തിപരമായ തീരുമാനമായിരുന്നിത്. മാതാപിതാക്കളായ ഇപ്പനും അലോഷ്യാ ജോസഫും, കെ.സി.ആർ.എം. മുൻ ചെയർമാൻ സി.വി. സെബാസ്റ്റ്യൻ, ലത്തീൻ കത്തോലിക്കാനേതാവ് അഡ്വ. ജയിംസ് ഫെർണാണ്ടസ് എന്നിവരും ധർണ്ണയിൽ പങ്കെടുത്തു.

'സ്ത്രീകളെ പുരോഹിതന്മാർ കുമ്പസാരിപ്പിക്കുന്നതു നിരോധിച്ച് നിയമം നിർമ്മിക്കുക', 'സ്ത്രീകളെ കന്യാസ്ത്രീകൾ കുമ്പസാരിപ്പിക്കട്ടെ', 'വിയർപ്പിന്റെ മണമില്ലാത്ത പണം ദുരാസക്തികളെ ആളിക്കത്തിക്കുന്നു', 'ചർച്ച് ആക്ട് നടപ്പിലാക്കി ചർച്ചിന് ധാർമ്മിക സൗന്ദര്യം പകരുക' എന്നിങ്ങനെ എഴുതിയ പ്ലക്കാർഡുകൾ ധർണ്ണയിൽ പങ്കെടുത്തവർ കൈയിലേന്തിയിരുന്നു.

ക്രൈസ്തവസഭയിൽ നിലവിലിരുന്ന പിഴമൂളൽ, അഥവാ സമൂഹകുമ്പസാരം, പുനഃസ്ഥാപിക്കണമെന്ന് ഇന്ദുലേഖ മാധ്യമങ്ങൾക്കു കൊടുത്ത അഭിമുഖത്തിൽ സഭാനേതൃത്വത്തോട് ആവശ്യപ്പെട്ടു.

**സി.വി. സെബാസ്റ്റ്യൻ** ഫോൺ: 9496128188

---

മാത്രമാണ് (യോഹ. 8:11)

പാപങ്ങൾ ദൈവത്തോട് നേരിട്ട് ഏറ്റുപറയാനാണ് യേശു പഠിപ്പിച്ചത്. അല്ലെങ്കിൽ: 'ഞങ്ങളോട് തെറ്റ് ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകളും ഞങ്ങളോട് ക്ഷമിക്കണമേ' (മത്താ. 6:12-15) എന്ന പ്രാർഥനയ്ക്ക് എന്തുവില ?

പാപങ്ങൾ പൊറുക്കുന്നവൻ ദൈവമാണെങ്കിൽ, അവിടെ ഒരു ഇടനിലക്കാരന്റെ ആവശ്യമുണ്ടോ?

പാപിയായ കുഞ്ഞാടിന്റെ പാപങ്ങൾ പൊറുക്കാൻ, പാപംചെയ്യാത്ത ഒരു പാതിരിയെ ദൈവം നിയോഗിച്ചിട്ടുണ്ടോ?

സഭയുടെ പാപങ്ങൾ ഇപ്പോഴും മൂടിവയ്ക്കുന്നില്ലേ?

സമയം ഉള്ളപ്പോഴെല്ലാം കുമ്പസാരിക്കുന്നവരുടെ മാനസികനില കുമ്പസാരിക്കാത്തവരേക്കാൾ മെച്ചമാണോ എന്നു ചുറ്റും നോക്കുക. അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും, ദൈവഭയം എന്ന ചങ്ങലയിൽ വിശ്വാസം എന്ന മതം നിങ്ങളെ ബന്ധിച്ചിരിക്കുകയാണ് എന്ന സത്യം.

അല്ലെങ്കിൽ നിങ്ങളിൽ പാപമില്ലാത്തവർ അവരെ കുമ്പസാരിപ്പിക്കട്ടെ!

ഭയമില്ലാതെ വിശ്വാസമില്ല, നുണയില്ലാതെ സഭയും!

**അടിക്കുറിപ്പ്:** ഒരു വ്യക്തിയുടെ അറിവോ സമ്മതമോ ഇല്ലാതെ, ആ വ്യക്തിയെ കബളിപ്പിക്കാൻ മറ്റൊരാൾക്ക് കഴിയില്ല.ഒരിക്കൽ തിരക്കുപിടിച്ച ഒരു ചർച്ചയ്ക്കിടെ അതിൽ പങ്കെടുത്തിരുന്ന അച്ചനോട് ചോദിച്ചു: അച്ചാ, 'സ്വർഗ്ഗവും നരകവും ഉണ്ടോ...?' അച്ചന്റെ തിടുക്കത്തിലുള്ള മറുപടി... 'പിന്നെ, കോപ്പാ ഉള്ളത്!'

*("Church Act Council" വാട്ട്സാപ്പ് ഗ്രൂപ്പിൽ വന്ന പോസ്റ്റ്)*



# ലൈംഗികപീഡനം: മെത്രാൻമാരും ഒട്ടും മോശമല്ല

സുബിൻ സണ്ണി എബ്രഹാം

**പീഡനപരാതി വന്നപ്പോൾ അമേരിക്കയിൽ നിന്നു നാടുവിട്ട ബിഷപ്പും നാട്ടിലുണ്ട്; ലൈംഗികപീഡനപരാതി നേരിട്ട ആദ്യബിഷപ്പും കേരളത്തിൽ!**

**ക്രൈ**സ്തവസഭകളിലെ വൈദികരുടെ പീഡന പരാതികളെക്കുറിച്ചുള്ള കഥകൾ സാമൂഹിക മാധ്യമങ്ങളിലൂടെ പരക്കുന്നതിനിടയിൽ മെത്രാൻമാരുടെ പീഡനകഥകൾ പലപ്പോഴും വെളിച്ചംകാണാതെ പോവുകയാണ്. ഈ അടുത്തകാലത്ത് ഓർത്തഡോക്സ് സഭയിലെ ഒരു ബിഷപ്പിനെതിരെ അമേരിക്കയിൽ ലൈംഗികപീഡനപരാതി ഉയരുകയും, കേസിൽ അറസ്റ്റിലാകുന്ന ഘട്ടത്തിൽ അദ്ദേഹം നാടുവിടുകയുമായിരുന്നു.അദ്ദേഹത്തെ ഇപ്പോൾ ആലപ്പുഴ ജില്ലയിലെ ഒരു ഭദ്രാസനത്തിൽകുടിയിരുത്തിയിരിക്കുകയാണ്.

ഇതിനുമുമ്പേ ഓർത്തഡോക്സ് സഭയിലെ ഒരു പ്രമുഖ ബിഷപ്പിനെതിരെ ഒട്ടേറെ ലൈംഗിക പീഡന പരാതികൾ ഉയരുകയും ചില മഞ്ഞപ്പത്രങ്ങളിൽ പരമ്പരയായി അതു സംബന്ധിച്ച വാർത്തകൾ പടരുകയും ചെയ്തിരുന്നു. ഇതിനുപുറമെ അയാളുടെപേരിൽ വസ്തു തട്ടിപ്പ്, ബാലഭവൻ തട്ടിപ്പ് എന്നിങ്ങനെ സാമ്പത്തിക പരാതികളും ഉയർന്നിരുന്നു. എന്നിട്ടും കാര്യമായ നടപടികളൊന്നും സഭാനേതൃത്വം കൈക്കൊണ്ടില്ല. ഇപ്പോഴും ഇവരെല്ലാം സസുഖം വാഴുകയാണ്.

**സമാനമായ പരാതികൾ കേരളത്തിലെ പല ക്രൈസ്തവ സഭകളിലും ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ അവയൊന്നും കോടതിയിലെത്താതിരിക്കാൻ ഒത്തുതീർപ്പാക്കുകയോ ഇരകളെ ഭീഷണിപ്പെടുത്തി പരാതികൾ പിൻവലിപ്പിക്കുകയോ ആണുണ്ടായിട്ടുള്ളത്.**

2011-ൽ മാർത്തോമ്മാ സഭയിലെ ബിഷപ്പായ യുയാക്കിം മാർ കൂറിലോസ് എന്ന ബിഷപ്പിനെതിരെ പത്തനംതിട്ട ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ മാർത്തോമ്മാ സഭാവിശ്വാസിയായ യുവാവ് ലൈംഗികപീഡന പരാതി നൽകിയിരുന്നു. സഭയുടെ സ്ഥാപനത്തിൽ ജോലിചെയ്തിരുന്ന തന്നെ ബിഷപ്പ് ലൈംഗികമായി പീഡിപ്പിക്കുകയും വിവരം പുറത്തുപറഞ്ഞാൽ ജോലിയിൽനിന്നു പിരിച്ചുവിടു മെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തതായിആരോപിച്ചുകൊണ്ടായിരുന്നു പരാതി. ഹർജി ഫയലിൽ സ്വീകരിച്ച കോടതി പോലീസിനോട് അന്വേഷിക്കാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സാക്ഷിമൊഴികൾ ഇല്ലെന്ന ന്യായം പറഞ്ഞ് പോലീസ് കേസ് എഴുതിത്തള്ളുകയായിരുന്നു. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഒരു ലൈംഗിക പീഡനക്കേസിൽ ബിഷപ്പ് പ്രതിയാകുന്നത്. പീഡനക്കേസിൽ പ്രതിയായ ഈ മെത്രാനെ ഒരു വർഷത്തോളം സഭയുടെ ഭരണച്ചുമതലകളിൽനിന്നു മാറ്റിനിർത്തുകയുണ്ടായെങ്കിലും പിന്നീട് ഇയാൾക്ക് ഒരു സ്വതന്ത്ര ഭദ്രാസനത്തിന്റെ ചുമതല നൽകുകയാണ് ചെയ്തത്. പോലീസന്വേഷണം ഇരയ്ക്കെതിരെയായിരുന്നു. പിന്നീട് അപ്പീൽ നൽകുന്നതിനെതിരെ ഇരയെ സ്വാധീനിക്കുകയും ചെയ്തിരുന്നു.

സമാനമായ പരാതികൾ കേരളത്തിലെ പല ക്രൈസ്തവസഭകളിലും ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ അവയൊന്നും കോടതിയിലെത്താതിരിക്കാൻ ഒത്തുതീർപ്പാക്കുകയോ ഇരകളെ ഭീഷണിപ്പെടുത്തി പരാതികൾ പിൻവലിപ്പിക്കുകയോ ആണുണ്ടായിട്ടുള്ളത്. രണ്ടുവർഷംമുമ്പ് ഓർത്തഡോക്സ് സഭയിലെ ഒരു ബിഷപ്പിനെതിരെ അദ്ദേഹത്തിന്റെ അരമനയിൽ ജോലി ചെയ്തിരുന്ന സ്ത്രീ പരാതിപ്പെട്ടതായും 20 ലക്ഷം രൂപ നൽകി കേസ് ഒത്തുതീർത്തതായും വാർത്തകൾ പരന്നിരുന്നു. ഏതാനും വർഷംമുമ്പ് യാക്കോബായ സഭയിലെ ഒരു പ്രമുഖ ബിഷപ്പിനെ ലൈംഗികപീഡന പരാതിയുടെപേരിൽ സഭയിൽനിന്നു പുറത്താക്കിയിരുന്നു.

പ്രശസ്ത എഴുത്തുകാരിയും മുൻ കന്യാസ്ത്രീയുമായ സിസ്റ്റർ ജെസ്മി വൈദികരുടെയും ബിഷപ്പുമാരുടെയും ലൈംഗികഅരാജകത്വത്തെക്കുറിച്ച് തന്റെ പുസ്തകങ്ങളിൽ എഴുതിയിട്ടുണ്ട്. വൈദികരുടെ ലൈംഗികപീഡനത്തിനും പെൺവാണിഭത്തിനും കേരളത്തിലെ വാർത്താമാധ്യമങ്ങൾ വേണ്ടത്ര പ്രചാരണം നൽകുന്നുണ്ടെങ്കിലും, സഭാമേലധ്യക്ഷൻമാരുടെ വഴിപിഴച്ച പോക്കിനെക്കുറിച്ച് പലപ്പോഴും മിണ്ടാറില്ല. ■

# കന്യാസ്ത്രീക്കെതിരെ ജലന്തർ രൂപത!

**ബി**ഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെതിരെ ലൈംഗികാരോപണം ഉന്നയിച്ച കന്യാസ്ത്രീക്കെതിരെ ജലന്തർ രൂപതയുടെ സർക്കുലർ. വൈദികർക്കും കന്യാസ്ത്രീകൾക്കും അയച്ച സർക്കുലറിൽ കന്യാസ്ത്രീക്കെതിരെ രൂക്ഷവിമർശനമാണ് ഉന്നയിക്കുന്നത്.

ജലന്തർ രൂപതയ്ക്കു കീഴിലുള്ള ധാരാളം വൈദികർക്കും കന്യാസ്ത്രീകൾക്കുമായി വികാരി ജനറൽ മാത്യു കോക്കണ്ടം ആണ് സർക്കുലർ അയച്ചത്. സർക്കുലറിൽ കന്യാസ്ത്രീക്കെതിരെ രൂക്ഷവിമർശനമാണുള്ളത്. കന്യാസ്ത്രീയുടെ ബന്ധുനൽകിയെന്നു പറയുന്ന പരാതിയുടെ ഉള്ളടക്കത്തെക്കുറിച്ചും സർക്കുലറിൽ പറയുന്നു.

കന്യാസ്ത്രീയുടെ ബന്ധുവിന്റെ പരാതിയിൽ പ്രാഥമിക അന്വേഷണം നടത്തിയ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ കന്യാസ്ത്രീയെ മദർ സുപ്പീരിയർ സ്ഥാനത്തുനിന്നും നീക്കി. ഇതിന്റെ പ്രതികാരമായാണ് ബിഷപ്പിനെതിരെ വ്യാജപരാതി ഉന്നയിച്ചതെന്നും സർക്കുലറിൽ പറയുന്നു. കന്യാസ്ത്രീകളും ബന്ധുക്കളും ബിഷപ്പിനെതിരെ വധഭീഷണി മുഴക്കിയതായും ഇതിനെതിരായ നിയമനടപടികൾ പുരോഗമിക്കുകയാണെന്നും സർക്കുലറിൽ പറയുന്നു

*(കടപ്പാട്: ജൂലൈ 6-ലെ Laity voice blog)*

*- ഒരു കന്യാസ്ത്രീക്കെതിരെ സർക്കുലറും ഇടയലേഖനവുമൊക്കെയിറക്കാൻ ഏതു മെത്രാനും സാധിക്കും. അവരുൾപ്പെട്ട സന്ന്യാസസമൂഹത്തെക്കൊണ്ട് കന്യാസ്ത്രീക്കെതിരെ പത്രക്കുറിപ്പിറക്കിക്കാനും മെത്രാനുകഴിയും. എന്നാൽ അതിനൊന്നും കഴിയാത്തവർക്കെതിരെ, അധികാരത്തിന്റെ തണലിലിരുന്ന് 'ആധികാരിക'മായി ആരോപണങ്ങളുന്നയിക്കുന്നതിലും കുറ്റം വിധിക്കുന്നതിലുമുള്ള അധാർമ്മികതയും വ്യക്തിഹത്യാലക്ഷ്യവും സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാകും.*



*കാശ്മീരിൽ നടന്ന ബാലികാലൈംഗികപീഡനത്തിനെതിരെ പ്രകടനംനയിക്കുന്ന ബിഷപ് ഫ്രാങ്കോ മുളയ്ക്കൽ*



*സി.റെജീന കടംതോട്ട് (മദർ ജനറാൾ)*

*ജലന്തർ ബിഷപ്പിന്റെ പെരുമാറ്റദൂഷ്യംമൂലം 18 കന്യാസ്ത്രീകൾ സഭ വിട്ടു പോയെന്നും 5 മഠങ്ങൾ പൂട്ടിയെന്നും വിശ്വസനീയമായി അറിയുന്നു. ഇതിനുള്ള വിശദീകരണമൊന്നും ബിഷപ്പ് തന്റെ സർക്കുലറിലോ കന്യാസ്ത്രീകളെക്കൊണ്ടു പുറപ്പെടുവിച്ച പത്രക്കുറിപ്പിലോ ഒന്നും പറഞ്ഞുകണാത്തതെന്തുകൊണ്ട്? ഈച്ചയെ കൊല്ലാൻ പീരങ്കി ഉപയോഗിക്കുന്നതിനുപിന്നിലെ ഭീതിനിറഞ്ഞ വിഡ്ഢിത്തവും ജനത്തിനു മനസ്സിലാകും.*

*മെത്രാന്മാരുടെ നേതൃത്വത്തിലുള്ള അതിശക്തമായ സഭാസംവിധാനങ്ങൾക്കുള്ളിൽ നിന്നുകൊണ്ട്, ഒരു മെത്രാനെതിരെ ഒരു കന്യാസ്ത്രീ പരസ്യമായി രംഗത്തുവന്നെങ്കിൽ, അതിനു പിന്നിൽ ഒരു സത്യമുണ്ടായിരിക്കും എന്നു മനസ്സിലാക്കാനും സാധാരണ മനുഷ്യർക്കു കഴിയും. അതുകൊണ്ട് ഇത്തരം 'ആധികാരിക' അതിക്രമങ്ങളും നുണപറച്ചിലുകളും അവസാനിപ്പിച്ച് ഭൂമിയിലേക്കിറങ്ങി ഇന്ത്യൻ നിയമ വ്യവസ്ഥയ്ക്കു വിധേയപ്പെടുന്ന തായിരിക്കും ജലന്തർ ബിഷപ്പിനും അദ്ദേഹത്തെ പിന്തുണയ്ക്കുന്ന മേജർ ആർച്ചുബിഷപ്പിനും ഭൂഷണം.*

**എഡിറ്റർ**


## ചർച്ച് ആക്ട് കോപ്പികൾ ലഭിക്കാൻ

**'മാനേജർ, ജീവാ പ്രസ്സ്, ചൂരാപ്പുഴ ബിൽഡിംഗ്, ധന്വന്തരി ജംഗ്ഷൻ, തൊടുപുഴ, ഇടുക്കി ജില്ല' എന്ന വിലാസത്തിൽ 100 രൂപാ അയയ്ക്കുന്നവർക്ക്, 50 ചർച്ച് ആക്ട് (മലയാളം) കോപ്പികൾ അയച്ചുതരുന്നതാണ്. ഫോൺ: 9961255175**

# കന്യാസ്ത്രീകളുടെ സംരക്ഷണത്തിന് അടിയന്തിരമായി ഇടപെടുക

## -കാത്തലിക് ലേമെൻസ് അസ്സോസ്സിയേഷൻ

**ക**ന്യാമഠങ്ങളിൽ താമസിക്കുന്ന സഹോദരിമാർ 15-ാം വയസ്സിൽ വീടും വീട്ടുകാരെയും ബന്ധുജനങ്ങളെയും വിട്ട് ആത്മീയജീവിതത്തിനായി മെത്രാന്മാരുടെയും ഇടവകവൈദികരുടെയും 'ദൈവവിളി'എന്ന മോഹനവാഗ്ദാനത്തിൽ ആകർഷിക്കപ്പെട്ട് കന്യാവ്രതം സ്വീകരിച്ചവരാണ്. ഇവരിൽ നിരവധിപ്പേർ ഇന്നു മെത്രാന്മാരുടെയും വൈദികരുടെയും നിരന്തര ലൈംഗികചൂഷണങ്ങൾക്കും പീഡനങ്ങൾക്കും ഇരകളായി മഠങ്ങളുടെ മതിലുകൾക്കുള്ളിൽ സംരക്ഷണമില്ലാതെ മനംനൊന്തു കഴിയുകയാണ്.

ഒരു സ്ത്രീക്ക് ഏറ്റവും വിലപ്പെട്ടതാണ് കന്യാത്വം. കന്യാത്വം നഷ്ടപ്പെട്ടവൾ എന്നറിഞ്ഞാൽ, സഭയിലും സമൂഹത്തിലും കുടുംബത്തിലും അവൾ അനഭിമതയാണ്. അതിനാൽ അവൾ ലൈംഗികചൂഷണങ്ങൾക്ക് ആജീവനാന്തം വിധിക്കപ്പെട്ടവളായി മഠത്തിനുള്ളിൽ കഴിയുകയാണ്. പ്രതികരിക്കുന്നവരെ യാതൊരു നീതീകരണവുമില്ലാതെ മഠങ്ങളിൽനിന്ന് പുറംതള്ളുന്ന നയമാണ് മെത്രാന്മാരും മഠാധിപതികളും സ്വീകരിക്കുന്നത്. ഇത് കടുത്ത മനുഷ്യാവകാശലംഘനവും വഞ്ചനയുമാണ്.

ഇരകളാക്കപ്പെട്ടവരെ ഉത്തരവാദികളായ മെത്രാനോ വൈദികനോ പരസ്യവിവാഹം നടത്തി മാതൃകാപരമായ ജീവിതം നയിച്ച് ക്രിസ്തീയ അന്തസ്സ് കാക്കുകയാണ് ചെയ്യേണ്ടത്. മഠങ്ങളിൽനിന്നു പുറന്തള്ളപ്പെട്ട നിരവധിപേർ ഇന്ന് നിലവിലുണ്ട്. അവർക്ക് അർഹമായ നഷ്ടപരിഹാരവും പുനരധിവാസവും ചെയ്തുകൊടുക്കാൻ മെത്രാന്മാരും മഠാധിപതികളും തയ്യാറാകണം. ഈ കാര്യത്തിൽ സർക്കാരും മനുഷ്യാവകാശകമ്മീഷനും വനിതാ കമ്മീഷനും അടിയന്തിരമായി ഇടപെടണം. മെത്രാന്മാരും വൈദികരും കാനോൻനിയമത്തിലെ രഹസ്യവിവാഹം എന്ന അസാന്മാർഗ്ഗിക പ്രവൃത്തികൾ അവസാനിപ്പിച്ച് ക്രിസ്തീയമായ ജീവിതം നയിക്കണമെന്ന് 'കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ' ദശാബ്ദങ്ങളായി ആവശ്യപ്പെട്ടു വരുന്നതാണ്. ഈ കാര്യങ്ങൾ വാർത്താമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ഇത് അവഗണിക്കപ്പെട്ടതിനാലാണ് ക്രിസ്തീയ സഭാസമൂഹം ഒന്നടങ്കം അപമാനിതരാകുവാൻ ഇടയായിട്ടുള്ളത്.

'കാത്തലിക് ലേമെൻസ് അസ്സോസിയേഷ'നുവേണ്ടി,

**- എം.എൽ ജോർജ്ജ് മാളിയേക്കൽ** (ജന: സെക്രട്ടറി)

**നർമ്മം**

# സോദോം-ഗോമോറ ടീമുകൾ ഫുട്ബോൾ ഗ്രൗണ്ടിൽ!

**ക**ത്തോലിക്കാ ടീമും ഓർത്തഡോക്സ് ടീമും തമ്മിൽ നടന്ന വാശിയേറിയ ഫുട്ബോൾ മാച്ചിൽ, ആദ്യത്തെ 10 മിനിറ്റിനുള്ളിൽ കത്തോലിക്കാ ടീം ഗോളടിച്ചു. ടീമിനുവേണ്ടി സൂപ്പർ താരം റോബിൻ ആണ് ആദ്യ ഗോളടിച്ചത്. പള്ളിമേടയ്ക്കു മുകളിലൂടെ പൊങ്ങിവന്ന ബോൾ തന്റെ ഇടം കാലുകൊണ്ട് തട്ടിയെടുത്ത് മനോഹരമായ സിസർകട്ടിലൂടെ പള്ളിമേടയിൽവെച്ചു ഗോളാക്കി മാറ്റുകയായിരുന്നു. ഈ ഗോളടിച്ചത് റോബിനല്ലെന്നും ഗോളിതന്നെയാണെന്നും പലരും വാദിച്ചെങ്കിലും, അവസാനം തേർഡ് അമ്പയറിങ്ങിലൂടെ ആ ഗോൾ റോബിന്റെ പേരിലാവുകയായിരുന്നു. പണ്ട് ഫാരിസ് അബൂബക്കറിന്റെയൊപ്പം ദീപിക ടീമിൽ കളിച്ചിരുന്ന സൂപ്പർ താരമാണ് റോബിൻ.

ആദ്യത്തെ ഗോളിന്റെ ഞെട്ടലിൽനിന്ന് ഉയിർത്തെഴുന്നേറ്റ ഓർത്തഡോക്സ് ടീം 5 ഗോൾ അടിച്ചുകൊണ്ടാണ് പ്രതികാരം ചെയ്തത്. എണ്ണംപറഞ്ഞ അഞ്ചു ഗോളുകൾ! അതും പത്തു മിനിറ്റിനുള്ളിലാണ് ഈ അഞ്ചു ഗോളുകളും അടിച്ചത് എന്നതാണ്, ആ ടീമിന്റെ കളിവൈഭവം കാണിക്കുന്നത്. പന്തുമായി വന്നിട്ട് ഗോളിയോട് ഒരു സ്വകാര്യം പറയാനുണ്ട് എന്നു പറഞ്ഞ് അടുത്തു വിളിച്ചശേഷം ഗോളിയെ പറ്റിച്ചാണ് ഈ അഞ്ചു ഗോളുകൾ എന്ന പ്രത്യേകതയും ഈ ഗോളുകൾക്കുണ്ട്. അബ്രഹാം, ജോൺസൺ, ജോബ്, ജൈസ്, ജിജോ എന്നിവരാണ് ടീമിനുവേണ്ടി പെനാൽറ്റി ഷൂട്ട്ഔട്ടിനെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ തുടരെത്തുടരെ ഒരേ രീതിയിൽ ഗോളുകൾ നേടി ടീമിന്റെ മാനം കാത്തത്.

രണ്ടാം പകുതിയുടെ ആദ്യമിനുട്ടിൽ ഇതാ, കത്തോലിക്കാ ടീമിന്റെ ആടുത്ത ഗോൾ! ആ മനോഹരമായ ഗോൾ അടിച്ചിരിക്കുന്നത് സൂപ്പർ താരം ഫ്രാങ്കോ ആണ്. അദ്ദേഹത്തിന്റെ മനോഹരമായൊരു ഫ്രീ കിക്ക് ആയിരുന്നു, അത്. മറ്റു കളിക്കാരെയെല്ലാം കബളിപ്പിച്ചു പോസ്റ്റിലേക്ക് വളഞ്ഞിറങ്ങുന്ന മനോഹരമായ ഒരു ഗോൾ! ഇപ്പോൾ ജലന്ധർ ടീമിന്റെ ക്യാപ്റ്റനും സൂപ്പർ താരവുമാണ് ഫ്രാങ്കോ. ജേഴ്സി തേച്ചിട്ടു കളിക്കുന്നതാണ് ഫ്രാങ്കോയുടെ വിജയ രഹസ്യം.

ഒരാളെ ഫൗൾ ചെയ്തുകൊണ്ട് ഗോളടിച്ചതിനാൽ ചിലപ്പോൾ ഫ്രാങ്കോയ്ക്ക് ചുവപ്പു കാർഡ് കിട്ടാനും ചാൻസുണ്ട്...... കളിയവസാനിക്കാൻ നിമിഷങ്ങൾ ബാക്കിയുള്ളപ്പോൾ രണ്ടു ടീമുകളും വാശിയേറിയ പോരാട്ടത്തിലാണ്....

*NB: കുറേ നാളായി കളത്തിലിറങ്ങിയിട്ടും ഗോളടിക്കാൻ പറ്റാത്തതിനാൽ യാക്കോബായ, മാർത്തോമ്മാ പെന്തകോസ്ത് ടീമുകളുടെ ആരാധകർ കടുത്ത നിരാശയിലാണ്.*

*('Church Act Council' വാട്ട്സാപ്പ് ഗ്രൂപ്പിൽ വന്നത്)*

# ചർച്ച് ആക്ട്: മാർത്തോമ്മാനിയമത്തിന്റെ പുനർജനി (തുടർച്ച)

**ഫാ. ജോൺ കൊച്ചുമുട്ടം**

*[കാവക്കാട് സെന്റ് മേരീസ് ചർച്ച് വികാരിയായ ലേഖകൻ 'നസ്രാണിദീപം' മാസികയുടെ ചീഫ് എഡിറ്റർ കൂടിയാണ്. ഏപ്രിൽ ലക്കം 'നസ്രാണിദീപ'ത്തിലെ 'മുഖക്കുറി'. സത്യജ്വാല മെയ് ലക്കത്തിൽനിന്നുള്ള തുടർച്ച]*

**ഭാ**രതത്തിൽ ഇന്ന് പ്രധാനമായും 4 മത സമൂഹങ്ങളുണ്ട് - ഹിന്ദുക്കൾ, മുസ്ലീങ്ങൾ, സിക്കുകാർ, ക്രൈസ്തവർ. ഓരോ മതസമൂഹത്തിനും ആരാധനാലയങ്ങളും അവയോടനുബന്ധിച്ച് സമൂഹസമ്പത്തും ഉണ്ട്. ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും സിക്കുകാർക്കും തങ്ങളുടെ പ്രാർഥനാലയങ്ങളും സമൂഹസമ്പത്തും ഭരിക്കുന്നതിന് വ്യവസ്ഥചെയ്യുന്ന സിവിൽ നിയമങ്ങൾ ഇതിനകം നടപ്പിൽ വന്നുകഴിഞ്ഞു. അതനുസരിച്ച് ഹിന്ദുക്കൾക്ക് 'ദേവസ്വം ബോർഡ്' നിയമവും മുസ്ലീങ്ങൾക്ക് 'വഖഫ്' നിയമവും സിക്കുകാർക്ക് 'ഗുരുദ്വാര ആക്ടും' (1925) പ്രാബല്യത്തിലുണ്ട്. ഓരോ സമൂഹവും അതാതിന്റെ നിയമമനുസരിച്ച് ഭരിക്കപ്പെടുന്നു.

നിയമപ്രകാരം ഹിന്ദുമതധർമസ്ഥാപനങ്ങൾ വരുമാനങ്ങളുടെ വരവ്-ചെലവ് കണക്കുകൾ അധികാരികൾക്ക് സമർപ്പിക്കുവാൻ ബാധ്യസ്ഥരാണ്. അതിൽ ഗുരുവായൂർ ദേവസ്വം വരില്ല എന്ന ഒരു വാദം ഉയർന്നതിനേത്തുടർന്ന് 'ഗുരുവായൂർ ദേവസ്വം ആക്ട്' പാസ്സാക്കിയിട്ടുണ്ട്. ഈ നിയമങ്ങൾ നിയമസഭ പാസ്സാക്കിയതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആ സ്ഥാപനങ്ങളുടെ സ്വത്തുക്കൾ ഓഡിറ്റ് (audit) ചെയ്യേണ്ടതിന് ഹൈക്കോടതിയിലെ രണ്ട് ജഡ്ജിമാർ അടങ്ങുന്ന ഒരു ഡിവിഷൻ ബെഞ്ചിന് ചുമതലയുണ്ടെന്നും ഈ ആക്ടിൽ പറയുന്നു. അതിന്റെ മേലന്വേഷണം നടത്തേണ്ട ചുമതല ഹൈക്കോടതിക്കാണ്.

ന്യൂനപക്ഷങ്ങൾക്ക് ഇങ്ങനെ ഒരു നിയമം ബാധകമല്ലെന്ന് പറയുന്നത് ശരിയല്ല. മുസ്ലീങ്ങളുടെ വഖഫ് നിയമവും സിക്ക് ഗുരുദ്വാര നിയമവും ഇവിടെ കണക്കിലെടുക്കേണ്ടതുണ്ട്. ഇവർ രണ്ടു കൂട്ടരും മതന്യൂനപക്ഷങ്ങളാണല്ലോ. വഖഫ് നിയമപ്രകാരം പൊതുസ്വത്ത് സംബന്ധിക്കുന്ന തർക്കങ്ങൾ തീരുമാനിക്കാൻ വഖഫ് ട്രൈബ്യൂണലുണ്ട്. ഈ ട്രൈബ്യൂണലിന്റെ തീരുമാനങ്ങൾക്കുമുകളിൽ ഹൈക്കോടതിയിൽ അപ്പീൽ പോകുന്നതിന് വ്യവസ്ഥയുണ്ട്. അപ്പീലുകൾക്കുമേൽ ഭരണഘടനയുടെ 26-ാം വകുപ്പനുസരിച്ച് റിട്ടുപെറ്റീഷൻ ഫയൽ ചെയ്യാനുള്ള എല്ലാ അവകാശവും സംരക്ഷിച്ചിരിക്കുന്നു.

ഇന്ത്യയിലെ മറ്റൊരു മതന്യൂനപക്ഷമായ സിക്കുകാർക്കും അവരുടെ മതസ്ഥാപനങ്ങൾ സംബന്ധിച്ച് വ്യക്തമായ നിയമങ്ങളുണ്ട്. ഈ നിയമങ്ങളെല്ലാം ഇന്ത്യൻ ഭരണഘടനപ്രകാരം പാസ്സാക്കിയിട്ടുള്ളതാണ്. പൊതുമുതൽ നിയമത്തിന്റെ ശൃംഖലയിൽ കൊണ്ടുവരണമെന്നു പറയുന്ന റിപ്പബ്ളിക്കൻ ചിന്തയുടെ ഭാഗമായിട്ടാണ് ഇതെല്ലാം നടപ്പാക്കിയിട്ടുള്ളത്.

ഇപ്രകാരമുള്ള നിയമങ്ങൾക്ക് വിധേയമായതുകൊണ്ട് ആ മതങ്ങളുടെ അവകാശങ്ങളോ മതാനുഷ്ഠാനങ്ങളോ ഏതെങ്കിലും തരത്തിൽ വ്രണപ്പെട്ടതായി ആരും പരാതി പറയുന്നില്ല. ഈ മതവിഭാഗങ്ങളുടെ പൊതുസ്വത്ത് കൈകാര്യം ചെയ്യുന്നതിലെ സുതാര്യത വെളിപ്പെടുവാൻ ഈ നിയമങ്ങൾ ഏറെ പ്രയോജനപ്പെടുന്നു.

ക്രൈസ്തവർക്കാകട്ടെ, അവരുടെ ആരാധനാലയങ്ങളായ പള്ളികളുടെയും പള്ളിവക സ്വത്തുക്കളുടെയും ഭരണം സംബന്ധിച്ച് മുൻപ്രസ്താവിച്ച പ്രകാരമുള്ള ഒരു സിവിൽ നിയമം ഇന്നില്ല. ഭരണഘടനപ്രകാരം പാസ്സാക്കപ്പെട്ട നിയമത്തിനു വിധേയമല്ലാത്ത സമ്പത്ത് വിപുലപ്പെടുത്തുകയും കൈകാര്യംചെയ്യുകയും ചെയ്യുന്നവർ ക്രിസ്തീയ മതനേതാക്കൾമാത്രമാണ്. കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം അത് ഇന്ന് ഭരിക്കപ്പെടുന്നത് സഭ മുഴുവന്റെയും തലവനായ റോമിലെ മാർപാപ്പ നടപ്പാക്കിയിട്ടുള്ള പാശ്ചാത്യ - പൗരസ്ത്യ കാനോൻ നിയമങ്ങൾപ്രകാരമാണ്. ഈ കാനോൻ നിയമമാകട്ടെ വിദേശനിർമിതവുമാണ്. വിദേശനിർമ്മിത കാനോൻനിയമം ഉപയോഗിച്ചുള്ള ഈ അധികാര സംവിധാനം രാഷ്ട്രത്തിന്റെ പരമാധികാരത്തിന് ചേർന്നതല്ല. ഒരു മതത്തിന് വിവിധ നൈയാമിക സംഘടനകളുണ്ട്. അവർക്ക് സമ്പത്തുണ്ട്. അവർക്ക് ഭരണനിർവഹണം നടത്തുന്നതിന് അതാതു രാഷ്ട്രത്തിന്റെ നിയമങ്ങളാണ് ബാധകമാകേണ്ടത്. കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ നടപ്പാക്കിയിട്ടുള്ള കാനോൻ നിയമം പകരം വയ്ക്കുമ്പോൾ അത് ഒരുതരം മതകൊളോണിയലിസമാകും. മാത്രമല്ല, മതമേധാവികളുടെ സ്വേച്ഛാധിപത്യത്തിന് അത് ഇടയാക്കും. അവരുടെ സാമ്പത്തികക്രമക്കേടുകൾക്ക് തടയിടുന്നതിന് രാഷ്ട്രത്തിനു കഴിയാതെയുംപോകും.

മതത്തിന്റെപേരിലോ മതസ്ഥാപനങ്ങളുടെ

പേരിലോ വിദേശത്തുനിന്നോ, സ്വദേശത്തുനിന്നോ സമാഹരിക്കുന്ന സമ്പത്ത്, നിയമത്തിന് വിധേയമായിരിക്കണം. നിയമത്തിന് വിധേയമല്ലാത്ത സമ്പത്ത് സമാഹരിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ ഏതെങ്കിലും മതസംഘടനകൾക്കോ സ്ഥാപനങ്ങൾക്കോ മതനേതാക്കൾക്കോ സ്വാതന്ത്ര്യമുണ്ടായാൽ അത് അഴിമതിക്ക് കാരണമാകും. മതസ്വാതന്ത്ര്യത്തെത്തന്നെയും അത് അപകടത്തിലാക്കും. ഇങ്ങനെ സമാഹരിക്കുന്ന സമ്പത്തിന്റെ അളവും വിന്യാസവും അറിയുന്നതിനുള്ള അവകാശം ഓരോ സമൂഹത്തിലെയും അംഗങ്ങളുടെ മൗലികാവകാശത്തിൽപ്പെടുന്നു. അതിനാൽ ക്രൈസ്തവസമൂഹത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ കണക്കുകൾ - വിദേശപ്പണം, മെത്രാന്റെ യാത്രാച്ചെലവ്, അദ്ദേഹത്തിന് സഭയുടെപേരിൽ ലഭിക്കുന്ന സംഭാവനകൾ ഇത്യാദി - സുതാര്യതയോടെ അറിയുന്നതിനും ഭരണത്തിൽ പങ്കാളികളാകുന്നതിനും ഓരോ അംഗത്തിനും അവകാശമുണ്ട്. ഈവക കാര്യങ്ങളിൽ അവകാ ശലംഘനം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. അധികാര ദുർവിനിയോഗവും ഏകാധിപത്യപ്രവണതയും നിയന്ത്രിക്കേണ്ടതുണ്ട്. സാമ്പത്തിക അച്ചടക്കം പല രംഗങ്ങളിലും പാലിക്കപ്പെടേണ്ടിയിരിക്കുന്നു. പള്ളിയും സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പള്ളിസ്വത്തുക്കളും വിശ്വാസികൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾകൂടി ഉൾപ്പെടുന്ന കമ്മിറ്റിയാൽ ഭരിക്കപ്പെടണം. ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ക്രമവും നിയന്ത്രണവും വ്യവസ്ഥചെയ്യുന്ന പള്ളിനിയമം ഉണ്ടാക്കുന്നതിൽ എന്താണ് തെറ്റ്?

മാർത്തോമ്മാ നസ്രാണികളെ സംബന്ധിച്ചിടത്തോളം പള്ളികളും പള്ളിവക സ്ഥാപനങ്ങളും പാരമ്പര്യമനുസരിച്ച് പള്ളിയോഗങ്ങളാണ് ഭരിച്ചുപോന്നത്. പള്ളി പള്ളിക്കാരുടേത് - ഇതാണ് അവരുടെ എന്നത്തെയും സമവാക്യം. പള്ളിവസ്തുക്കളുടെ ദൈനംദിന ഭരണകാര്യങ്ങളിൽ സഭാശുശ്രൂഷകരായ പുരോഹിതന്മാരും മെത്രാന്മാരും ഇടപെട്ടിരുന്നില്ല. "ഇടവകയുടെ ഭരണം നടത്തിയിരുന്നത് പള്ളിയോഗമാണ്. കുടുംബത്തലവന്മാരും തദ്ദേശ വൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തെയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവക വൈദികരിൽ പ്രായം ചെന്ന ആളാണ് പള്ളിയോഗത്തിന്റെ അദ്ധ്യക്ഷൻ. അദ്ദേഹംതന്നെയാണ് പള്ളിയിലെ മതകർമ്മാനുഷ്ഠാനങ്ങൾ നിയന്ത്രിച്ചിരുന്നതും. പള്ളിയോഗം പള്ളിയുടെ ഭൗതികസ്വത്തുക്കളുടെ മാത്രമല്ല, ഇടവകയിലെ ക്രിസ്തീയജീവിതം മുഴുവന്റെയും മേലന്വേഷണം വഹിച്ചിരുന്നു. പരസ്യപാപം സംബന്ധിച്ച കേസുകൾ തീരുമാനിച്ചിരുന്നത് ഈ യോഗമാണ്. വ്യക്തികളെ സഭാസമൂഹത്തിൽനിന്ന് തൽക്കാലത്തേക്ക് പുറന്തള്ളുവാൻ അധികാരവും യോഗത്തിനുണ്ടായിരുന്നു. സഭ ദൈവജനമാണെന്ന അടിസ്ഥാനതത്ത്വവും സഭാഭരണത്തിലുള്ള കൂട്ടുത്തരവാദിത്വവും പള്ളിയോഗം പ്രസ്പഷ്ടമാക്കുന്നു" (ഭാരതസഭാചരിത്രം, റവ.ഡോ. സേവ്യർ കൂടപ്പുഴ, പേജ് 198). തൃശൂർ അതിരൂപതയുടെ ഇപ്പോഴത്തെ അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത്, റവ. ഡോ. ജോസ് കുറിയേടത്ത് തുടങ്ങിയവർ ഇതിനെക്കുറിച്ച് ആഴമായ പഠനങ്ങൾ നടത്തിയിട്ടുള്ളവരാണ്. ഇവരാകട്ടെ, ഈ വിഷയത്തിൽ ഇപ്പോൾ ഉറക്കംനടിക്കുന്നതായി തോന്നുന്നു. വാസ്തവത്തിൽ ഇന്ന്, ക്രൈസ്തവസമൂഹത്തിന്റെ വകയായ പള്ളികളുടെമേലും സ്ഥാപനങ്ങളുടെമേലും കാനോൻ നിയമത്തിന്റെ ബലത്തിൽ അധികാരകേന്ദ്രങ്ങൾ പിടിമുറുക്കിയിരിക്കുന്നു. കാനോൻ നിയമങ്ങൾ എല്ലാംതന്നെ 'കോൺസ്റ്റന്റൈന്റെ ദാനം' എന്ന പേരിൽ സ്വീകരിക്കപ്പെട്ട, ബൈബിൾ ചൈതന്യം ചോർത്തിക്കളഞ്ഞ, വിജാതീയ വ്യാജനിയമങ്ങളാണ് എന്ന് ഓർക്കുക.

രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: കാലത്തിന്റെയോ സാഹചര്യത്തിന്റെയോ കുത്തൊഴുക്കിൽപ്പെട്ട് നഷ്ടപ്പെട്ടുപോയ ആരാധനക്രമപരവും ഭരണപരവുമായ പൈതൃകത്തെ സഭകൾ വീണ്ടെടുക്കണം (പൗരസ്ത്യസഭകൾ, ഖണ്ഡിക 6). മാർത്തോമ്മാ നസ്രാണികളുടെ ഭരണപരമായ പൈതൃകം തോമ്മാ നിയമത്തിൽ അധിഷ്ഠിതമാണ്. അത് തികച്ചും ബൈബിൾ അധിഷ്ഠിതവും ജനാധിപത്യമൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. അതിനാൽ ഈ ഭരണപൈതൃകത്തെ ഒരു ക്രിസ്ത്യൻ റിപ്പബ്ളിക് എന്നാണ് ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്. ഈ ഭരണപൈതൃകം വീണ്ടെടുക്കുന്നതിനുള്ള സുവർണ്ണാവസരമാണ് നിയമപരിഷ്ക്കരണ കമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്ന കരട് ബിൽ. ഈ ബില്ലിനെ കണ്ണടച്ച് എതിർക്കുകയല്ല, മറിച്ച് ഇതിൽ ക്രൈസ്തവർക്ക് അസ്വീകാര്യമായവ ചൂണ്ടിക്കാണിച്ച് ന്യൂനതകൾ പരിഹരിക്കാൻ വേണ്ട ഭേദഗതികൾ നിർദ്ദേശിക്കുകയാണ് ആവശ്യം. കൽദായ ലിറ്റർജിയുടെ പുനഃരുദ്ധാരണത്തിൽ അമിതാവേശം കാണിക്കുന്ന ഇവിടുത്തെ സഭാനേതൃത്വം നസ്രാണികളുടെ തനിമയായ തോമ്മാ നിയമം അനുസരിച്ചുള്ള ഭരണക്രമം നടപ്പാക്കുന്നതിൽ കാണിക്കുന്ന കുറ്റകരമായ വിമുഖത തിരിച്ചറിയേണ്ടിയിരിക്കുന്നു. സമ്പത്തും അധികാരവും വൈദികകരങ്ങളിൽത്തന്നെ വേണം എന്ന അതിബുദ്ധി ഇതിനുപിന്നിൽ ഇല്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ജസ്റ്റീസ് കൃഷ്ണയ്യരുടെ കരട് ബില്ലിലെ ശിപാർശകളെ സഭാസമൂഹം എന്തുകൊണ്ട് സ്വാഗതം ചെയ്യണം? ക്രൈസ്തവസഭയിൽ പ്രത്യേകിച്ച്, കത്തോലിക്കാസഭയിൽ കാനോൻനിയമമാണ് നിയമവ്യവസ്ഥ. ഇതനുസരിച്ചാകട്ടെ, നിയമനിർമാണം, നിയമവ്യാഖ്യാനം, നിയമനിർവഹണം എന്നീ ത്രിവിധ അധികാരങ്ങളും സഭാനേതൃത്വത്തിൽ നിക്ഷിപ്തമായിരിക്കുന്നു. ഇത് അധികാരകേന്ദ്രീകരണത്തിലേക്കും സുതാര്യത യില്ലായ്മയിലേക്കും സഭാഭരണത്തെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നു ('Authority corrupts, absolute authority absolutely corrupts' എന്നാണല്ലോ തത്ത്വം). ഇതിന്റെ ഫലമായി പങ്കാളിത്തം, കൂട്ടുത്തരവാദിത്വം എന്നൊക്കെ പറയുന്നത് കേവലം പ്രഹസനമായി മാറിയിരിക്കുന്നു. വൈദികാധിപത്യം എല്ലാം കൈയടക്കിയിരിക്കുന്നു. എന്തിനേറെ പറയുന്നു, രൂപതകളിലെ അമ്മമാർക്കുള്ള സംഘടനയുടെ ഡയറക്ടർ സ്ഥാനംപോലും നോമിനേഷൻ ചെയ്യപ്പെടുന്ന വൈദികകരങ്ങളിലാണ്! ഇടവകതലത്തിൽ പങ്കാളിത്തഭരണം ഒരു പരിധിവരെ ഉണ്ടെങ്കിലും രൂപത - മേജർ ആർക്കി

**KCRM പ്രതിമാസപരിപാടി - തൊടുപുഴ**

# ഭാരതസംസ്കാരവും മതാന്തരസൗഹാർദ്ദവും

**ചർച്ചാസമ്മേളനം**

**ജൂലൈ 29-ാം തീയതി ഞായറാഴ്ച 2 മണി മുതൽ തൊടുപുഴ കാലിക്കട്ട് കോളേജ് ഹാളിൽ**

**(പ്രൈവറ്റ് ബസ് സ്റ്റാന്റ് - IMA ബ്ലഡ് ബാങ്കിനു സമീപം)**

മതവും ദൈവവുമൊക്കെ മതിലുകെട്ടി മനുഷ്യനെ സങ്കുചിതനാക്കുന്നു എന്ന മനോഭാവം നവീകരണവാദികൾക്ക് ഇല്ല. വിശ്വമാനവികതയോളം മനുഷ്യൻ വളരുമ്പോഴാണ് അവൻ ദൈവത്തെ കണ്ടുമുട്ടുന്നത് എന്നു നാം വിശ്വസിക്കുന്നു. മതാന്തരസൗഹാർദ്ദത്തിന്റെ മണ്ഡലത്തിലേക്ക് ഒരു ചെറിയ ചുവടുവയ്പ്.

സുപ്രസിദ്ധ കോളമ്നിസ്റ്റും സത്യദീപം ഇംഗ്ലീഷ് വിഭാഗം എഡിറ്ററും പ്രസിദ്ധമായ ഇംഗ്ലീഷ്, മലയാളം കൃതികളുടെ കർത്താവുമായ **ശ്രീ. എം.സി. തോമസ് (പൊന്മല)** വിഷയാവതരണം നടത്തുന്നു. ഏവർക്കും സ്വാഗതം!

സെക്രട്ടറി, KCRM - തൊടുപുഴ യൂണീറ്റ് **ഫോൺ: 9961255175**

---

എപ്പിസ്കോപ്പൽ തലങ്ങളിൽ പങ്കാളിത്തവും കൂട്ടുത്തരവാദിത്വവും ജനാധിപത്യമൂല്യങ്ങളിൽ അധിഷ്ഠിതമായ കൈകാര്യകർത്തൃത്വവും തുലോം കമ്മിയാണ്. നോമിനേഷനുകളിലൂടെ പ്രതിനിധികളെ കണ്ടെത്തുന്ന സർവാധിപത്യസമ്പ്രദായം നിലനില്ക്കുന്നു. സുതാര്യത ഒരു രംഗത്തും വേണ്ടത്ര അനുഭവപ്പെടുന്നില്ല. സഭയുടെ തീരുമാനസമിതികളിൽ അല്മായപ്രാതിനിധ്യം പേരിനു മാത്രം. സ്ത്രീ പ്രാതിനിധ്യത്തിന്റെ അഭാവത്തെപ്പറ്റി പറയുകയുംവേണ്ട. വൈദികമേലധ്യക്ഷന്മാരുടെ യാത്രച്ചെലവുകളുംമറ്റും സഭയെ അറിയിക്കുന്ന ഏർപ്പാടേ ഇല്ല. പല രൂപതകളും രൂപതയുടെ വരവ്-ചെലവ് കണക്കുകൾ ഔദ്യോഗിക ബുള്ളറ്റിനിലൂടെ പരസ്യപ്പെടുത്തുന്നില്ല. വിശ്വാസികളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന സഭായോഗത്തിൽ ബഡ്ജറ്റിങ്ങും പ്ലാനിങ്ങും ഒന്നും നടക്കുന്നില്ല. എല്ലാം സഭാനേതൃത്വത്തിന്റെ താത്പര്യപ്രകാരംമാത്രം. ഇത്തരത്തിലുള്ള സർവാധിപത്യപരമായ ഇന്നത്തെ ഭരണശൈലിയാണ്, ചിന്തിക്കുന്ന വിശ്വാസികളെ പുതിയ സിവിൽ നിയമം സ്വാഗതംചെയ്യാൻ പ്രേരിപ്പിക്കുന്നത്.

ക്രൈസ്തവരുടെ സമൂഹസ്വത്തും സമ്പാദ്യങ്ങളും ഭരിക്കപ്പെടുന്നത് പാർലമെന്റോ നിയമസഭയോ പാസ്സാക്കിയ ഒരു നിയമപ്രകാരമായിരിക്കണമെന്ന് പറയുമ്പോൾ, വ്യക്തിസ്വാതന്ത്ര്യത്തെയും സഭയുടെ അവകാശങ്ങളെയും അത് അപകടപ്പെടുത്തുമെന്നും താറുമാറാക്കുമെന്നും ആരും പറയുവാൻ ഇടയാകരുത്. അത് ന്യൂനപക്ഷാവകാശത്തിന്മേലുള്ള കടന്നാക്രമണമായും ആരും കരുതേണ്ട. ക്രൈസ്തവധർമത്തിനും ദൈവശാസ്ത്രത്തിനും നിരക്കാത്തതായി കാണുകയുംവേണ്ട. ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും സിക്കുകാരുടെയും സമ്പത്ത് ഭരിക്കുന്നതിന് ഇവിടെ സിവിൽ നിയമം ഉണ്ടായിട്ടുള്ളതുപോലെ, ക്രൈസ്തവർക്ക് തങ്ങളുടെ സമൂഹസ്വത്തിന്റെ ഭരണത്തിനായി ഓട്ടോണമസ് പള്ളി നിയമം ഉണ്ടാകണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുന്നത് സഭയിൽ നീതിയും ഭരണപങ്കാളിത്തവും സംശുദ്ധഭരണവും ആഗ്രഹിക്കുന്നതുകൊണ്ടാണ്. കാനോൻനിയമത്തിന്റെ ചട്ടക്കൂടിൽ എല്ലാം ഭദ്രമാണെന്ന വാദം സമ്പത്തിന്റെയും അധികാരത്തിന്റെയുംമേൽ വൈദികാധിപത്യം നിലനിർത്തുന്നതിനുള്ള തന്ത്രംമാത്രമാണ്. ക്രൈസ്തവസമൂഹത്തെ സംബന്ധിച്ചിടത്തോളം നീതിബോധം പലപ്പോഴും താമസിച്ചാണ് ഉദിക്കുന്നത് എന്നു പറയാറുണ്ട്. ക്രൈസ്തവസമൂഹത്തിന്റെ പൊതുസ്വത്ത് ഭരിക്കാനുള്ള നിയമനിർമാണ നടപടികളെ സർവാത്മനാ സ്വാഗതംചെയ്യുകയാണ് നീതിബോധമുള്ള വിശ്വാസികൾ ചെയ്യേണ്ടത്.

ക്രൈസ്തവസഭകളിലെ വൈദികമേലധ്യക്ഷന്മാരുടെ ആധ്യാത്മികശുശ്രൂഷയെയോ വിശ്വാസ- ആചാരാനുഷ്ഠാന നിർവഹണത്തെയോ സംബന്ധിച്ച കാര്യങ്ങളിൽ ഈ നിയമം തലയിടുന്നില്ല. സഭയുടെ ആധ്യാത്മിക-സാമൂഹിക ശുശ്രൂഷകൾ നടത്തുന്നതിന് ജനങ്ങൾ സഭയ്ക്ക് നൽകിയ സമൂഹസമ്പത്തിന്റെ വിനിയോഗത്തെ സംബന്ധിച്ചും ഭരണത്തെ സംബന്ധിച്ചും നാം അംഗീകരിച്ച ഭരണഘടനയുടെ അടിസ്ഥാനപ്രമാണമായ ജനാധിപത്യക്രമത്തിന് അനുസൃതമായി നിർമിക്കപ്പെടുന്ന നിയമം എന്തുകൊണ്ട് എതിർക്കപ്പെടണം? സാമ്പത്തികഭരണത്തിൽ കൈകടത്തണമെന്നോ രാഷ്ട്രീയക്കാർക്ക് സഭയുടെ സാമ്പത്തിക കാര്യത്തിൽ എന്തെങ്കിലും അധികാരം ഉണ്ടായിരിക്കണമെന്നോ നിയമം നിർദേശിക്കുന്നില്ല. മറിച്ച്, സഭയിൽ ഉൾഭരണസ്വാതന്ത്ര്യം വിശ്വാസികൾക്കുംകൂടി ഉണ്ടാകണം എന്നേ ആവശ്യപ്പെടുന്നുള്ളൂ.

ചുരുക്കത്തിൽ, ക്രൈസ്തവധാർമികതയ്ക്കോ ദൈവശാസ്ത്രത്തിനോ എതിരാണ് ഈ ആവശ്യം എന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. പുതിയനിയമപ്രബോധനങ്ങളും (അപ്പോ. പ്രവ. 4 : 32-37; 6 : 2-4) സഭാപിതാക്കന്മാരും മാർത്തോമ്മാ നസ്രാണികളുടെ പൂർവചരിത്രവും വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും എല്ലാം ഈ ആശയത്തിന് പിൻബലമേകുന്നു. എങ്കിൽപ്പിന്നെ എന്തിന് ഇതിനെ എതിർക്കണം?

ഫോൺ: 9961436124

# നിയമപരിഷ്ക്കരണ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റീസ് കെ.റ്റി. തോമസിന് 'MACCABI' നൽകിയ നിവേദനം

തീയതി: 2018 ജൂൺ 27

To,
The Chairman,
Kerala State Law Reform Commission

വിഷയം : **'കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് & ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ' 2009 നിയമമാക്കുന്നതിനു ഗവണ്മെന്റിനോടു ശിപാർശചെയ്യണം എന്നുള്ളത് സംബന്ധിച്ച്.**

സർ,

അങ്ങയുടെ മുൻഗാമി ആയിരുന്ന അന്തരിച്ച ജസ്റ്റീസ് ശ്രീ. വി. ആർ കൃഷ്ണയ്യർ, 2009- ൽ കേരള ഗവണ്മെന്റിനു സമർപ്പിച്ച കേരളത്തിലെ ക്രൈസ്തവസഭകളുടെ സ്വത്തുഭരണത്തിൽ ജനാധിപത്യ ചട്ടക്കൂട് കൊണ്ടുവരുന്നതിനുള്ള ട്രസ്റ്റ് ബിൽ ഇതുവരെയും നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല എന്നുള്ള കാര്യം അറിയിക്കട്ടെ.

ഒരു മതന്യൂനപക്ഷമായ കേരളത്തിലെ ക്രൈസ്തവർക്ക് ലഭ്യമാകേണ്ടതായ മതസ്ഥാപനങ്ങളുടെയും, വസ്തുവകകളുടെയും നിയമപരിരക്ഷ ഉറപ്പിക്കുന്നതിന് ഇത്തരം ഒരു നിയമം ആവശ്യമാണെന്ന് അങ്ങേക്ക് അറിവുള്ളതാണല്ലോ.

ഇത്തരം ഒരു നിയമത്തിന്റെ അഭാവത്തിൽ, വിശ്വാസിസമൂഹം നൂറ്റാണ്ടുകളായി ആർജ്ജിച്ചതും സമൂഹനന്മയ്ക്കായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ സഭയുടെ സ്വത്തുക്കൾ മതമേലധ്യക്ഷന്മാർ അന്യായമായി കൈയടക്കുകയും ക്രയവിക്രയംചെയ്യുകയും ചെയ്യുന്നതിനാൽ സഭകൾ വലിയ കടബാധ്യതയിലും, ദേവാലയങ്ങൾ ഉൾപ്പെടെ അന്യാധീനപ്പെട്ടുപോകുന്ന അവസ്ഥയിലും ആയിരിക്കുന്നു.

സഭകളിൽ സ്വത്തുതർക്കങ്ങൾ വ്യവഹാരങ്ങളായി കോടതികളിൽ ചെല്ലുകയും, സഭാസ്വത്തു നിയമത്തിന്റെ അഭാവത്തിലുള്ള കോടതിവിധികൾമൂലം വിശ്വാസിസമൂഹത്തിനു തങ്ങളുടെ സഭാസ്വത്തുക്കൾ വിശ്വാസാചാരങ്ങൾക്കു വിധേയമായി ഉപയോഗിക്കുവാൻ കഴിയാതെവരുകയും, അനുകൂല കോടതിവിധികളുടെ മറവിൽ ഭൂരിപക്ഷംവരുന്ന വിശ്വാസികളുടെ ദേവാലയങ്ങൾ ന്യൂനപക്ഷം പിടിച്ചെടുക്കുകയും ചെയ്യുന്നത് സംഘർഷത്തിനും, മതസൗഹാർദ്ദം തകരുന്നതിനും കാരണമാകുന്നു.

ക്രൈസ്തവസഭാസ്ഥാപനത്തോളം പഴക്കമുള്ള സഭകൾ കേരളത്തിൽ ഉണ്ട്. ഇത്രയും നൂറ്റാണ്ടുകളായി വിശ്വാസികൾ സ്വരുക്കൂട്ടിയതാണ് സഭകളുടെ സ്വത്തുക്കൾ. എന്നാൽ ഇപ്പോൾ അതു ഭരിക്കപ്പെടുന്നതിനുള്ള സഭാഭരണഘടനകൾ രജിസ്റ്റർ ചെയ്യപ്പെട്ടവയോ, അടിസ്ഥാന ഘടകമായ ഇടവകകൾ അംഗീകരിക്കുന്നവയോ അല്ല.

ക്രൈസ്തവസഭകളിലെ വിശ്വാസികൾക്ക് തങ്ങളുടെ സ്വത്തുക്കൾ ഭരിക്കുവാൻ അവർ തിരഞ്ഞെടുക്കുന്ന അല്മായ അംഗങ്ങൾ ഉൾപ്പെടുന്നതും തങ്ങളുടെ ആത്മീയ മതാദ്ധ്യക്ഷൻമാരുടെ അദ്ധ്യക്ഷതയിൽ കൂടുന്നതുമായ ഭരണസമിതികളാൽ ഭരിക്കപ്പെടുന്നതുമായ ഒരു നിയമം അത്യന്താപേക്ഷിതമായിരിക്കുന്നു.

നിയമനിർമ്മാണം ഇനിയും വൈകിയാൽ ക്രിസ്തീയസഭകളിൽ വിശ്വാസികൾ പരസ്പരം തെരുവിലിറങ്ങി കലഹിക്കുന്ന അവസ്ഥ സംജാതമാകും എന്ന് ആനുകാലികസംഭവങ്ങൾ ഓർമ്മിപ്പിക്കുന്നു. അങ്ങനെ തുടർന്നും സംഭവിച്ചാൽ, അതിന്റെ ധാർമ്മിക ഉത്തരവാദിത്വം സംസ്ഥാനസർക്കാറിനുകൂടി ഉള്ളതാണെന്നും ഞങ്ങൾ കരുതുന്നു.

കേരള സംസ്ഥാനത്തിലെ നിയമപരിഷ്കരണകമ്മീഷൻ ചെയർമാൻ എന്ന നിലയിൽ അങ്ങ് ഈ വിഷയം മനസ്സിലാക്കിക്കൊണ്ട് ക്രൈസ്തവസഭകൾക്കുവേണ്ടി നിർദിഷ്ട ബിൽ നിയമമാക്കുന്നതിനായി സർക്കാരിനോട് ശിപാർശചെയ്യണം എന്ന് വിനീതമായി താൽപ്പര്യപ്പെടുന്നു.

വിനയപൂർവം,
മക്കാബിയൻ മൂവ്മെന്റിനുവേണ്ടി,

| സെക്രട്ടറി: | കൺവീനർ: | ഡയറക്ടർ: |
|---|---|---|
| **ജോൺ എം. ജോർജ്** | **കെ. പി. പീറ്റർ** | **ബാർ യൂഹാനോൻ റമ്പാൻ** |

**അറിയിപ്പ്:** **ശ്രീ. ജോർജ് ജെ. പൂഴിക്കാലായുടെ, അനീതിയോടുള്ള സഹിഷ്ണുത നീതിനിഷേധം,** എന്ന ലേഖനത്തിന്റെ തുടർച്ച ഈ ലക്കത്തിൽ ചേർക്കാൻ കഴിഞ്ഞില്ല. അടുത്തലക്കത്തിൽ അത് തുടരുന്നതായിരിക്കും. - എഡിറ്റർ

# മതവും മാനവീയതയും

(തുടർച്ച)

റ്റി.റ്റി.മാത്യു, തകടിയേൽ



**മതം സമൂഹത്തിൽ**

മതം സമൂഹവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. സമൂഹത്തിലെ ഏറിയ കൂറു മനുഷ്യരും മതവിശ്വാസികളാണ്. അതുകൊണ്ടുതന്നെ മതം സമൂഹത്തിന് എന്തെല്ലാം നന്മ-തിന്മകൾ ചെയ്യുന്നുവെന്നു വിശകലനംചെയ്യേണ്ടതുമാണ്. ദൈവം നന്മയാണെങ്കിൽ ദൈവത്തിന്റെ പേരിലുണ്ടാകുന്ന മതങ്ങൾ നന്മയിലധിഷ്ഠിതമായിരിക്കണം. എന്നാൽ മതത്തെ ചരിത്രം സാക്ഷ്യപ്പെടുത്തുന്നതങ്ങനെയല്ല. ലോകത്തെ ഗ്രസിച്ചിട്ടുള്ള വലിയ ശാപങ്ങളിലൊന്ന് മതങ്ങൾ തമ്മിലുള്ള കിടമത്സരങ്ങളും വൈരങ്ങളുമാണ്.

മതത്തിന്റെയും ജാതിയുടെയും വംശത്തിന്റെയും പേരിലുണ്ടായിടത്തോളം രക്തച്ചൊരിച്ചിലും മനുഷ്യക്കുരുതികളും അതോടനുബന്ധിച്ച സർവ്വനാശങ്ങളും വേറൊന്നുകൊണ്ടും ലോകത്തു നടന്നിട്ടില്ല. മതങ്ങൾ തമ്മിൽത്തമ്മിലും ഒരേ മതത്തിന്റെ ഉള്ളിൽത്തന്നെയും നടന്നുവന്നിരുന്നതും, ഇന്നും തുടരുന്നതുമായ രക്തച്ചൊരിച്ചിലിന്റെ കാഴ്ച ഞെട്ടിക്കുന്നതാണ്. 1095-മുതൽ 200 വർഷക്കാലം അവരവരുടെ പുണ്യസ്ഥലങ്ങൾക്കുവേണ്ടി നടന്ന, കുരിശുയുദ്ധങ്ങൾ എന്നറിയപ്പെടുന്ന, കുപ്രസിദ്ധ കലാപങ്ങളിൽ രക്തംചിന്തി മരിച്ചവരുടെ എണ്ണം ലക്ഷങ്ങളാണ്. ഇൻക്വിസിഷനും ദുർമന്ത്രവാദിനീവേട്ടയും പ്രൊട്ടസ്റ്റന്റു കലാപങ്ങളും ക്രൈസ്തവമതങ്ങൾക്കുള്ളിൽ നടന്ന ആഭ്യന്തരകലഹങ്ങളായിരുന്നു. ബ്രിട്ടീഷുകാർ അമേരിക്കയിലേക്ക് കുടിയേറിയ കാലങ്ങളിൽ സ്ഥലവാസികളായ റെഡ് ഇന്ത്യൻ വംശജരെ കാട്ടുമൃഗങ്ങളെയെന്നപോലെ വേട്ടയാടി വെടിവച്ചു കൊന്നിരുന്നു. അവർക്ക് ആത്മാവില്ലെന്നും അതുകൊണ്ട് അതൊരു പാപമല്ലെന്നുംവരെയുള്ള ദൈവശാസ്ത്രവും ഇതിനുവേണ്ടി കണ്ടുപിടിച്ചു. രണ്ടാം ലോക മഹായുദ്ധകാലത്ത് ഹിറ്റ്ലർ 60-ലക്ഷം യഹൂദരെ കൊന്നൊടുക്കി, വംശീയതയുടെ പേരിൽ.

ഇന്ത്യ-പാകിസ്ഥാൻ വിഭജനകാലത്തു നടന്ന വർഗ്ഗീയകലാപം ഇന്ത്യയുടെയും പാകിസ്ഥാന്റെയും ചരിത്രത്തിലെ കറുത്ത ഏടുകളാണ്. അന്ന് വർഗ്ഗീയത അതിന്റെ എല്ലാ പൈശാചികഭാവത്തോടുംകൂടി താണ്ഡവനൃത്തമാടി. ലാഹോറിലെയും കൽക്കട്ടയിലെയും ഓടകളിൽക്കൂടി ഹിന്ദു-മുസ്ലീം രക്തം ഒഴുകിയിരുന്നെന്നും, ആ ചോരയുടെ കുത്തൊഴുക്കിൽ ഹിന്ദുവിന്റെയും മുസൽമാന്റെയും ശവശരീരങ്ങൾ ഒലിച്ചുപോയി എന്നും പറയുമ്പോൾ അതിൽ അതിശയോക്തിയുണ്ടാകും. എന്നാൽ, 3000 പേരെവരെ കൊന്നൊടുക്കിയ ദിവസങ്ങൾ അന്നുണ്ടായിരുന്നുവെന്ന് ചരിത്രം പറയുന്നുണ്ട്. മരിച്ചവരും കാണാതായവരുമായി അന്ന് 23 ലക്ഷം ഇന്ത്യക്കാർ ഇല്ലാതായി. പാക്കിസ്ഥാൻ രൂപീകരണത്തിനുശേഷം അവിടെയും സമാധാനമുണ്ടായില്ല. മതത്തിന്റെപേരിലുണ്ടായ വർഗ്ഗീയകലാപത്തെത്തുടർന്ന് രാജ്യം വിഭജിക്കപ്പെട്ടു. പാകിസ്ഥാനിൽ ഇന്ന് ഷിയാ-സുന്നി എന്നീ മതഘടകങ്ങൾ തമ്മിലാണ് പോര്. ദിവസവും കൊലയുടെയും കൊള്ളിവയ്പിന്റെയും കഥകൾ തുടരുന്നു. ഇന്ത്യയ്ക്കും ഏറെ അഭിമാനിക്കുവാൻ വകയൊന്നുമില്ല. ബാബറി മസ്ജിദ് തകർത്തപ്പോൾ ഇന്ത്യയുടെ എല്ലാ സനാതനസങ്കല്പങ്ങളുമാണ് തകർന്നുവീണത്. അയോദ്ധ്യ, ഡൽഹി, മുംബൈ, പഞ്ചാബ്, ആസ്സാം, ഗുജറാത്ത്, കർണ്ണാടക, കേരളത്തിൽ മാറാട് ഇവിടെയൊക്കെ നടന്ന മതവർഗ്ഗീയലഹളകൾ ഇന്ത്യയുടെ മതേതരത്വത്തിന് മങ്ങലേല്പിച്ചു. മതത്തിന്റെ അതിപ്രസരം ഇന്ത്യയിൽ ശക്തിപ്പെടുവാനുള്ള ഒരു രാഷ്ട്രീയാന്തരീക്ഷമാണ് ഉയർന്നുവരുന്നത്. അതും, ഭരണാധികാരത്തിന്റെ ശക്തിയോടെ.

തങ്ങളുടെ മതമല്ലാതെ മറ്റൊരു മതവും ലോകത്തൊരിടത്തും ഒരു കാലത്തും ഉണ്ടാകരുതെന്നും അതിനുവേണ്ടി മറ്റു മതക്കാരെയും തങ്ങളുടെ ആശയങ്ങളെ അംഗീകരിക്കാത്ത സ്വന്തം മതക്കാരെയും കൊന്നൊടുക്കണമെന്നുമുള്ള ഒരു നീതിശാസ്ത്രവുമായിട്ടാണ് 'ഇസ്ലാമിക് സ്റ്റേറ്റ്' (IS) സർവ്വനാശവുമായി അവതരിപ്പിച്ചിരുന്നത്. നിരാശ്രയരായ മനുഷ്യരെ നിരത്തിനിർത്തി, യാതൊരു മനസ്സലിവും കൂടാതെ വെടിവെച്ചു കൊല്ലുകയും, ഈ പൈശാചികരംഗങ്ങൾ ബാഹ്യലോകത്തെ അറിയിക്കുവാൻ ദൃശ്യമാധ്യമങ്ങളിൽക്കൂടി പ്രദർശിപ്പിക്കുകയുംചെയ്യുന്നു! ഇതൊക്കെ പുണ്യമാണെന്നും സ്വർഗ്ഗപ്രാപ്തിക്ക് ഇതാണാവശ്യമാണെന്നുമുള്ള ഒരു സാത്താനിക്ക് മതവിശ്വാസപ്രമാണം അവർ കണ്ടെത്തുകയുംചെയ്യുന്നു. ഇതാണ്, മതതീവ്രവാദഭീകരതയുടെ ഇന്നത്തെ രാക്ഷസീയ വിശ്വരൂപം.

മതങ്ങളൊക്കെത്തന്നെ നല്ലതുമാത്രമേ പഠിപ്പിച്ചിരുന്നുള്ളു. അവയുടെ ആദ്യകാല ആചാര്യന്മാരും നല്ലവരായിരുന്നു. മതങ്ങൾ മനുഷ്യനെ നന്മയിലേക്കു നയിച്ചിട്ടുമുണ്ട്. എന്നാൽ മതങ്ങൾ പിന്നീട് സ്ഥാപനവൽക്കരിക്കപ്പെട്ട് സ്ഥാപിതമതങ്ങളായിത്തീർന്നപ്പോഴുണ്ടായ മൂല്യച്യുതികളാണ് മതത്തെ ഈ നിലയിലെത്തിച്ചത്. എല്ലാ മതങ്ങളുടെയും തന്നെ അവസ്ഥകളിതൊക്കെത്തന്നെയാണ്. മതത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്കു പ്രധാന കാരണക്കാർ അതതു മതങ്ങളിലെ പുരോഹിതരും അധികാരികളുമാണ്. ഇവരെ വിശ്വാസികൾ അന്ധമായി വിശ്വസിക്കുന്നു. ഇതിന്റെപേരിൽ പലപ്പോഴും ഇവർ തങ്ങളുടെ അധികാരത്തിനും തൊഴിലിനും ധനസമ്പാദനത്തിനുംവേണ്ടി മതത്തെ ആധാരമാക്കുന്നു.

മതം അതിൽത്തന്നെ എന്താണ് എന്നതല്ല, അതു ചരിത്രത്തിൽ മനുഷ്യസമൂഹത്തിനു നൽകിയ

**KCRM പ്രോഗ്രാം റിപ്പോർട്ട് -തൊടുപുഴ**

# സീറോ-മലബാർ സഭ മുങ്ങുന്ന ഒരു കപ്പൽ!

**ആ**ധികാരികമായി ഉടമസ്ഥാവകാശം ഹാജരാക്കാൻ കഴിയാത്തതുകൊണ്ടുതന്നെ ഭരണങ്ങാനം ഉൾപ്പെടെ പാലാ രൂപതയിലെ ഏഴു പള്ളികളെങ്കിലും, അനുദിനഭരണം നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത പ്രതിസന്ധിയിലാണ്. പള്ളിവക കെട്ടിടത്തിന്റെ വാടക കോടതിയിൽ കെട്ടിവച്ചാൽ നിയമപ്രകാരം അത് ആര് ഏറ്റുവാങ്ങും? കാനോൻനിയമത്തിന് ഒരു മറുനിയമം ഉണ്ടാകാത്തപക്ഷം ഭരണസ്തംഭനംതന്നെ ആയിരിക്കും ഫലം.

'കാനോൻനിയമത്തെ' നിയമംകൊണ്ടുതന്നെ വെല്ലുവിളിച്ച് ശ്രദ്ധേയനായ **ശ്രീ. പ്രിൻസ് പോൾ മാടപ്പിള്ളി** തൊടുപുഴ KCRM മാസാന്ത്യചർച്ച ഉദ്ഘാടനംചെയ്തുകൊണ്ട് ജൂൺ 24-ാം തീയതി ഞായറാഴ്ച സദസ്യരെ അഭിസംബോധന ചെയ്തു. നമ്മുടെ പള്ളികളിൽ നിയമപ്രകാരം ട്രസ്റ്റികളെ തെരഞ്ഞെടുക്കാത്തതുകൊണ്ടുതന്നെ ട്രസ്റ്റിക്ക് നിയമപരമായ അധികാരങ്ങളുമില്ല. ബാങ്കിൽ ശരിയായ രീതിയിൽ KYC സമർപ്പിക്കാൻ കഴിയാത്തപ്പോൾ അവരുടെ പണമിടപാടുകൾ ആർക്കും ചോദ്യംചെയ്യാവുന്നതേയുള്ളു. ചോദ്യംചെയ്യുന്ന നടപടി ആരംഭിച്ചുകഴിഞ്ഞു. ഇനി എത്രനാൾ അവർക്കു പിടിച്ചുനിൽക്കാൻ കഴിയും? **പ്രിൻസ് പോളിന്റെയും പിണക്കാട്ട് റോയി ജേക്കബ്ബിന്റെ**യും ശ്രദ്ധേയമായ വെളിപ്പെടുത്തലുകൾ സദസ്യരെ അക്ഷരാർത്ഥത്തിൽ ഇരുത്തിച്ചിന്തിപ്പിച്ചു.

ചോദ്യോത്തരവേള 5.30 വരെ നീണ്ടുപോയി.

നിയമപരമായ പോരാട്ടം എല്ലായിടത്തും തുടരണം. ചർച്ച് ആക്ടിലെ വിവക്ഷയനുസരിച്ച് തിരഞ്ഞെടുക്കപ്പെടുന്ന ഒരു പള്ളിയോഗംമാത്രമാണ് സഭയ്ക്കു രക്ഷപെടാനുള്ള ഏകമാർഗ്ഗം. കേഴ്‌വിക്കാർക്കെല്ലാം അതു ബോദ്ധ്യമായി.

പ്രസിഡന്റ് **ശ്രീ.കെ.ജി. പോൾ** യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. സെക്രട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചു. **ശ്രീ. ജോസഫ് കാലായിലിന്റെ** കൃതജ്ഞതാപ്രകടനത്തോടെ യോഗം സമാപിച്ചു.

റിപ്പോർട്ട് തയ്യാറാക്കിയത്:
**പ്രൊഫ. പി.സി. ദേവസ്യ**
(യൂണിറ്റ് സെക്രട്ടറി)

---

സാമൂഹിക നന്മ-തിന്മകളെന്തൊക്കെ എന്നതായിരിക്കണം മതത്തെ വിലയിരുത്താനുള്ള മാനദണ്ഡം. നേരത്തെ സൂചിപ്പിച്ചതുപോലെ, എല്ലാ മതങ്ങളും അവയുടെ ആദിമകാല ദർശനങ്ങളിൽനിന്നും പരിശുദ്ധിയിൽനിന്നും വിട്ടകന്നു പൊയ്ക്കൊണ്ടിരിക്കുന്നതിന്റെ ചിത്രമാണിന്നു നാം കണ്ടുകൊണ്ടിരിക്കുന്നത്. ശുദ്ധമായ വേദോപനിഷത്തുകളുടെ ചുവടുപിടിച്ചല്ല പിന്നീട് ഹിന്ദുമതം രൂപപ്പെട്ടത്. ദർശനങ്ങളുടെ സ്ഥാനത്ത് പുരാണങ്ങളും ഐതിഹ്യങ്ങളും ആ മതത്തെ സ്വാധീനിച്ചു. ഫ്യൂഡൽ വ്യവസ്ഥിതിയാണ് പിന്നീട് ഹിന്ദുമതത്തിന് രൂപ-ഭാവങ്ങൾ കൊടുത്തത്. യേശുവിന്റെ ദർശനങ്ങളിൽനിന്നും പഠനങ്ങളിൽനിന്നും ക്രൈസ്തവസഭ ഏറെ അകന്നു പോയിരിക്കുന്നു. ഇന്ന് ക്രൈസ്തവസഭ, പ്രത്യേകിച്ച് കത്തോലിക്കാസഭ, സ്ഥാപനവൽക്കരിക്കപ്പെട്ട ഒരു ആഗോള വ്യവസ്ഥാപിത ധനകാര്യ സ്ഥാപനമായി തരംതാണുപോയി. മുഹമ്മദുനബിയുടെ വചനങ്ങൾ ദുർവ്യാഖ്യാനംചെയ്ത് മനുഷ്യക്കുരുതി നടത്തുന്ന ഇസ്ലാമിക മതതീവ്രവാദികളെയും നാം ഇന്നു കാണുന്നു.

ഇങ്ങനെ വരുമ്പോൾ ഇന്നത്തെ മതങ്ങളെല്ലാം തന്നെ ദൈവത്തിനെതിരാണ്. കാരണം, ദൈവം സ്നേഹമാണ്, സത്യമാണ്. ഇതിനപ്പുറം ദൈവത്തിനു മതമില്ല.

മതങ്ങളുടെ ഉത്ഭവത്തിന് 4000-വർഷത്തെയെങ്കിലും പഴക്കമുണ്ടെന്നു പറയപ്പെടുന്നു. 90 % മനുഷ്യരും ഇന്നും മതവിശ്വാസികളാണ്. ഇന്നു ലോകത്തെ ഗ്രസിച്ചിരിക്കുന്ന ഏറ്റവും വലിയ തിന്മയും ശാപവുമായി മതങ്ങൾ പ്രബലപ്പെട്ടിരിക്കുന്നു. സമൂഹത്തിന് ഉപദ്രവകാരിയായ ഒരു മതതീവ്രവാദിയാണോ ഒരു നിരുപദ്രവജീവിയായ നിരീശ്വരനാണോ നമുക്ക് സ്വീകാര്യൻ? സമൂഹത്തിൽ ജീർണ്ണത കൂടുമ്പോഴാണ് മതാധിപത്യം ശക്തിപ്രാപിക്കുന്നത്. കേരളത്തിൽ നവോത്ഥാനകാലഘട്ടങ്ങൾ ഇതിനു തെളിവാണ്. നാരായണഗുരുവിന്റെയും സഹോദരനയ്യപ്പന്റെയും ചട്ടമ്പിസ്വാമികളുടെയും പൊയ്കയിൽ യോഹന്നാന്റെയും അയ്യങ്കാളിയുടെയും വി.ടി. ഭട്ടതിരിപ്പാടിന്റെയും കാലം ഓർത്തുനോക്കുക.

മതവിശ്വാസമില്ലെങ്കിൽ ഉത്തമജീവിതം സാദ്ധ്യമല്ല എന്നൊരു വിശ്വാസം പൊതുവെയുണ്ട്. അതു തെറ്റാണെന്നു തെളിയിക്കാൻ ശ്രീബുദ്ധന്റെ പുണ്യജീവിതംമാത്രം മതിയാവും. ഭാരതദർശനങ്ങളിലേറെയും നാസ്തികമാണെന്നോർക്കണം. അവർ മനുഷ്യസ്നേഹത്തിന്റെ പ്രവാചകരായിരുന്നു. 'മഹാ മഹർഷേ' എന്നു സംബോധനചെയ്ത് മനുഷ്യർ അവരെ ആദരിച്ചിരുന്നു. കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ ഫ്രാൻസീസ് മാർപാപ്പാ പറയുന്നു, ശുദ്ധമനസ്സോടുകൂടി സൽപ്രവൃത്തികൾ ചെയ്യുന്നവൻ നിരീശ്വരനാണെങ്കിലും അവൻ രക്ഷപ്പെടുമെന്ന്.

മനുഷ്യസ്നേഹത്തിൽ അധിഷ്ഠിതമായ ഒരു സ്നേഹക്കൂട്ടായ്മയായിരുന്നു യേശു വിഭാവനം ചെയ്തത്. ഇന്നത്തേതുപോലുള്ള ഒരു വ്യവസ്ഥാപിത ക്രിസ്തുമതമായിരുന്നില്ല, അത്. ഈ സാഹചര്യത്തിൽ ദൈവസ്നേഹത്തിന് എതിർസാക്ഷ്യം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സംഘടിത-പുരോഹിത മതമെന്ന തിന്മയിൽനിന്നു മുക്തി നേടി ഒരു മതാതീത ദൈവസങ്കല്പത്തിൽ നമുക്കെത്തിച്ചേർന്നുകൂടേ?

ഫോൺ: 9497632219

# അഹമ്മദാബാദിലെ സീറോ-മലബാർ സഭാംഗങ്ങൾ നടത്തിയ ധീരമായ പ്രതിരോധത്തിന്റെ നാൾവഴി



**ജോസഫ് മറ്റപ്പള്ളി**

**കേ**രളകത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ ചരിത്രസംഭവങ്ങളാണ് അഹമ്മദാബാദിൽ അടുത്തകാലത്ത് അരങ്ങേറിയത്. അതിന്റെ പ്രാധാന്യമെന്തെന്നു ചോദിച്ചാൽ, സഭയുടെ തുടർന്നുള്ള വളർച്ചയിൽ അഹമ്മദാബാദിലെ പ്രതിരോധം മോഡലായി മാറുമെന്നതാണ്. സീറോ-മലബാർസഭ സ്വന്തം പിതൃസഭയാണെങ്കിലും മൂല്യച്യുതിയിൽപ്പെട്ടു തരിപ്പണമായ അതിന്റെ കടന്നുകയറ്റം കരിസ്മാറ്റിക്കുകാരാൽ മസ്തിഷ്കപ്രക്ഷാളനം നടത്തപ്പെട്ട കുറച്ചു ഭക്തിഭ്രാന്തന്മാർക്കൊഴിച്ച് മറ്റാർക്കും ഇഷ്ടപ്പെടുന്നുണ്ടായിരുന്നില്ല. എന്തും ചെയ്യാൻ മടിക്കാത്ത, സർവ്വസ്വാധീനവും വേണ്ടതിലേറെ സമ്പത്തുമുള്ള സഭയോടു പൊരുതാൻ ഒരു ചെറിയ സമൂഹത്തിന് എളുപ്പമല്ലെന്ന് എല്ലാവർക്കും അറിയാമായിരുന്നു. എങ്കിലും, സോഷ്യൽ മീഡിയായുടെ വരവ് സഭയുടെ ശക്തിയെ ചോർത്തുന്നത് ആർക്കും കാണാവുന്നതേ ഉണ്ടായിരുന്നുള്ളു.

ഇന്നത്തെ കേരളകത്തോലിക്കരുടെ സ്വന്തം സീറോ-മലബാർ സഭയെന്ന ഭീമന്റെ അവസ്ഥ ദയനീയമാണ്. അറ്റലാന്റിക് സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് സാവധാനം അമർന്നുപോയ ലോകത്തിലെ ഏറ്റവും വലിയ ഉല്ലാസക്കപ്പലായിരുന്ന ടൈറ്റാനിക്കിന്റ അതേ സ്ഥിതി. വിശ്വസിച്ചാലും ഇല്ലെങ്കിലും അതു വീഴും - അത്രമേൽ ദൈവകോപത്തിനത് അർഹമായിക്കഴിഞ്ഞു. റോമൻ കത്തോലിക്കാസഭയ്ക്കു കീഴിലുള്ള സ്വയം ഭരണാവകാശമുള്ള സഭയായിരുന്നു അത്. അടുത്തകാലത്ത് ഉള്ളിൽ നടന്ന പോരിനു പരിഹാരമുണ്ടാവാൻ റോമിനതു തിരിച്ചെടുക്കേണ്ടിവന്നു. അഹങ്കാരത്തോടെ വിദേശങ്ങളിലേക്കതു കടന്നുകയറിയപ്പോൾ തലകുനിക്കാതെ പ്രവാസികൾക്കും സ്വദേശവാസികൾക്കും നിവൃത്തിയുണ്ടായിരുന്നില്ല. ചെന്നൈ 30 വർഷം പ്രതിരോധിച്ചു; മുംബൈയിലും ഡൽഹിയിലുമൊക്കെ നഗരങ്ങൾക്കുപുറത്ത് രൂപതയുണ്ടാക്കി അവർ നഗരവാസികളെ വിഴുങ്ങി. ഡൽഹിക്കാർക്ക് ഒരു കാര്യം മനസ്സിലായിരുന്നു, കാനോനിൽ പ്രവാസികൾക്ക് ലത്തീൻ റീത്തിൽത്തന്നെ തുടരാൻ ഒരു ചെറിയ വ്യവസ്ഥയുണ്ട്. അവരതു പറഞ്ഞു; പക്ഷേ, ഫരീദാബാദ് രൂപത അത്തരമൊരു വ്യവസ്ഥ അറിയുന്നതായി സമ്മതിച്ചില്ല. ഡൽഹിക്കാർ ഒന്നടങ്കം വത്തിക്കാനു പരാതി അയച്ചു. അവരുടെ ആവശ്യം അംഗീകരിച്ചുകൊണ്ട് മറുപടിയുംവന്നു. ഡൽഹിയിലെ സമരം ശാന്തമായിരുന്നു, അതവസാനിച്ചതും ശാന്തമായിട്ടായിരുന്നു.

സഭയുടെ പ്രവാസീരൂപതകൾക്കു മുഴുവൻ എതിർപ്പുകൾ നേരിടേണ്ടിവന്നുവെങ്കിലും, എല്ലായിടത്തും ഇടിച്ചുകയറാൻ അവർക്കു കഴിഞ്ഞു. അതിനൊരു കാരണം, ആവശ്യത്തിൽ കൂടുതൽ വൈദികർ സഭയിലുണ്ടായിരുന്നുവെന്നതാണ്. വാക്സാമർത്ഥ്യമുള്ളവരെല്ലാം കരിസ്മാറ്റിക്കുകാരായി, അധികാരമോഹികൾ പ്രസ്ഥാനങ്ങളുടെ അമരക്കാരായി; ധനമോഹികൾ പള്ളിപണിക്കാരും പേരെടുത്ത പിരിവുകാരുമായി; മിക്കവരുംതന്നെ കുമ്പസ്സാരക്കൂടുകളെ ദുരുപയോഗം ചെയ്തുവെന്ന് സംശയിക്കുകയും ചെയ്യാം. നാട്ടിൽ വൈദികർക്കെതിരെ ഉയർന്നുവന്ന മിക്ക ലൈംഗികാതിക്രമക്കേസുകളിലും, ഇരയുമായൊരു കുമ്പസാരബന്ധം ശ്രദ്ധിച്ചവർക്കു കാണാവുന്നതേയുണ്ടായിരുന്നുള്ളു. എനിക്കു നീതികിട്ടിയെന്നു പറയുന്ന ഒരൊറ്റ അത്മായനെപ്പോലും കാണാനില്ലാത്ത അവസ്ഥയിലേക്ക് സഭയിലെ കാര്യങ്ങൾ നീങ്ങി - അതാരും പരിഗണിച്ചുമില്ല, ഇനി പരിഗണിച്ചിട്ട് കാര്യവുമില്ല.

സഭ വളർന്നു, ഒപ്പം മിക്ക അഭിഷിക്തരും വളർന്നുകൊണ്ടിരുന്നു. മോഷണം കോടികളിലേക്കു കടന്നു, കൊരട്ടിമുത്തിയുടെ പ്രസിദ്ധമായ തീർത്ഥാടനകേന്ദ്രത്തിൽനിന്ന് ഒരൊറ്റ വൈദികൻ അടിച്ചുമാറ്റിയത് ആറു കോടിയിലേറെ രൂപയാണെന്നാണ് ഇടവകാംഗങ്ങൾ ആരോപിച്ചത്. ചങ്ങനാശ്ശേരിയിലെ നീതിനിഷ്ഠർ പാവപ്പെട്ട കുട്ടനാടുകർഷകരെ രക്ഷിക്കാൻ രൂപീകരിച്ച കുട്ടനാടു വികസനസമിതിയുടെ ചെയർമാൻ അടിച്ചുമാറ്റിയത് 150 കോടിയാണെന്നാണ് ആരോപണം. ഇത്രയും പണം ഒരു ളോഹയുടെ പോക്കറ്റിൽ ഒതുങ്ങുകയില്ലെന്ന് ആർക്കാണറിയാത്തത്?

യേശുവിന്റെ മാർഗ്ഗത്തിൽ ചരിക്കുന്ന വളരെ ചുരുക്കം വൈദികർ മാത്രമേ, ഈ സഭയിലിപ്പോൾ അവശേഷിക്കുന്നുള്ളൂ. സർക്കാർ കഴിഞ്ഞാൽ രണ്ടാമത്തെ വലിയ സാമ്പത്തിക സ്ഥാപനമായി, സീറോ-മലബാർസഭ. എങ്കിലും, മുഴുവൻ സീറോ-മലബാർ രൂപതകളുംതന്നെ കടത്തിലാണ്! അതിനൊരർത്ഥമേയുള്ളൂ - സർവ്വവും നിയന്ത്രിക്കുന്നവരുടെ കെടുകാര്യസ്ഥത! ക്രിയാത്മകമായി എന്തെങ്കിലും ചെയ്യണമെങ്കിൽ അത് ഊർജ്ജസ്വലമായ പ്രായത്തിൽ വേണം. യേശുവും യുവാവായിരുന്നു. ലോകത്ത് മാറ്റം ഉറപ്പുവരുത്തിയ ബഹുഭൂരിപക്ഷവും യുവാക്കളായിരുന്നു. പരിണിതപ്രജ്ഞരായ ഒരു വൃദ്ധനിര ഈ സഭയുടെ ശാപമായി ഇന്നും തുടരുന്നു. ഈ സഭയെ രാജ്യത്തെ ഏറ്റവും വലിയ കോർപ്പറേറ്റ് സ്ഥാപനമായി മാറ്റാനേ അവർക്കു

കഴിഞ്ഞുള്ളു, കഴിയുകയുമുള്ളു.

സഭയിലെ സ്ഥാപനങ്ങളുടെ ആസ്തി മാത്രം 3 ലക്ഷം കോടിക്കു മേലാണിപ്പോൾ. സഭയ്ക്കു കീഴിലുള്ളത് പതിനൊന്നായിരത്തോളം സ്ഥാപന ങ്ങളാണ്! അതിശയോക്തിയെന്നു തോന്നുന്നെങ്കിൽ ഈ കണക്കുകൂടി കേൾക്കുക: നാലു വിശുദ്ധന്മാർ (തോമ്മാശ്ലീഹാ അടക്കം), ധന്യരും വാഴ്ത്തപ്പെട്ടവരും ദൈവദാസന്മാരുമായി 17 പേർ, സഹനദാസനായി ഒരാൾ (ഫാ. ബനഡിക്റ്റ് ഓണംകുളം), പിന്നെ 9000–ത്തോളം വൈദികരും 37000–ത്തോളം സന്ന്യാസിനികളുമടക്കം 50 ലക്ഷം അംഗങ്ങൾ. 35 രൂപതകൾ, 3763 പള്ളികൾ, 71 സെമിനാരികൾ, 4860 വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആശുപത്രികളും ആതുരാലയങ്ങളും 2614, സന്ന്യാസസമൂഹങ്ങൾ 77; മൊത്തം സ്ഥാപനങ്ങളുടെ എണ്ണം 11,000. ഇതിൽ ഒരു പ്രബല സന്ന്യാസ സമൂഹമായ സി എം ഐ സഭയുടെ കീഴിൽമാത്രമുണ്ട്, 1514 സ്ഥാപനങ്ങൾ.

ആഗോളകത്തോലിക്കാസഭയിൽ സ്ഥാപനങ്ങ ളുടെ എണ്ണംകൊണ്ടും ആസ്തികൊണ്ടും, ലോക രാജ്യങ്ങളിലെ സാന്നിധ്യംകൊണ്ടും മുൻപന്തിയിലാണ് സീറോ–മലബാർസഭ. സഭയുടെ ആസ്തി ഇതുവരെ ഔദ്യോഗികമായി തിട്ടപ്പെടുത്തുകയോ പ്രസിദ്ധപ്പെടു ത്തുകയോ ചെയ്തിട്ടില്ല. അംഗങ്ങൾ മുഴുവൻ മലയാളികൾ; സഭയുടെ ഭരണനിർവഹണം മുഴുവൻ നടത്തുന്നതും മലയാളികൾതന്നെ. രാജ്യത്തിനകത്തും പുറത്തും വിവിധ നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള സഭാവകഭൂമിയുടെ വിപണിമൂല്യംപോലും ശതകോടികൾ വരും. എല്ലാം ഓഡിറ്റിങ്ങിന് പുറത്താണ്. എറണാകുളം അതിരൂപതയിലെ ഭൂമി ഇടപാട് ചർച്ചകളിൽ നിറഞ്ഞ സാഹചര്യത്തിലാണ് സീറോ–മലബാർസഭയുടെ ആസ്തി ചർച്ചയാകുന്നത്. വിശ്വാസം എന്നത് ദൈവവിശ്വാസമോ ലക്ഷ്യം വിശ്വാസികളുടെ ഉന്നമനമോ അല്ലാതായി; എല്ലാം പുരോഹിതവർഗ്ഗത്തിന്റെ സമാന്തരഭരണമായി ചുരുങ്ങി. അതിനു ഫലവും കണ്ടു ക്രിസ്ത്യാനികളുടെ ഇന്ത്യയിലെ എണ്ണം 2.5 –ൽ നിന്നും 2.3 ശതമാനമായിട്ട് കുറഞ്ഞു, –2011–ലെ സെൻസസ്പ്രകാരം. അതിപ്പോഴും കുറഞ്ഞുകൊണ്ടുമിരിക്കുന്നു. ഉള്ള 2.3%–ലെ സീറോ–മലബാർ വിഭാഗക്കണക്കെടുത്താൽ നാലിലൊന്നുപോലും വിശ്വാസമുള്ളവരായി കാണില്ല.

അഹമ്മദാബാദിലെ മലയാളികൾ, അതാത് സ്ഥലങ്ങളിലുള്ള ലത്തീൻ റീത്തിലെ ഇടവകകളിൽ അംഗമായി ശാന്തമായും സമാധാനത്തോടെയും ജീവിച്ചുപോന്നു. അശനിപാതം പോലെയായിരുന്നു ഷംഷാബാദ് രൂപതയുടെ വരവ്. അപകടം മണത്തിരുന്നെങ്കിലും ആദ്യമൊന്നും അഹമ്മദാബാ ദിലെ വിശ്വാസികൾ പ്രതികരിച്ചില്ല. കാരണം, സീറോ–ലബാർ വിശ്വാസികൾക്കുമാത്രമായി ഒരു സംഘടന അവിടെ ഉണ്ടായിരുന്നില്ല. പക്ഷേ, രൂപത വന്നുവെന്നറിഞ്ഞപ്പോഴേ രൂപതാ പാസ്റ്ററൽ സെക്രട്ടറിയായി ഒരാൾ രംഗത്തിറങ്ങി. അയാൾ ഏകപക്ഷീയമായി ചില പദ്ധതികളും ആസൂത്രണം ചെയ്തു. മറ്റു പള്ളികളിലും ഏതാനുംപേർ കാര്യങ്ങൾ നിയന്ത്രിച്ചുതുടങ്ങിയിരുന്നു. പെട്ടെന്നു കളം ചൂടാകാൻ ഈ ഉപജാപകസംഘത്തിന്റെ ആവിർഭാവം കാരണമായി. നഗരത്തിലെ എല്ലാ സ്ഥലങ്ങളിലും ലത്തീൻ പള്ളികൾക്കു സമാന്തരമായി പള്ളികൾ പണിയാനും അതാരുടെയൊക്കെ പേരിൽ വേണമെന്നെല്ലാം ഇവർ നിശ്ചയിച്ചുറപ്പിച്ചു. വിശ്വാസികളുടെയിടയിലേക്ക് മാതൃവേദി വന്നു. വാർഡ് മീറ്റിംഗുകൾ തുടങ്ങി. ദിവസംമുഴുവനും ചെയ്തു കൊണ്ടിരിക്കാനുള്ള പ്രാർത്ഥനാസംസ്കാരവുമായി ഇറക്കുമതിചെയ്യപ്പെട്ട വൈദികരും കന്യാസ്ത്രീക ളുമെത്തി (ഏൽപ്പിച്ചു കൊടുക്കുന്നത്ര കൊന്ത ചൊല്ലിയാൽ മറ്റൊന്നിനും ആർക്കും സമയം കിട്ടില്ലല്ലോ). ഇതിനോടിടയ്ക്കു മാതൃവേദി ചിട്ടിയും തുടങ്ങി – നിയമാവലിപ്രകാരം ഉത്തരവാദിയുമില്ല, ഓഫീസുമില്ല ബന്ധപ്പെടാൻ ആളുമില്ല.

ഇത്രയുമൊക്കെയായത് SMC4U –വിനു തുടക്കം കുറിക്കാൻ എളുപ്പമായി. SMC4U –വിനെ ഷംഷാബാദ് രൂപത നേരിട്ടത് നിരവധി വൈദികരെ പല രൂപതകളിൽനിന്നായി അഹമ്മദാബാദിൽ ഇറക്കിയാണ്. നഗരത്തിലെ ഓരോ മുക്കും മൂലയും അവർ അരിച്ചു പെറുക്കി മാനസാന്തരപ്രവൃത്തികൾ നടത്തി. പക്ഷേ, SMC4U സഭാവിരുദ്ധരാണെന്നും കത്തോലിക്കർക്ക് ഒരു സ്വതന്ത്രസമ്മേളനം കൂടണമെങ്കിൽ മെത്രാന്റെ അനുവാദം വേണമെന്നുമുള്ള തട്ടിൽ മെത്രാന്റെ ഇടയലേഖനവും സിഞ്ചെല്ലൂസച്ചന്റെ വാട്സാപ്പ് ലേഖനവും അക്ഷരാർത്ഥത്തിൽ അഹമ്മദാബാദ് സീറോ–മലബാർകാർ പുച്ഛിച്ചു തള്ളി. അവരൊരിക്കലും ഇതു പ്രതീക്ഷിച്ചിരുന്നില്ല.

സുഹൃത്തായ പാലാ മെത്രാനോടോപ്പം തട്ടിൽപ്പിതാവ് അഹമ്മദാബാദ് മെത്രാനുമായി കൂടിക്കണ്ടെങ്കിലും ചർച്ച പരാജയപ്പെട്ടു. ഇതിനോടകം SMC4U ട്രസ്റ്റായി രജിസ്റ്റർചെയ്തു, ആദ്യത്തെ ദേവാലയ ദുരുപയോഗക്കേസ് അഡ്വ. പി റ്റി ചാക്കോയ്ക്കും സിഞ്ചെല്ലൂസച്ചനും എതിരായി നടത്തുന്നതിലേക്കുള്ള നടപടിക്രമങ്ങളും തുടങ്ങി തട്ടിൽപ്പിതാവ് ഒരിക്കൽ സമ്മതിച്ച അനുരഞ്ജന ത്തിൽനിന്നു പിന്മാറിയപ്പോൾത്തന്നെ SMC4U വത്തിക്കാനുള്ള പരാതിയും അയച്ചിരുന്നു. അഹമ്മദാബാദിലെ സംഭവവികാസങ്ങൾ അവർ അപ്ഡേറ്റ് ചെയ്തുകൊണ്ടുമിരിക്കുന്നു.

*–അഹമ്മദാബാദിലെ സമരത്തിന്റെ നാൾവഴി അറിയേണ്ടവർക്കായി, എല്ലാ വിശദാംശങ്ങളും http://almayasabdam.com/journals/ പേജിൽ കൊടു ത്തിരിക്കുന്നു.*

ഫോൺ: 9495875338

# അപചയങ്ങൾ പ്രതിരോധിക്കാനുള്ള മാർഗ്ഗം സഭാനേതൃത്വം കണ്ടെത്തണം

**ഫാ. ഡേവീസ് കാച്ചപ്പിള്ളി** (CMI)

"സഭയ്ക്കാവശ്യം സ്തുതിപാഠകരെയല്ല, വിമർശകരെയാണ്" എന്നുള്ള ഫ്രാൻസീസ് പാപ്പായുടെ പ്രസ്താവന വായിച്ചതുമുതൽ, അന്നുവരെ വിമർശനങ്ങളെയും വിമർശകരെയും അവഗണിക്കുന്ന പ്രവണതയുണ്ടായിരുന്ന ഞാൻ വിമർശനങ്ങളെ ശ്രവിക്കാനും വിലയിരുത്താനും തുടങ്ങി. സഭയുടെ ആനുകാലികപ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിൽ തൽപരനായിരുന്ന എനിക്ക് 'സത്യജ്വാല' എന്ന മാസിക കണ്ടെത്താനായി. മറ്റ് മാസികകളിലെന്നതുപോലെ, എന്റെ ലേഖനങ്ങൾ സത്യജ്വാലയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജൂൺമാസത്തെ സത്യജ്വാലയിൽ വിമർശനാത്മകമായി എഴുതപ്പെട്ടിരിക്കുന്ന എല്ലാ ലേഖനങ്ങളും ചൂണ്ടിക്കാട്ടിയിരിക്കുന്ന വിഷയം സീറോമലബാർ സഭയിലെ നാനവിധ അപചയങ്ങളും അവയുടെ കാരണങ്ങളും അവ പരിഹരിക്കാനുള്ള നിർദ്ദേശങ്ങളുമാണ്.


സമൂഹത്തിൽ ഏതു തുറയിലും അപചയങ്ങളുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. രാഷ്ട്രത്തിന്റെ നീതിന്യായ കോടതികളിലും ജഡ്ജിമാരിലുമുള്ള അപചയങ്ങളെക്കുറിച്ച് പത്രങ്ങളിലൂടെ നാം അറിയുന്നുണ്ടല്ലോ. സീറോ-മലബാർസഭയിലും സഭയുടെ നേതൃത്വത്തിലും ഭരണതലങ്ങളിലും ശുശ്രൂഷാരംഗങ്ങളിലും ശുശ്രൂഷകരിലും സമർപ്പിതരിലും അൽമായരിലും അപചയങ്ങളുണ്ട് എന്ന സത്യജ്വാലയിലെ ലേഖകരുടെ പ്രസ്താവനകൾ തള്ളിക്കളയുകയോ അവഗണിക്കുകയോചെയ്യേണ്ടവയല്ല; മറിച്ച്, അവയെ അടിസ്ഥാനമാക്കി സഭയെ എങ്ങനെ തിരുത്താനാകും, കറയറ്റതാക്കാനാകും, അപചയങ്ങളെ പ്രതിരോധിക്കാനാവും എന്നിങ്ങനെ വളരെ ഗൗരവമായി പര്യാലോചിക്കേണ്ടതുണ്ട്. സമൂഹത്തിലെ മറ്റു തുറകളിലെ അപചയങ്ങൾ തിരുത്തപ്പെടുന്നില്ലെങ്കിൽപ്പോലും, കത്തോലിക്കാസമൂഹത്തിലെ അപചയങ്ങൾ തിരുത്തപ്പെടാതിരിക്കരുതെന്ന നിഷ്ഠയും നിർബന്ധവും മുൻനോട്ടവും സഭാനേതൃത്വത്തിനുണ്ടാകണം. കാരണം, യേശുക്രിസ്തുവിന്റെ പ്രവാചകദൗത്യവും പ്രബോധനങ്ങളും സഭയുടെ പ്രബോധനങ്ങളും ലക്ഷ്യംവച്ചിരിക്കുന്നത് സഭാംഗങ്ങളുടെ വിശുദ്ധിയാണ്. അതുകൊണ്ടാണ്, സഭാനവീകരണത്തിനായി നടത്തപ്പെട്ട രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പ്രസ്താവിച്ചത്: "വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരുടെ സമൂഹമാണ് തിരുസഭ." ചുരുക്കത്തിൽ, മാനുഷികബലഹീനതകളാൽ അപചയങ്ങളുണ്ടാകാതിരിക്കാൻ എപ്പോഴും സത്വരശ്രദ്ധയുണ്ടാകണം; അപചയങ്ങൾ സംഭവിക്കാനിടയായാൽ അവ യുദ്ധകാലാടിസ്ഥാനത്തിൽ തിരുത്തപ്പെടണം; അവയെ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയുംവേണം. അതാണ് 'മാനസാന്തരം' എന്ന പദംകൊണ്ട് സ്നാപകയോഹന്നാനും യേശുക്രിസ്തുവും വി.ബൈബിളും ലക്ഷ്യംവയ്ക്കുന്നത്. ജൂൺ മാസത്തെ 'സത്യജ്വാല'യിലെ ലേഖനങ്ങൾ ലക്ഷ്യംവയ്ക്കുന്നതും ഇത്തരമൊരു മാനസാന്തരം സീറോ-മലബാർ സഭയിൽ ഉണ്ടാകണം എന്നതാണ്.

ഈ മാനസാന്തരത്തിന് യേശുവിലേക്കുള്ള തിരിച്ചുവരവിന്, വളരെ ശ്രേഷ്ഠമായൊരു ആത്മീയമാർഗ്ഗം 1992-ൽ പ്രസിദ്ധീകരിച്ച 'കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥ'ത്തിൽ അനുശാസിക്കുകയും പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ മലയാള വിവർത്തനം 2005-ൽ KCBCപ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഈ ഗ്രന്ഥത്തിൽ 2742 മുതൽ 45 വരെ

> മാനുഷികബലഹീനതകളാൽ അപചയങ്ങളുണ്ടാകാതിരിക്കാൻ എപ്പോഴും സത്വരശ്രദ്ധയുണ്ടാകണം; അപചയങ്ങൾ സംഭവിക്കാനിടയായാൽ അവ യുദ്ധകാലാടിസ്ഥാനത്തിൽ തിരുത്തപ്പെടണം; അവയെ പ്രതിരോധിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയുംവേണം. അതാണ് 'മാനസാന്തരം' എന്ന പദംകൊണ്ട് സ്നാപകയോഹന്നാനും യേശുക്രിസ്തുവും വി.ബൈബിളും ലക്ഷ്യംവയ്ക്കുന്നത്. ജൂൺ മാസത്തെ 'സത്യജ്വാല'യിലെ ലേഖനങ്ങൾ ലക്ഷ്യംവയ്ക്കുന്നതും ഇത്തരമൊരു മാനസാന്തരം സീറോ-മലബാർ സഭയിൽ ഉണ്ടാകണം എന്നതാണ്.

യുള്ള ഖണ്ഡികകളിലായി പ്രതിപാദിച്ചിരിക്കുന്നതും അനുശാസിച്ചിരിക്കുന്നതുമായ 'വ്യക്തിഗത നിരന്തര പ്രാർത്ഥനാജീവിതം' സഭാസമൂഹം പഠിച്ച് അഭ്യസിച്ചാൽ, വിശുദ്ധി പ്രാപിക്കാനാകും, അപചയങ്ങളെ പ്രതിരോധിക്കാനാകും, സ്ഥായിയായ മാനസാന്തരജീവിതം അനുഭവിക്കാനാകും, ഈശോയുടെ ആഹ്വാനപ്രകാരമുള്ള 'ക്രിസ്തുവിന്റെ അനുയായി'യാകാനാകും (യോഹ.8:12). ഈശോ പ്രവർത്തിച്ചതുപോലുള്ള നന്മയുടെ അത്ഭുതങ്ങൾ ഓരോ വിശ്വാസിക്കും പ്രവർത്തിക്കാൻ ശക്തികിട്ടും (യോഹ.14:12), യേശുവിന്റെ സ്നേഹത്തിൽ എക്കാലവും ജീവിക്കാനാകും (യോഹ.15:19) എന്നാണ് ഈ പ്രബോധനം വ്യക്തമാക്കുന്നത്.

പ്രബോധനത്തെക്കുറിച്ച് ഫ്രാൻസീസ് മാർപാപ്പാ



# ആലഞ്ചേരിയും യോഗയും



(2-ാം ഭാഗം)

*[2018 ഏപ്രിൽ ലക്കത്തിൽ നിന്നുള്ള തുടർച്ച]*

**റവ ഡോ ജെ ഔസേപ്പറമ്പിൽ**

**3. ആസനങ്ങൾ (postures):**

യോഗയുടെ മൂന്നാമത്തെ പടിയാണ് ആസനങ്ങൾ (ുീൃേലെ). ആസനാഭ്യാസങ്ങൾ ശാരീരികവും മാനസികവുമായ ശക്തികൾ വർദ്ധിപ്പിക്കും. ഇങ്ങനെ സ്വായത്തമാകുന്ന ശക്തികളും കഴിവുകളും ആത്മനിയന്ത്രണമില്ലാത്തവനു കിട്ടിയാൽ അതു ഭ്രാന്തന്റെ കൈയിലെ കത്തിപോലെയാകും. അതുകൊണ്ട് യമനിയമങ്ങൾ പാലിച്ച് ആത്മനിയന്ത്രണമുള്ളവനേ യോഗാസനങ്ങൾ ചെയ്യാവൂ.

യോഗദിനത്തിൽ നമ്മുടെ രാഷ്ട്രീയക്കാർ കാണിച്ചത് യഥാർത്ഥത്തിൽ ശരിയായ ആസനങ്ങളല്ല, ചില അഭ്യാസങ്ങൾമാത്രമാണ്.

ആലഞ്ചേരിയും കൂട്ടുമെത്രാന്മാരും പൊക്കിപ്പിടിക്കുന്ന ദൈവം അസ്തിത്വത്തിൽ ഇല്ല. യമനിയമങ്ങൾ - സാമൂഹികവും വ്യക്തിപരവുമായ നല്ല ജീവിതം - പാലിക്കുന്നവൻ മാത്രമേ യോഗാസനങ്ങൾ ചെയ്യാൻ അധികാരിയാകൂ. ആസനങ്ങൾ ശാരീരിക കഴിവുകൾ വർദ്ധിപ്പിക്കും. അതു നിയന്ത്രിച്ചുനിറുത്താൻ യമനിയമങ്ങൾ പാലിക്കണം. ആലഞ്ചേരിയുടെയും കൂട്ടുമെത്രാന്മാരുടെയും വൈദികരുടെയും കന്യാസ്ത്രീകളുടെയും ബ്രഹ്മചര്യം നിർബ്ബന്ധിത ബ്രഹ്മചര്യമാണ്. സ്നേഹത്താൽ പ്രേരിതമായി അന്യോന്യം സുഖാസുഖങ്ങൾ പരിഗണിച്ച് ആത്മസംയമനത്തോടെ ജീവിക്കുന്ന വിവാഹിതരുടെ സ്വനിയന്ത്രിത ബ്രഹ്മചര്യം നിർബ്ബന്ധിതബ്രഹ്മചര്യത്തെക്കാൾ എത്ര ശ്രേഷ്ഠം! മുട്ടനാടുകൾ യഥേഷ്ടം കയറിയിറങ്ങുന്ന പറമ്പിൽ കറുകപ്പുല്ലുകൾ അധികം കാണാറില്ല.

യമനിയമങ്ങൾ മാനവികതയും ധാർമ്മികതയുമാണ്. മനുഷ്യന്റെ ജീവിതാനുഭവങ്ങൾവഴി പടുത്തുയർത്തിയ മാനവികതയെയും ധാർമ്മികതയെയും വിശുദ്ധഗ്രന്ഥങ്ങൾ കടമെടുത്തതാണ്. മതങ്ങളും മതഗ്രന്ഥങ്ങളും അവരുടെ ദൈവങ്ങളും, മാനവികതയിലും ധാർമ്മികതയിലും ആഗോളമനുഷ്യസംസ്കാരത്തിന്റെ ഒപ്പം എത്തിയിട്ടില്ല. അതുകൊണ്ടാണ് മതങ്ങൾ സാംസ്കാരികജീവിതത്തിൽ 500 വർഷമെങ്കിലും പിന്നിൽ നിൽക്കുന്നത്. രാഷ്ട്രീയക്കാരും ആലഞ്ചേരിപ്രഭൃതികളും യോഗ എന്നാൽ ആസനങ്ങൾ എന്നാണ് ധരിച്ചുവച്ചിരിക്കുന്നത്. എട്ടു ഭാഗങ്ങളുള്ള യോഗശാസ്ത്രത്തിലെ മൂന്നാമത്തെ ഭാഗം മാത്രമാണ് ആസനങ്ങൾ. യോഗയെക്കുറിച്ചുള്ള ആലഞ്ചേരിയുടെ അറിവ് ആസനങ്ങളിൽ ഒതുങ്ങി. (കേരള സുറിയാനി കത്തോലിക്കാസഭ ആലഞ്ചേരിയോടു വളരെ കടപ്പെട്ടിരിക്കുന്നു, ആസനം എന്നതിന് മലദ്വാരം എന്ന അർത്ഥകല്പന നടത്താതിരുന്നതിന്!) ശാരീരികവും മാനസികവുമായ കഴിവുകളെ പുഷ്ടിപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും ആസനങ്ങൾ പ്രത്യേകം പ്രത്യേകം ഉണ്ട്.

**4. പ്രാണായാമം** (breathing exercise):

പ്രാണൻ ജീവന്റെ ഇരിപ്പിടമാണ്. ഈ പ്രാണനെ ശ്വാസോച്ഛ്വാസംവഴി നിയന്ത്രിക്കാം. പ്രാണനിലേക്കു

---

പ്രസ്താവിച്ചത് ഇപ്രകാരം: "പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ നിരന്തരം ലഭിക്കാനും, സാത്താന്റെ നിഗൂഢതന്ത്രങ്ങളെ ചെറുത്തു തോൽപ്പിക്കാനും ശക്തി ലഭിക്കാനായി നാം നിരന്തരം പ്രാർത്ഥിക്കണം." നിരന്തരപ്രാർത്ഥനാജീവിതത്തിന്റെ രണ്ട് വലിയ നന്മകളാണ് മാർപാപ്പാ ചൂണ്ടിക്കാട്ടിയിരിക്കുന്നത്.

അതുകൊണ്ട്, എന്റെ എളിയ അഭ്യർത്ഥന ഇതാണ്: എല്ലാവിധ അപചയങ്ങളെയും, എല്ലാവരുടെയും അപചയങ്ങളെയും പരിഹരിക്കാനും പ്രതിരോധിക്കാനുമായി തിരുസഭ അനുശാസിച്ചിരിക്കുന്ന 'വ്യക്തിഗതനിരന്തര പ്രാർത്ഥനാ' പ്രബോധനം എല്ലാവരും പഠിക്കുക, അഭ്യസിക്കുക; ഇതിനേക്കാൾ ഉത്തമമായ കർമ്മപരിപാടികൾ മറ്റൊന്നില്ല എന്നതാണെന്റെ അനുഭവ സാക്ഷ്യം.

ഫോൺ: 9495639265

*- ഇന്നത്തെ അവസ്ഥയിൽ, 'പ്രാർത്ഥനാജീവിതം' എന്ന വാക്ക് തെറ്റിദ്ധാരണാജനകമാണെന്ന് പറയേണ്ടിയിരിക്കുന്നു. കാരണം, പ്രാർത്ഥിക്കുന്നവരായി ഇന്നു കാണപ്പെടുന്നവർ സഭയിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും നീതിനിഷേധങ്ങൾക്കുമെതിരെ കണ്ണും കാതും വായും അടച്ചുവച്ച് നിഷ്ക്രിയരായിരിക്കുന്നതാണ് കണ്ടുവരുന്നത്. അതായത്, ബഹു. കാച്ചപ്പിള്ളിയച്ചൻ പറഞ്ഞിരിക്കുന്ന പ്രകാരം, അവർ പ്രാർത്ഥനയിലൂടെ ശക്തി സംഭരിച്ച് അപചയങ്ങളെ പ്രതിരോധിക്കുന്നതായി കാണുന്നില്ല. യേശുവിന്റെ പ്രാർത്ഥനയക്ക് ഏകാന്തമായ ധ്യാന (meditation) ത്തോടായിരുന്നു, സാമ്യം. അതിലൂടെ ആർജ്ജിച്ച മുഴുവൻ ശക്തിയും പ്രവർത്തനമാക്കി മാറ്റുകയായിരുന്നു, അവിടുന്ന്. കാച്ചപ്പിള്ളിയച്ചൻ ഉദ്ദേശിക്കുന്നത്, ഒരുപക്ഷെ അത്തരം പ്രാർത്ഥനയായിരിക്കാം. എന്തായാലും, പ്രവൃത്തിയില്ലാത്ത വിശ്വാസംപോലെതന്നെ കപടവും ഫലശൂന്യവുമാണ്, പ്രവൃത്തിയില്ലാത്ത പ്രാർത്ഥനയും എന്ന് വ്യക്തമാക്കേണ്ടതുണ്ട്.*

**- എഡിറ്റർ**

നമുക്കു സ്വാധീനം ലഭിക്കുന്നത് ശ്വാസോച്ഛ്വാസംവഴിയാണ്. ശ്വാസോച്ഛ്വാസംവഴി പ്രാണനിലേക്കും പ്രാണൻവഴി പഞ്ചേന്ദ്രിയങ്ങളിലേക്കും അതുവഴി മനസ്സിലേക്കും പിന്നെ ആത്മാവിലേക്കും പിന്നെ പ്രജ്ഞയിലേക്കും നമുക്കു നിയന്ത്രണം ലഭിക്കുന്നു. ഏത് ഇപ്പോൾ ജീവിച്ചിരിക്കുന്നുവോ അതാണ് പ്രാണി; പ്രാണനെ വഹിക്കുന്നതാണ് ജീവി. അഞ്ചു വായുക്കൾ ഉണ്ട്. അവയ്ക്ക് ശരീരത്തിൽ പ്രത്യേക സ്ഥാനങ്ങളും പ്രവൃത്തികളും ഉണ്ട്. ഇപ്പോൾ അതു വിവരിക്കുന്നില്ല.

പ്രാണൻ ശ്വാസോച്ഛ്വാസമല്ല. ശ്വാസോച്ഛ്വാസം ഇല്ലാത്തപ്പോഴും പ്രാണൻ ഉണ്ട്. ഗർഭസ്ഥശിശുവിന് ശ്വാസോച്ഛ്വാസമില്ല, പ്രാണനുണ്ട്. നമ്മുടെ ഉള്ളിൽ കടന്നുചെന്ന് ആന്തരികതയെ നേരിട്ടു സ്വാധീനിക്കുന്നത് ശ്വാസമാണ്. ഇതാണ് പ്രാണായാമത്തിന്റെ പ്രാധാന്യം.

**5. പ്രത്യാഹാരം** (withdrawal of senses from objects):

പഞ്ചേന്ദ്രിയങ്ങളെ അതാതിന്റെ വിഷയങ്ങളിൽനിന്നു പ്രതിനിവർത്തിപ്പിക്കുക, ഓർമ്മയെയും ഭാവനയെയും അടക്കിനിറുത്തുക, മനസ്സിനെ അതിന്റെ ചാഞ്ചല്യത്തിൽനിന്ന് പിൻതിരിപ്പിക്കുക, ഇവവഴി പ്രജ്ഞയെ ഏകാഗ്രമാക്കുക – ഇതാണ് പ്രത്യാഹാരം. ധ്യാനത്തിന് ഏകാഗ്രത വരുത്തുകയാണ് ലക്ഷ്യം. പ്രത്യാഹരിക്കുന്നത് പഞ്ചേന്ദ്രിയങ്ങളെയാണ്, വസ്തുക്കളെ അതിൽത്തന്നെയല്ല. നേരത്തെ പറഞ്ഞ, 'യോഗഃ ചിത്തവൃത്തി നിരോധഃ' എന്നതിന്റെ അർത്ഥം ഇതാണ്.

**6. ധാരണ (concentration):**

നമ്മുടെ ലക്ഷ്യമായ വസ്തുവിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും മറ്റു വസ്തുക്കളെ നമ്മുടെ ശ്രദ്ധാപരിധിക്കു പുറത്തു നിറുത്തുകയും മനസ്സിനെ ലക്ഷ്യത്തിൽ ബന്ധിക്കുകയും ചെയ്യുന്നതാണ് ധാരണ. പ്രത്യാഹാരമാണ് ധാരണയെ സഹായിക്കുന്നത്. ധാരണകൊണ്ട് ബുദ്ധിയെ സ്വാധീനിക്കണം, ആ ബുദ്ധികൊണ്ട് മനസ്സിനെ സ്വാധീനിക്കണം (ഗീത 6:20) പലവിചാരം വന്ന് നമ്മുടെ ശ്രദ്ധാകേന്ദ്രത്തിൽ ഇടമുറി ഉണ്ടാകാതെ തുടർച്ചയായി കേന്ദ്രീകരിച്ചിരിക്കുന്നതാണ് ധാരണ.

**7. ധ്യാനം (meditation):**

ധാരണ ഇടമുറിയാതെ നിൽക്കുന്നതാണ് ധ്യാനം. അതായത് കുറെ സമയത്തേക്കെങ്കിലും അവിച്ഛേദ്യമായാൽ അതു ധ്യാനമായി.

**8. സമാധി (self realization):**

നമ്മുടെ പ്രജ്ഞയും മഹാപ്രജ്ഞയും മറ്റു പരിധികളെയെല്ലാം മറികടന്ന്, യോഗയുടെ ഒന്നു മുതൽ ഏഴുവരെയുള്ള പടികൾവഴി, ഒന്നായി ബന്ധത്തിൽ വരുത്തുകയും ആ ബന്ധം അനർഗളമായി തുടരുകയും ചെയ്താൽ സമാധിയായി. പ്രജ്ഞയിൽ ചാഞ്ചല്യമുണ്ടാക്കുന്ന ഒന്നും ഇല്ലാത്തപ്പോൾ ശൂന്യത വരുന്നു. ഈ ശൂന്യതയിൽ മഹാപ്രജ്ഞയും.

ആദ്ധ്യാത്മിക ജീവിതത്തിന്റെ അന്തഃസത്തയെന്തെന്ന് ഭാരതീയാചാര്യന്മാർ അഗാധമായ ആന്തരികജീവിതംവഴി ഗ്രഹിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. ഏതാണ്ട് 2300 വർഷങ്ങൾക്കുമുമ്പ് പതഞ്ജലി മഹർഷി അതു സൂത്രരൂപേണ ആവിഷ്കരിച്ചു. നമ്മുടെ പ്രജ്ഞയെ അനന്തപ്രജ്ഞയുമായി ബന്ധപ്പെടുത്തുവാനും ഈ ബന്ധത്തിൽ സമാധി അടയാനും ഈ സമധിക്കു വിഘാതം വരുത്തുന്നതിനെ നിരോധിക്കുവാനും ചെയ്യേണ്ടതെല്ലാം പഠിപ്പിച്ചു. ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്ന കേവലവും നിർവികല്പവും പൂർണ്ണവുമായ പ്രജ്ഞയെയാണ് ധ്യാനംവഴി പ്രാപിക്കുന്നത്. അതോടുകൂടി മനസ്സിന്റെ പതറിച്ച മാറി മഹാപ്രജ്ഞയിൽ വിലയിക്കുന്നു – സംതുലിതാവസ്ഥയിൽ എത്തിച്ചേരുന്നു. 'സമത്വം യോഗ ഉച്യതേ' എന്നു പറയുന്നതിന്റെ അർത്ഥം ഇതാണ്.

രസകരവും ഇഷ്ടമുള്ളതുമായ കാര്യങ്ങളിൽ കുറെനേരം ഏകാഗ്രത പാലിക്കുക എളുപ്പമാണ്. ഇതിന് പ്രേയസ് എന്നു പറയും. എന്നാൽ, പരമലക്ഷ്യമായ മഹാപ്രജ്ഞയിൽ മറ്റുള്ള വസ്തുക്കളെ പരിധിക്കു പുറത്തുനിറുത്തി ഏകാഗ്രത പാലിക്കണം. ഈ ഏകവസ്തു ശ്രേയസ് ആണ് മഹാപ്രജ്ഞ. എല്ലാറ്റിന്റെയും ഈ ഉത്തമവസ്ഥാനത്ത് എത്തിച്ചേരുന്നതിനാണ് 'യോഗോ ഹി പ്രഭവാഭ്യയൗ' എന്നു പറയുന്നത്.

ദൈവാനുഭവത്തിലേക്കു നയിക്കുന്ന ഒരു കൂദാശയേ ഉള്ളൂ എന്നു പറഞ്ഞല്ലോ. അത് നല്ല പ്രവൃത്തികളാണ്. നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിന് മഹത്വമുണ്ടാകണം എന്ന് യേശു പറഞ്ഞത് ഈ അർത്ഥത്തിലാണ്. നല്ല പ്രവൃത്തികളില്ലെങ്കിൽ എല്ലാ മതാചാരങ്ങളും കപടതയാണ്. നല്ല പ്രവൃത്തികൾ ചെയ്യുന്നവൻ ഏതു മതസ്ഥനായാലും നന്മയുടെ നിറകുടമാകും.

ധർമ്മം (morality) പ്രവൃത്തിലക്ഷണമെന്നും നിവൃത്തിലക്ഷണമെന്നും രണ്ടുതരത്തിലാണുള്ളത്. ദൈവത്തെ ദൈവമായി തിരിച്ചറിയുന്നത്, ധാർമ്മികതയെ ധാർമ്മികതയായി തിരിച്ചറിയുന്നത്, നന്മയെ നന്മയായി തിരിച്ചറിയുന്നത് എങ്ങനെയോ അതാണ് ധർമ്മലക്ഷണം. ശ്രുതി, സ്മൃതി, സദാചാരം, ആത്മതുഷ്ടി ഇതാണ് ഭാരതത്തിൽ ധർമ്മമൂലമായും ധർമ്മലക്ഷണമായും കരുതപ്പെടുന്നത്. വെളിപാട്, പാരമ്പര്യം, ബൗദ്ധികത, കാര്യയുക്തി (revelation, tradition, reason and fittingness) ഇതാണ് സഭയുടെ ധർമ്മമൂലവും ധർമ്മലക്ഷണവും. ഇവ രണ്ടും അധികം വ്യത്യസ്തമല്ല. നല്ല പ്രവൃത്തികൾവഴി വിവേകവും വിവേകംവഴി വിജ്ഞാനവും ഉണ്ടാകുന്നു. വിവേകവും വിജ്ഞാനവും നിവൃത്തിയിലേക്ക് – മോചനത്തിലേക്ക് – നയിക്കുന്നു. കർമ്മനിഷ്ഠയും ജ്ഞാനനിഷ്ഠയും – ഒന്ന് ഉപായവും മറ്റേത് ഉപേയവുമാണ്. ഉപായം പ്രയോഗിച്ചാൽ ഉപേയം കിട്ടുന്നു. പ്രവൃത്തിലക്ഷണമൊത്ത ധർമ്മം കർമ്മനിഷ്ഠയോടെ ചെയ്യുമ്പോൾ നിവൃത്തിലക്ഷണമായ, ഉപേയമായ, ലക്ഷ്യമായ മോക്ഷം കിട്ടുന്നു.

ഉപനിഷത്തുകൾ ദൈവികസത്തയെ പ്രതിപാദിച്ചത് 'പൂർണ്ണം' എന്നാണ്. പൂർണ്ണത്തിൽനിന്നും എന്തെങ്കിലും എടുത്തുമാറ്റാനോ എന്തെങ്കിലും പൂർണ്ണത്തോടു കൂട്ടിച്ചേർക്കാനോ പറ്റുകയില്ല. പൂർണ്ണത്തിന് നീളവും വീതിയും കനവും ഇല്ല. നീളവും വീതിയും കനവും ഉള്ളതെല്ലാം പരിമിതങ്ങളാണ്. നീളവും വീതിയും കനവും ഇല്ലാത്ത സത്ത സമയാതീതമാണ് – അനാദിയാണ്, അനന്തമാണ്. ഭാഷ കൊണ്ടു പ്രതിപാദിക്കുന്ന എല്ലാ സത്തകളും ത്രിമാനങ്ങളും ത്രികാലങ്ങളും ഉള്ള

വയാണ്. സ്ഥലകാലങ്ങൾ പൂർണ്ണത്തെ ബാധിക്കുകയില്ല. പൂർണ്ണത്തെ പ്രാപിക്കാൻ സഭ നടത്തുന്ന എല്ലാ ആചാരാനുഷ്ഠാനങ്ങളും കൂദാശകളും നിരർത്ഥകമാണ്.

ഗൗതമബുദ്ധൻ ദൈവത്തെക്കുറിച്ച് ഒന്നും പറഞ്ഞില്ല. ദൈവം ഭാഷയ്ക്ക് അതീതനാണല്ലോ. ബുദ്ധന് ദൈവം ശൂന്യമാണ്. പൂർണ്ണം പോലെതന്നെ ശൂന്യവും ത്രികാലങ്ങളും ത്രിമാനങ്ങളുമില്ലാത്തതാണ്. ശൂന്യവും പൂർണ്ണവും ഭാവത്തിൽ ഒന്നുതന്നെയാണ്. രണ്ടും ദൈവാനുഭവത്തിന്റെ രണ്ടു വ്യത്യസ്ത വിവരണങ്ങളാണ്. ത്രികാലങ്ങളുടെയും ത്രിമാനങ്ങളുടെയും പരമിതിയില്ലാത്ത ദൈവം അപരിമേയനാണ്.

അപരിമേയനായ ദൈവം വ്യക്തിയല്ല. ദൈവവുമായുള്ള ബന്ധം വ്യക്തിബന്ധമല്ല. സത്താപരമായ അസ്തിത്വബന്ധമാണ്. ഈ ബന്ധം അനർഗളമായി ഒഴുകുമ്പോൾ – തുടർച്ചയായി നിലനിൽക്കുമ്പോൾ – നിർവികല്പസമാധി ഉണ്ടാകുന്നു. അറിയുന്നവനും അറിവും അറിയപ്പെടുന്നവനും ഒന്നാകുന്നു. യോഗശാസ്ത്രംപോലെ ലോകത്തിൽ ഒരു മതവും ഇത്ര വ്യക്തമായി ദൈവാനുഭവത്തിലേക്കുള്ള വഴി തുറന്നുകാണിച്ചിട്ടില്ല. പുരോഹിതമതങ്ങളുടെ – മനുഷ്യർ സൃഷ്ടിച്ച മതങ്ങളുടെ – സ്വാധീനം യോഗയിലില്ല. ഇത് സർവമതാതീതമാണ്. യോഗ എല്ലാ തലങ്ങളിലുമുള്ള പ്രവൃത്തിക്ഷമതയാണ്; 'യോഗ: കർമ്മസുകൗശലം' എന്നു പറയുന്നത് അതുകൊണ്ടാണ്.

ഹിന്ദുവിനു മാത്രമല്ല, എല്ലാ ദൈവാന്വേഷികൾക്കും സ്വാനുഭവത്തിലൂടെയും പരിശീലനത്തിലൂടെയും ചിന്തയിലൂടെയും ദൈവാത്മൈക്യം പ്രാപിക്കാനുള്ള രാജവീഥിയാണ് യോഗ. യോഗയ്ക്ക് മനുഷ്യസൃഷ്ടമായ ഒരു മതാചാരവുമായോ ദൈവങ്ങളുമായോ യാതൊരു ബന്ധവുമില്ല. ഈ രാജവീഥിയിലൂടെ മുന്നേറുകയേ വേണ്ടൂ. ആത്മസാക്ഷാത്കാരത്തിലൂടെ ദൈവവുമായി വിലയശാന്തിയിൽ സമാധിയടയാം.

മനുഷ്യസത്തയെ കാര്യകാരണസഹിതം ശാസ്ത്രീയമായി വിശകലനംചെയ്തും ദൈവികസത്തയെ അപ്രകാരംതന്നെ വിശദീകരിച്ചും മനുഷ്യനെ ദൈവാനുഭവത്തിലേക്കു നയിക്കുക എന്നതാണ് യോഗയുടെ ലക്ഷ്യം. സെമിറ്റിക് മതങ്ങൾ ഈ കാര്യങ്ങളിൽ ആദേശം (കല്പന) നൽകുമ്പോൾ യോഗ ഉപദേശം നൽകുന്നു.

**യോഗയും മതവും**

യോഗയ്ക്ക് ഒരു മതവുമായോ ദൈവവുമായോ ബന്ധമില്ല. യോഗ ഒരു മതത്തെയും എതിർക്കുന്നില്ല. മതം ഒരു ജാതിനാമമാണ്; അതിൽ അനേകം വ്യക്തിമതങ്ങളുണ്ട്. മതജീ

*(ശേഷം പേജ് 42-ൽ)*

# ശാസ്ത്രീയതെളിവുകൾ കോട്ടയം അതിരൂപതയുടെ വംശീയആചാരങ്ങൾക്കു വെല്ലുവിളിയാകുന്നു!




**അലക്സ് കാവുംപുറത്ത്-USA**
(National Co-ordinator, KANA)

**അ**ലക്സ് ചാക്കോ എന്ന ക്നാനായക്കാരൻ ഈ അടുത്തകാലത്ത് നടത്തിയ DNA test അനുസരിച്ച് അദ്ദേഹം 100 % ഇന്ത്യക്കാരനാണ് (see Facebook page of Alex LA). ഈ വ്യക്തിയോടുബന്ധപ്പെട്ട നൂറുകണക്കിന് കുടുംബാംഗങ്ങൾ ഇന്ത്യൻ പൈതൃകംമാത്രമുള്ളവരാണെങ്കിലും, അവരൊക്കെ ക്നാനായ സമുദായത്തിലും പള്ളികളിലും അംഗങ്ങളാണ്. എന്നാൽ ഈ അലക്സ് കത്തോലിക്കയായ ഒരു ഒരിന്ത്യൻ സ്ത്രീയെ വിവാഹമെന്ന കൂദാശയിലൂടെ സ്വന്തം ഭാര്യ ആക്കിയപ്പോൾ, അദ്ദേഹം കർമ്മംകൊണ്ട് ക്നാനായക്കാരൻ അല്ലാതായി എന്നു പറഞ്ഞ് ക്നാനായപള്ളിയിൽനിന്നും സമുദായത്തിൽ നിന്നും അവരെ പുറത്താക്കി. ഇതാണ് ക്നാനായക്കാരന്റെ പരിപാവനമായ എൻഡോഗമി!

ഇതുവരെ DNA ടെസ്റ്റ് നടത്തിയ ക്നാനായക്കാർ ഇന്ത്യൻ പൈതൃകംമാത്രം ഉള്ളവരോ, ഇന്ത്യൻ പൈതൃകവും മധ്യപൂർവേഷ്യയിലെ യഹൂദരുൾപ്പെടെയുള്ള ജനതകളുടെ സങ്കരപൈതൃകം ഉള്ളവരോ ആണ്. ഇങ്ങനെയുള്ളവരാണ് ക്നാനായ സമുദായത്തിലെ ഭൂരിഭാഗം പേരും എന്നുള്ളത് വളരെ വ്യക്തമാണ്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ DNA ടെസ്റ്റ് നടത്തി സംശയനിവാരണം വരുത്താവുന്നതാണ്. ചിലർ അവർക്കു യാതൊരു സംശയവുമില്ല എന്ന് വീമ്പടിക്കുമെങ്കിലും അവരുടെ ഉള്ളിൽ യഥാർത്ഥത്തിൽ പേടിയാണ്. കാരണം, കണ്ണാടിയിൽ നോക്കുമ്പോൾ അവർ കാണുന്ന മുഖവും അവരുടെ നിറവും കേരളത്തിലെ അവരുടെ അയൽവാസികളുടേതുപോലെതന്നെയാണ്!

ബിജു ഉതുപ്പ് കേസിലെ കോടതിവിധിയിൽ, ക്നാനായക്കാരിയല്ല എന്ന് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്ന റോസമ്മയും അവരുടെ മക്കളും ഇന്ന് കോട്ടയം രൂപതയിലെ ഒരിടവകയിൽ മെത്രാന്മാരുടെയും സമുദായനേതാക്കന്മാരുടെയും അറിവോടെ അംഗങ്ങളാണ്. ഇവർ കോട്ടയം മെത്രാപ്പോലീത്തയുടെ ബന്ധുക്കളായതുകൊണ്ടാണോ അവരെ പുറത്താക്കാത്തത് എന്ന് പലരും ചോദിക്കാൻ തുടങ്ങിയിരിക്കുന്നു.

എന്നാൽ ബിജു ഉതുപ്പിനെയും അദ്ദേഹത്തിന്റെ



# ലോകത്തോടൊപ്പംചേർന്ന് വംശീയതയെ തിരസ്കരിക്കുക!

**ജോയി ഒരവണക്കളം - ചിക്കാഗോ**




റഷ്യയിൽ ഇപ്പോൾ (2018 ജൂൺ- ജൂലൈ) നടന്നുകൊണ്ടിരിക്കുന്ന 'ഫിഫ വേൾഡ് കപ്പ്' ടൂർണമെന്റിൽ, 'വംശീയ തയെ തിരസ്ക രിക്കുക' (SAY NO TO RACISM) എന്ന വലിയ സന്ദേശമാണ് നാം കാണുന്നത്. ഓരോ കളിയുംതുടങ്ങുന്നതിനുമുമ്പ് സ്റ്റേഡിയത്തിന്റെ നടുക്ക് ഒരു വലിയ ബാനറിന്റെ പിന്നിലായി ഇരു ടീമുകളും അവരുടെ കോച്ചും മാനേജരും റഫറിയും മറ്റും നിന്നുകൊണ്ട് ജനങ്ങളെ അഭിവാദനം ചെയ്യുന്നതിനായി നാം കാണുന്നു. 'SAY NO TO RACISM' എന്ന വാചകം മാത്രമാണ് ആ വലിയ ബാനറിൽ ആലേഖനം ചെയ്തിരിക്കുന്നത്.

ലോകരാഷ്ട്രങ്ങളെല്ലാംതന്നെ വംശീയതയെ പാടേ വെറുത്തു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലാണ്, ചുരുക്കം ചില ക്നാനായ തീവ്രവാദികൾ ക്നാനായ സംരക്ഷണസമിതിയുടെ പേരിൽ, ക്നാനായ വംശജരെയെല്ലാം മറ്റു ജനത കളുടെ ഇടയിൽ അവഹേളിതരാക്കുന്നത്.

ഏതാനും ചുരുക്കം മുസ്ലീം തീവ്രവാദികളുടെ ഭീകരപ്രവർത്തനംമൂലം ആകമാന മുസ്ലീംസമൂഹത്തെ ലോകം പുച്ഛത്തോടെയാണ് വീക്ഷിക്കുന്നത്. നമ്മുടെ ക്നാനായമക്കൾക്ക് നല്ല സുരക്ഷിതത്വം നാം ആഗ്രഹിക്കുന്നെങ്കിൽ ഇത്തരം ജാതീയസംഘടനകളെ മുളയിലേനുള്ളിക്കളയുക. ■

---

കുടുംബാംഗങ്ങളെയും അവർ എൻഡോഗമസ് അല്ല എന്ന കാരണത്താൽ പുറത്താക്കുവാൻ, കോട്ടയം രൂപതയും സംഘടനാനേതാക്കന്മാരും ലക്ഷക്കണക്കിന് രൂപ മുടക്കി കഴിഞ്ഞ 30 വർഷമായി കേസ് നടത്തുകയാണ്. എന്നാൽ എല്ലാ കോടതികളും ബിജു ഉതുപ്പും കുടുംബാംഗങ്ങളും ക്നാനായക്കാരും കോട്ടയം രൂപതയിലെ അംഗങ്ങളും ആണെന്നാണ് വിധിച്ചിരിക്കുന്നത്. കോട്ടയം പിതാക്കന്മാരും നേതാക്കന്മാരും എന്തുകൊണ്ടാണ് ഈ കുടുംബത്തോട് ഇത്രമാത്രം വിവേചനം കാണിക്കുന്നതും ദ്രോഹിക്കുന്നതും?

നൂറു ശതമാനം ഇന്ത്യൻ പൈതൃകം ഉള്ളവരും സങ്കരപൈതൃകമുള്ളവരും ക്നാനായ മാതാപിതാക്കന്മാർക്കു മാത്രം ജനിച്ച ക്നാനായക്കാരാണ് എന്നു കരുതുവാൻ സാധ്യമല്ല. ഇവരുടെ പൂർവികർ പല തലമുറകൾക്കുമുമ്പ് മൺമറഞ്ഞുപോയതുകൊണ്ട് അവരെപറ്റിയുള്ള വിവരങ്ങൾ നമുക്കു ലഭ്യമല്ല. എന്നാൽ അവരുടെ ഇന്ന് ജീവിച്ചിരിക്കുന്ന പിന്ഗാമികളുടെ DNA പരിശോധിച്ചാൽ അവരുടെ യഥാർത്ഥ പൈതൃകം വളരെ കൃത്യമായി മനസ്സിലാക്കുവാൻ സാധിക്കും.

മുകളിൽ വിവരിച്ചരിക്കുന്ന തെളിവുകളുടെ വെളിച്ചത്തിൽ ഒരു കാര്യം വ്യക്തമാണ് - ക്നാനായ സമുദായത്തിലെ ഭൂരിഭാഗം അംഗങ്ങളും ക്നാനായ മാതാപിതാക്കന്മാർക്കുമാത്രം ജനിച്ചവരല്ല; യഹൂദ പൈതൃകം മാത്രമുള്ളവരല്ല. അങ്ങനെയെങ്കിൽ എൻഡോഗാമിയുടെപേരിൽ നമ്മുടെ കുടുംബാംഗങ്ങളെ, ക്നാനായ lineage - ൽ ഉള്ളവരെ പുറത്താക്കുന്നതിൽ ഒരു ന്യായീകരണവുമില്ല.

ക്നാനായസമുദായത്തിലെ പുറത്താക്കൽ നടപടി യുക്തിക്കും ബുദ്ധിക്കും ശാസ്ത്രീയതെളിവു കൾക്കും എതിരാണ്, കോടതിവിധികൾക്കെതിരാണ്, ദൈവനിയമങ്ങൾക്കും സഭയുടെ അനുശാസനങ്ങൾക്കും എതിരാണ്. സമുദായത്തിന്റെ അംഗബലം കുറച്ച് നാശത്തിലേക്കു നയിക്കുന്നതാണ്; സമുദായത്തിൽ അനൈക്യത്തിന്റെ വിത്ത് വിതയ്ക്കുന്നതാണ്. ക്നാനായ പൂർവികരെ അവഹേളിക്കുന്നതാണ്; വ്യക്തിസ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കും എതിരാണ്; സമൂഹത്തിൽ അസ്വസ്ഥത ഉണ്ടാക്കുന്ന വർഗീയവിഷവിത്താണ്. എന്നിട്ടും ഈ ആചാരത്തെ എന്തുകൊണ്ടാണ് മെത്രാന്മാരും അച്ചന്മാരും സംഘടനാനേതാക്കന്മാരും പരിപാവനമായി കരുതുന്നത്; രക്തം ചിന്തി, ജീവൻനൽകി സംരക്ഷിക്കുമെന്നു മുദ്രാവാക്യം വിളിക്കുന്നത്?

ഇങ്ങനെയൊക്കെ ഈ സമുദായത്തിൽ സംഭവിക്കുന്നത് എന്തുകൊണ്ട്? സത്യം മനസിലാക്കാനും തെറ്റും ശരിയും തിരിച്ചറിയാനുമുള്ള ഇവരുടെ ബോധത്തിന് എന്തുപറ്റി? ക്നാനായക്കാർ വർഗീയവികാരത്തിന് ഇത്രമാത്രം അടിമപ്പെടാൻ കാരണമെന്താണ്? നേതാക്കന്മാർ ചിന്തിക്കുക. ഭൂമി ഉരുണ്ടതല്ല, പരന്നതാണ് എന്ന് കത്തോലിക്കാസഭ ഇന്നു പഠിപ്പിച്ചാൽ സഭയുടെ അവസ്ഥ എന്താകും എന്ന് ഒന്നാലോചിച്ചു നോക്കുക. ഇങ്ങനെയുള്ള ഒരവസ്ഥയിലാണ് ക്നാനായ സമുദായം ഇന്ന്. എൻഡോഗമസ് അല്ലാത്ത ഒരു സമൂഹം, എൻഡോഗാമിയുടെപേരിൽ സ്വന്തം കുഞ്ഞുങ്ങളെ പുറത്താക്കിക്കൊണ്ടു എത്രനാൾ മുന്നോട്ടു പോകും. ചിന്തിക്കുക!

ഫോൺ: (001)516-503-9387

# സങ്കല്പകഥകൾ 'കാതലായ വിശ്വാസസത്യങ്ങ'ളായി!

(5-ാം ഭാഗം)

പ്രൊഫ. പി.എൽ. ലൂക്കോസ്



## ശിശുക്കളുടെ മാമ്മോദീസ എന്തിന്?

**ഇ**ല്ലായ്മയിൽനിന്നു ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചു എന്നു വിശ്വസിക്കുന്നതുപോലെ ഇല്ലായ്മയിൽനിന്ന് ആഗസ്തീനോസ് സൃഷ്ടിച്ച ഉത്ഭവപാപത്തിനു ചില ക്രിസ്തീയസഭകൾ കണ്ടുപിടിച്ച പരിഹാരക്രിയയാണ് ശിശുക്കളുടെ മാമ്മോദീസാ. ജ്ഞാനസ്നാനത്തിനുള്ള കല്പന യേശു നല്കിയിട്ടുണ്ടല്ലോ എന്ന വാദത്തിനു ഇവിടെ പ്രസക്തിയില്ല. മത്തായിയുടെയും മർക്കോസിന്റെയും സുവിശേഷങ്ങളുടെ സമാപനം ഉത്ഥിതനായ ക്രിസ്തു ശിഷ്യഗണത്തെ ഏല്പിക്കുന്ന പ്രേഷിതദൗത്യത്തോടും ജ്ഞാനസ്നാനപ്പെടുത്താനുള്ള നിർദ്ദേശത്തോടും കൂടിയാണ് എന്നതു ശരിതന്നെ. പക്ഷേ, യേശു വളരെ വ്യക്തമായി പറഞ്ഞത് ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിച്ച് വിശ്വസിക്കുന്നവരെ ജ്ഞാനസ്നാനപ്പെടുത്താനാണ്. മറ്റേതെങ്കിലും മതത്തിൽ വിശ്വസിച്ചിരുന്നവനോ ഒരു മതത്തിലും വിശ്വസിക്കാത്തവനോ കാര്യങ്ങൾ വേണ്ടവിധം പഠിച്ച് സ്വന്തം ഇഷ്ടപ്രകാരം ക്രിസ്തീയവിശ്വാസം സ്വീകരിക്കുമ്പോൾ ജ്ഞാനസ്നാനം നല്കുന്നത് തീർച്ചയായും അർത്ഥവത്താണ്. ഔപചാരികമായ വിശ്വാസപ്രഖ്യാപനം നടത്താതെതന്നെ ക്രിസ്ത്യാനികളായ മാതാപിതാക്കൾക്കു ജനിക്കുന്ന കുട്ടി ക്രിസ്ത്യാനിയായിട്ടും ഹൈന്ദവർക്കു പിറക്കുന്ന കുട്ടികൾ ഹിന്ദുക്കളായിട്ടുമല്ലേ സമൂഹം കണക്കാക്കുന്നത്? പത്തോ ഇരുപതോ ലക്ഷം വർഷങ്ങൾക്കു മുൻപ് ജീവിച്ചിരുന്നു എന്നു സങ്കല്പിക്കപ്പെടുന്ന ആദിമാതാപിതാക്കൾ ചെയ്തതെന്നു കരുതുന്ന അജ്ഞാതമായ ഏതോ പാപത്തിന്റെ കറ നീക്കാനായി ഏഴോ എട്ടോ ദിവസം പ്രായമുള്ള ശിശുവിന്റെ തലയിൽ വെള്ളമൊഴിക്കാൻ യേശുവോ പൗലോസ് ശ്ലീഹയോ നിർദ്ദേശിച്ചിട്ടില്ല. റോമാക്കാർക്കെഴുതിയ ലേഖനം 6:3-ലും ഗലാത്തിയക്കാർക്കുള്ള ലേഖനം 3:27-ലും പൗലോസ് ശ്ലീഹാ പരാമർശിക്കുന്നത്, യേശുവിനോട് ഐക്യപ്പെടാൻവേണ്ടി താനും അനുയായികളും സ്വീകരിച്ച മുതിർന്നവർ ബോധപൂർവ്വം പുതിയ വിശ്വാസം സ്വീകരിക്കുന്ന അനുരഞ്ജനത്തിന്റെ ജ്ഞാനസ്നാനത്തെക്കുറിച്ചാണ്. പ്രായപൂർത്തിയാകുന്നതുവരെ കാത്തിരിക്കാതെ ഒരാഴ്ചയോ ഒരു മാസമോമാത്രം പ്രായമായ കുഞ്ഞിനു മാമോദീസനല്കുന്നത് ശൈശവവിവാഹം പോലെ ബാലാവകാശ ലംഘനമായി പരിഗണിക്കേണ്ടതാണ്.

അനുതാപവും മാനസാന്തരവും പരസ്യമായി വെളിപ്പെടുത്തുന്ന മമ്മോദീസ അനാവശ്യമാണെന്ന് വിവരമുള്ളവരാരും വാദിക്കുമെന്നു തോന്നുന്നില്ല. എന്നാൽ, ഉത്ഭവപാപം ഇല്ലെന്ന് നൂറുശതമാനം ഉറപ്പുള്ളപ്പോൾ, ഇല്ലാത്ത ആ ബാധ നവജാത ശിശുക്കളിൽനിന്ന് ഒഴിപ്പിക്കാനായി ആഭിചാരക്രിയ നടത്തുന്നതുപോലെ കാട്ടിക്കൂട്ടുന്ന കോപ്രായം വിദ്യാഭ്യാസവും വിവരവുമുള്ളവർ ശക്തിയായി എതിർക്കണം. ഇടവകജനങ്ങളെ വരുതിക്കു നിറുത്താനായി സഭ ദുരുപയോഗിക്കുന്ന ഒരായുധമാണ് ശിശുക്കളുടെ മാമ്മോദീസ എന്ന് എല്ലാവരും മനസ്സിലാക്കുക.. ഈ അനുഷ്ഠാനത്തിന്റെ ആദ്യഭാഗം എത്രമാത്രം അരോചകമാണെന്ന് പ്രബുദ്ധരായ ദൈവജനം ശ്രദ്ധിക്കുന്നില്ല. ഒരാൾക്കു ചെയ്യാൻ പറ്റുന്ന എല്ലാ ദുഷ്കൃത്യങ്ങളും ചെയ്യുന്ന

> മറിയത്തെയും ജോസഫിനെയും വിട്ട് 13-ാമത്തെ വയസ്സിൽ സാർത്ഥവാഹകസംഘത്തിന്റെ കൂടെ യേശു പോന്നത് ഇന്ത്യയിലേക്കായിരുന്നു. ഹിന്ദു-ബുദ്ധ മതക്കാരുടെ ഗ്രന്ഥങ്ങളും വിശ്വാസ-നിയമസംഹിതകളും പഠിയ്ക്കുകയായിരുന്നു ലക്ഷ്യം. 14-ാമത്തെ വയസ്സു മുതൽ ആറു വർഷക്കാലം ആര്യന്മാരുടെ ഊഷ്മളമായ ആതിഥ്യം സ്വീകരിച്ച് സിന്ധു നദീതടമായ ഓറിസ് പ്രോവിൻസിലെ Juggernaut, Rajegriha എന്നിവിടങ്ങളിലും ബനാറസ്സിലുമായി താമസിച്ചു. വേദങ്ങളും പുരാണങ്ങളും ആര്യന്മാർതന്നെ പഠിപ്പിച്ചു. എന്നാൽ ത്രിമൂർത്തികൾ, ബ്രഹ്മാവും വിഷ്ണുവും ശിവനും, പരബ്രഹ്മത്തിൽ നിന്നുടലെടുത്ത അവതാരങ്ങളാണെന്ന സിദ്ധാന്തം യേശു നിഷേധിച്ചു.

കൊടിയ പാപികളും അഭിസാരികകളും നിർബ്ബാധം പള്ളിയിൽ പ്രവേശിക്കുമ്പോൾ മാലാഖാക്കുഞ്ഞ് എന്നു വിശേഷിപ്പിക്കാറുള്ള നവജാത ശിശുവിനെ പള്ളിക്കകത്തു കയറ്റാതെ വാതിലിനുപുറത്തു നിറുത്തി പിശാചുക്കളെ ഓടിക്കാനുള്ള മന്ത്രവാദംപോലെ നടത്തുന്ന അനുഷ്ഠാനത്തെ എങ്ങനെ നീതീകരിക്കാനാകും? പള്ളിയിലേക്കു നേരെ കടന്നുവരുന്ന മഹാപാപികളുടെ കൂടെ വരാത്ത പിശാചുക്കളാണോ ഈ മാലാഖാ ക്കുഞ്ഞിന്റെ പിറകേ വരുന്നത്? എത്ര അപലപനീയമായ അനുഷ്ഠാനം!

പ്രായപൂർത്തിയായ ഒരാൾ ദൈവഹിതത്തിനു വിധേയമായി ജീവിച്ചുകൊള്ളാം എന്ന പ്രതിജ്ഞയോടെ സ്വീകരിക്കേണ്ട വിശ്വാസത്തിന്റെ കൂദാശയായ മാമ്മോദിസാ പിഞ്ചുകുഞ്ഞുങ്ങൾക്കു നല്കുന്നതിന്റെ ഔചിത്യം ചോദ്യംചെയ്യുന്നവരോട് ചിലർ

ചോദിക്കാറുള്ളത് യേശു സ്നാപകയോഹന്നാനിൽനിന്നു മാമ്മോദിസാ സ്വീകരിച്ചില്ലേ എന്നാണ്. യോഹന്നാൻ എതിർത്തിട്ടും യേശു എന്തിന് പശ്ചാത്താപത്തിന്റെയും മാനസാന്തരത്തിന്റെയും പ്രതീകമായ ജ്ഞാനസ്നാനം ചോദിച്ചു വാങ്ങി എന്നതിന് സ്വീകാര്യമായ ഒരുത്തരം ഇതുവരെ ആരും കണ്ടെത്തിയിട്ടില്ല. തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിന്റെ മുന്നോടിയായി സ്വന്തം ഭവനത്തോടും ബന്ധുമിത്രാദികളോടും വിടപറയുന്നതിന്റെ പ്രതീകാത്മകമായ ചടങ്ങായിരുന്നു യേശുവിന്റെ ജ്ഞാനസ്നാനം എന്ന വിശദീകരണമാണ് ഏറെക്കുറെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്.

എന്നാൽ യോഹന്നാനിൽനിന്നു മാമ്മോദിസാ സ്വീകരിക്കുന്നതിന് 16 വർഷം മുൻപു തന്നെ യേശുവിന്റെ പരസ്യജീവിതം തുടങ്ങിയിരുന്നുവെന്ന് വിശ്വാസികളിൽ ബഹുഭൂരിപക്ഷവും ഇന്നുവരെ അറിഞ്ഞിട്ടില്ല; സഭയാകട്ടെ അറിഞ്ഞിട്ട് അറിഞ്ഞതായി ഭാവിക്കുന്നില്ല. യേശുവിന്റെ മുൻകാല ജീവിതം അജ്ഞാതമായിരുന്നു. അല്പം ചിലതൊക്കെ അറിഞ്ഞിരുന്ന ലൂക്കാ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു എന്ന് ഒഴുക്കൻ മട്ടിലെഴുതി യേശുവിന്റെ ചരിത്രത്തിന്റെ പൂർവ്വാർദ്ധം ഉപസംഹരിച്ചു. ഉല്പത്തിപ്പുസ്തകത്തിന്റെ ആദ്യഭാഗം ചികഞ്ഞു പെറുക്കി കഴിയുന്നിടത്തോളം വിശ്വാസസത്യങ്ങൾ മെനഞ്ഞെടുക്കാനുള്ള വ്യഗ്രതയിൽ യേശുവിന്റെ 16 വർഷങ്ങളെപ്പറ്റി ഗവേഷണം നടത്താൻ ക്രിസ്തീയസഭകൾക്കൊന്നും താത്പര്യമുണ്ടായില്ല.

മറിയത്തെയും ജോസഫിനെയും വിട്ട് 13-ാമത്തെ വയസ്സിൽ സാർത്ഥവാഹകസംഘത്തിന്റെ കൂടെ യേശു പോന്നത് ഇന്ത്യയിലേക്കായിരുന്നു. ഹിന്ദു-ബുദ്ധമതക്കാരുടെ ഗ്രന്ഥങ്ങളും വിശ്വാസ- നിയമസംഹിതകളും പഠിയ്ക്കുകയായിരുന്നു ലക്ഷ്യം. 14-ാമത്തെ വയസ്സു മുതൽ ആറു വർഷക്കാലം ആര്യന്മാരുടെ ഊഷ്മളമായ ആതിഥ്യം സ്വീകരിച്ച് സിന്ധു നദീതടമായ ഓറിസ് പ്രോവിൻസിലെ Juggernaut, Rajegriha എന്നിവിടങ്ങളിലും ബനാറസ്സിലുമായി താമസിച്ചു. വേദങ്ങളും പുരാണങ്ങളും ആര്യന്മാർതന്നെ പഠിപ്പിച്ചു. എന്നാൽ ത്രിമൂർത്തികൾ, ബ്രഹ്മാവും വിഷ്ണുവും ശിവനും, പരബ്രഹ്മത്തിൽ നിന്നുടലെടുത്ത അവതാരങ്ങളാണെന്ന സിദ്ധാന്തം യേശു നിഷേധിച്ചു. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനും വിധികർത്താവുമായ അനശ്വരശക്തി അവിഭാജ്യമായ (indivisible) ഒരേയോരു അരൂപിയാണെന്ന് അവരെ ബോധ്യപ്പെടുത്താനാണ് യേശു ശ്രമിച്ചത്. വിഗ്രഹാരാധനയെയും മനുഷ്യ-മൃഗബലികളെയും എതിർക്കുകയും, ബ്രാഹ്മണർക്കും ക്ഷത്രിയർക്കുമുള്ള എല്ലാ യോഗ്യതകളും അവകാശങ്ങളും വൈശ്യർക്കും ശൂദ്രർക്കും ഉണ്ടെന്നു വാദിക്കുകയും ചെയ്തതോടെ സവർണ്ണരുടെ അപ്രീതിക്കു പാത്രമായി. ബന്ധം വഷളായതോടെ ഇസ്സാ (ISSA) എന്ന പേരിൽ അറിയപ്പെട്ടിരുന്ന യേശു ബുദ്ധമത കേന്ദ്രങ്ങളിലേക്കു കടന്നു. ഈ ആത്മീയതീർത്ഥാടകനെ ബുദ്ധഭിക്ഷുക്കൾ സന്തോഷത്തോടെ സ്വീകരിച്ചു. ബുദ്ധമതഗ്രന്ഥങ്ങളെല്ലാം രചിക്കപ്പെട്ടിരുന്ന പാലി (Pali) ഭാഷ പഠിച്ച് ആറുവർഷം കൊണ്ട് ആ ഗ്രന്ഥസമുച്ചയങ്ങൾ ഹൃദിസ്ഥമാക്കി. മടക്കയാത്രയിൽ ഏതാനും മാസക്കാലം പേർഷ്യയിൽ താമസിച്ച് സൊറോവാസ്ട്രിയൻ മതക്കാരുമായി സംവദിച്ചശേഷമാണ് ഇരുപത്തൊൻപതാമത്തെ വയസ്സിൽ ഇസ്സാ സ്വന്തം നാട്ടിൽ തിരിച്ചെത്തിയത്. അത് പരസ്യജീവിതം ആരംഭിക്കാനല്ല, അതു പൂർത്തിയാക്കാനായിരുന്നു. പതിനാറു വർഷത്തെ പ്രവാസം കഴിഞ്ഞു വന്നപ്പോൾ സ്വന്തക്കാരുടെകൂടെ തിരിച്ചുചേരുന്നതിന്റെ പ്രതീകമായിട്ടായിരിക്കാം യേശു ജ്ഞാനസ്നാനം സ്വീകരിച്ചത്. മരപ്പണിക്കാരനായി നസ്രത്തിലോ അടുത്തെവിടെയെങ്കിലുമോ യേശു താമസിച്ചിരുന്നെങ്കിൽ, "ഇവൻ ആ തച്ചന്റെ മകനല്ലേ? മറിയമല്ലേ ഇവന്റെ അമ്മ?" എന്നൊക്കെ യഹൂദർ വിസ്മയഭരിതരായി ചോദിക്കേണ്ടിവരുമായിരുന്നില്ല. പശ്ചിമേഷ്യയിൽ നിന്ന് അഫ്ഗാനിസ്ഥാൻവഴി കൂടെക്കൂടെ ഇന്ത്യയിലും ടിബറ്റിലും എത്തിയിരുന്ന സാർത്ഥവാഹകരിൽ നിന്നാണ് തങ്ങളുടെ പ്രിയപ്പെട്ട ഇസ്സായെ പീലാത്തോസ് തൂക്കിലേറ്റിയ വിവരം ബുദ്ധഭിക്ഷുക്കൾ അറിയുന്നത്. ദുഃഖിതരായ അവർ ഇസ്സായെപ്പറ്റി നേരത്തെ അറിഞ്ഞിരുന്നതും ഇസ്സായുടെ അന്ത്യത്തെപ്പറ്റി സാർത്ഥവാഹകർ പറഞ്ഞ് അറിഞ്ഞതുമായ കാര്യങ്ങൾ ചർമ്മപത്രങ്ങളിൽ (Parchments) എഴുതി ഭദ്രമായി സൂക്ഷിച്ചു.

ഉല്പത്തിപ്പുസ്തകംപോലെ ഇതൊന്നും ആരുടെയും ഭാവനാസൃഷ്ടിയല്ല. 1887- ൽ സഞ്ചാരപ്രിയനായിരുന്ന നിക്കോളാസ് നോട്ടോവിച്ച് (Nicolas Notovitch) എന്ന റഷ്യാക്കാരൻ അഫ്ഗാനിസ്ഥാനിലും പശ്ചിമ ഭാരതത്തിലും സഞ്ചാരം പൂർത്തിയാക്കി ഹിമാലയത്തിലെത്തി. പിന്നീട് അക്കാലത്തു ടിബറ്റിന്റെ ഭാഗമായിരുന്ന, ലിറ്റിൽ ടിബറ്റ് എന്നറിയപ്പെട്ടിരുന്ന, ലഡാക്കിൽ എത്തിച്ചേർന്നു. കുതിരപ്പുറത്തുനിന്നു തെറിച്ചുവീണ നിക്കോളാസ് ലഡാക്കിലെ പ്രസിദ്ധമായ ഹിമിസ് (HIMIS) സന്ന്യാസിമഠത്തിൽ ചികിത്സയിൽ കഴിയുമ്പോഴാണ് യേശുവിനെക്കുറിച്ചുള്ള ചർമ്മപത്രച്ചുരുളുകളുടെ (Scrolls) കാര്യം മഠാധിപനായ ലാമാ പറയുന്നതും, ലാമാ വായിച്ചു കേൾപ്പിച്ച പാലി ഭാഷയിലുള്ള ചുരുളുകളുടെ ഉള്ളടക്കം ദ്വിഭാഷിയുടെ സഹായത്തോടെ നിക്കോളാസ് കുറിച്ചെടുത്തതും. തനിക്കു ലഭിച്ച അത്ഭുതകരമായ വിവരം ചില പുരോഹിതശ്രേഷ്ഠന്മാരെ നിക്കോളാസ് അറിയിച്ചതാണ്. തന്റെ കൈവശമുണ്ടായിരുന്ന കൈയെഴുത്തുപ്രതി തട്ടിയെടുത്ത് മറച്ചുവയ്ക്കാനും നശിപ്പിക്കാനുമായിരുന്നു കുടിലമനസ്കരായ ആ പുരോഹിതരുടെ ഉന്നം എന്നു മനസ്സിലാക്കിയ നിക്കോളാസ് അവരുടെ താത്പര്യത്തിനു വഴങ്ങിയില്ല. പിന്നീട് നിക്കോളാസ് നോട്ടോവിച്ച് തനിയെ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥമാണ് "The Unknown Life of Jesus Christ."

നാലു സുവിശേഷങ്ങളും എഴുതപ്പെട്ടത് എ.ഡി. 65-95 കാലഘട്ടത്തിലാണെങ്കിൽ ഹിമിസിലേയും ലാസ്സായിലെയും ബുദ്ധമഠങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ചർമ്മപത്രങ്ങൾ ക്രിസ്തുവിന്റെ മരണശേഷം മൂന്നു വർഷത്തിനുള്ളിലാണ് തയ്യാറാക്കിയത് എന്ന വസ്തുത വളരെ പ്രധാനമാണ്. (തുടരും)

ഫോൺ: 9446578174

ചുമ്മാ!

# പിടിക്കപ്പെട്ട വ്യഭിചാരണൻ!

**ജിം തോമസ് കണ്ടാരപ്പള്ളിയിൽ**

**കപ്യാർ ജോണി എഴുതിയ സുവിശേഷം : 8-ാം അദ്ധ്യായം; 1 മുതൽ 11 വരെയുള്ള വാക്യങ്ങൾ**

1. അനന്തരം, ജനക്കൂട്ടം വ്യഭിചാരത്തിനു പിടിക്കപ്പെട്ട അഭിവന്ദ്യ മാർ തിരുമേനിയെ പ്രധാന പുരോഹിതന്റെ അരമനയിൽ കൂട്ടിക്കൊണ്ടുവന്നു. അപ്പോൾ അവിടെ കെ സി ബി സി യോഗം നടക്കുകയായിരുന്നു. ദേശത്തിലെ സകലമാന അഭിവന്ദ്യ മാർ തിരുമേനിമാരും അവിടെ ഉണ്ടായിരുന്നു.

2. ജനക്കൂട്ടം വ്യഭിചാരത്തിനു പിടിക്കപ്പെട്ട തിരുമേനിയെ, പ്രധാന പുരോഹിതന്റെ അരികിൽ നിർത്തി.

3. അവർ അവനോടു പറഞ്ഞു, 'ഗുരോ, ഈ മനുഷ്യൻ വ്യഭിചാരത്തിനു പിടിക്കപ്പെട്ടയാളാണ്. ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണ് മോശ നിയമത്തിൽ കല്പിച്ചിരിക്കുന്നത്. നീ എന്തു പറയുന്നു?

4. പ്രധാനപുരോഹിതനാകട്ടെ, കുനിഞ്ഞ് പേനകൊണ്ട് കുറെ ആധാരങ്ങളിൽ വെറുതെ ഒപ്പിട്ടു കൊണ്ടിരുന്നു. അവർ ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നതിനാൽ അവൻ നിവർന്ന് എല്ലാവരോടുമായി പറഞ്ഞു.

5. 'നിങ്ങളിൽ പാപം ഇല്ലാത്തവർ ആദ്യം അവനെ കല്ലെറിയട്ടെ.'

6. പ്രധാന പുരോഹിതൻ വീണ്ടു കുനിഞ്ഞിരുന്ന് ആധാരത്തിൽ ഒപ്പിട്ടുകൊണ്ടിരുന്നു. അടുത്തിരുന്ന തന്റെ പ്രിയ ഇടനിലക്കാരൻ ആധാരം തീരുന്നതിനനുസരിച്ചു വീണ്ടുംവീണ്ടും കൊടുത്തുകൊണ്ടിരുന്നു. അനന്തരം പ്രധാന പുരോഹിതൻ തലയുയർത്തി നോക്കിയപ്പോൾ ആ ഹാളിൽ ഒറ്റ തിരുമേനിപോലുമില്ലാതെ ഓരോരുത്തരായി സ്ഥലം വിട്ടിരുന്നു.

7. ഒടുവിൽ, പ്രധാന പുരോഹിതനും വ്യഭിചാരത്തിന് പിടിക്കപ്പെട്ട തിരുമേനിയും ജനക്കൂട്ടവുംമാത്രം അവിടെ ശേഷിച്ചു. അവൻ ജനക്കൂട്ടത്തിലെ സ്ത്രീജനങ്ങളെ രൂക്ഷമായി നോക്കി.

8. അപ്പോൾ അവർ ഓരോരുത്തരായി കുമ്പസാരിക്കണം എന്നുപറഞ്ഞു സ്ഥലംവിട്ടു. ശേഷിക്കുന്ന പുരുഷന്മാരാകട്ടെ, വട്ടായിലച്ചന്റെ ധ്യാനം കൂടണം എന്നു പറഞ്ഞു അവിടെനിന്നു പോയി.

9. പ്രധാന പുരോഹിതൻ വ്യഭിചാരത്തിന് പിടിക്കപ്പെട്ട തിരുമേനിയോട് ചോദിച്ചു, 'പുരുഷാ, അവർ എവിടെ? ആരും നിന്നെ വിധിച്ചില്ലല്ലോ..?' അയാൾ പറഞ്ഞു. 'ഇല്ല പ്രഭോ..'

10. പ്രധാന പുരോഹിതൻ പറഞ്ഞു, 'ഞാനും നിന്നെ വിധിക്കുന്നില്ല. കാര്യം അറിയാമല്ലോ. പൊയ്ക്കൊള്ളുക. ഇനിമേൽ പൂശുമ്പോൾ നോക്കിയും കണ്ടും പൂശുക.'

11. അനന്തരം പ്രധാന പുരോഹിതൻ, ഇടനിലക്കാരനുമായി, ഇനി വിൽക്കാൻ പറ്റുന്ന സ്ഥലങ്ങൾ എവിടെയൊക്കെ ഉണ്ട് എന്നുള്ള ചർച്ചയിൽ വ്യാപൃതനായി.

ആധാരമെഴുത്തുകൾ പൂർത്തിയാക്കാനാണ് ഇപ്രകാരമൊക്കെയും സംഭവിച്ചത്.

ആമേൻ!

*(കടപ്പാട്: 'ചർച്ച്ആക്ട് കൗൺസിൽ' വാട്ട്സാപ്പ് ഗ്രൂപ്പിൽ വന്ന പോസ്റ്റ്)*

---

*(38-ാം പേജിൽ നിന്നു തുടർച്ച)*

വിതത്തിന് ആവശ്യമായതെല്ലാമുള്ള ഒരു ജീവിതവീക്ഷണമാണ് മതം. മതം ലോകത്തെക്കുറിച്ചുള്ള നമ്മുടെ വീക്ഷണത്തെയാണ് പ്രതിനിധീകരിക്കുന്നത്. എല്ലാ ലോകയാഥാർത്ഥ്യങ്ങളെയും ഉൾക്കൊണ്ട്, അതിലുപരിയായുള്ള നമ്മുടെ വ്യക്തിത്വവികാസമാണ് മതം. എല്ലാ മതങ്ങളിലും ആത്മസാക്ഷാത്കാരത്തിനുള്ള മാർഗ്ഗങ്ങൾ ഉണ്ട്. താത്ത്വികമായോ ദൈവശാസ്ത്രപരമായോ കത്തോലിക്കാസഭയുടെ പഠനങ്ങൾക്ക് ശാസ്ത്രീയാടിത്തറയില്ല. പാപം, ഭയം, പണം, അധികാരം മുതലായ അടിത്തറയിൽ പണുതുയർത്തിയ സഭാതത്ത്വങ്ങൾക്ക് ശാശ്വതമൂല്യമില്ല. മതത്തിന്റെ അടിസ്ഥാനം മനുഷ്യസ്വാതന്ത്ര്യമാണ്. മനുഷ്യസമത്വമാണ്. ഇതു സഭ അനുവദിക്കുന്നില്ല. സഭയുടെ ലോകവീക്ഷണം സങ്കുചിതമാണ്. പ്രജ്ഞയ്ക്ക് വിവേകം ഉണ്ടാകുന്നത് പല തത്ത്വശാസ്ത്രങ്ങളും വേദഗ്രന്ഥങ്ങളും പഠിക്കുന്നതുവഴിയാണ്. സ്വന്തം തർക്കംമാത്രം സത്യമെന്നു പഠിപ്പിക്കുന്ന സഭയ്ക്ക് മനുഷ്യരാശിയുടെ പുരോഗമനത്തിൽ പങ്കുപറ്റാനാകില്ല.

പ്രജ്ഞാവിവേകം ലഭതേ ഭിന്നൈരാഗമദർശനൈഃ

കിയദ്വാശക്യമുന്നേതും സ്വതർക്കമനുധാവതാ/ /(വാക്യപദീയം 2.489)

ആത്മസാക്ഷാത്കാരമെന്നു പറയുന്നത് നമ്മൾ ലോകത്തെ വീക്ഷിക്കുന്ന രീതിയാണ്. അതുവഴി വ്യക്തിവികാസം ഉണ്ടാകണം. ലോകയാഥാർത്ഥ്യങ്ങളെ സമ്യക്കായി കാണാനുള്ള കഴിവാണ് രക്ഷയുടെ അടിസ്ഥാനം. സഭയുടെ ഇപ്പോഴത്തെ പണികൾ കണ്ടാൽ മനസ്സിലാകും, ഇപ്പോഴും സഭ അതിഭക്തിമൂലം ഇതരമതവിദ്വേഷവും സങ്കുചിതചിന്തയും പുലർത്തുന്നു എന്ന്. അതിന്റെ ഫലമായി സഭ വർത്തമാനകാലത്തു ജീവിക്കുന്നില്ല. ശാസ്ത്രരംഗത്തും സാമൂഹികജീവിതത്തിലും പുരോഗമനവും പരിവർത്തനവും കൊണ്ടുവരുന്നവരെ വകവരുത്തും. സഭയ്ക്ക് യഥാർത്ഥ ദൈവവുമായി ബന്ധമില്ല. (തുടരും)

ഫോൺ: 9822256275



**പുതിയ ഭാരവാഹികൾ മുൻ പ്രസിഡന്റിന്റെ കൂടെ.**

KCRM നേരത്തെതന്നെ പ്രസിദ്ധീകരിച്ചിട്ടുള്ള നയപരിപാടികൾ വിശദമായി ചർച്ചചെയ്ത്, KCRM -നെ ശക്തിപ്പെടുത്താനും കൂടുതൽ വ്യക്തമായ ദിശാബോധം നൽകാനും താൻ ആഗ്രഹിക്കുന്നുവെന്ന് പുതിയ പ്രസിഡന്റ് വ്യക്തമാക്കി.

### ചർച്ച, സംവാദം

തുടർന്ന് ഒരു മണിക്കൂറോളം സമയം, റവ.യുഹാനോൻ റമ്പാൻ നടത്തിയ മുഖ്യപ്രഭാഷണത്തിലെ ആശയങ്ങളെക്കുറിച്ച് വളരെ സജീവമായ ഒരു ചർച്ചനടന്നു. ബൈബിളിലെയും ആദിമസഭാ പാരമ്പര്യങ്ങളെയും അടിസ്ഥാനമാക്കിവേണം സഭാനവീകരണപ്രസ്ഥാനങ്ങൾ പ്രവർത്തിക്കേണ്ടത് എന്ന റമ്പാച്ചന്റെ ആശയത്തോട് യോജിക്കുന്നുവെന്നും, എന്നാൽ സഭ റോമൻ സഭയായതിനുശേഷംമാത്രം രൂപംകൊണ്ട അടിസ്ഥാന വിശ്വാസപ്രമാണങ്ങളെക്കൂടി നവീകരണപ്രവർത്തനങ്ങൾക്ക് അടിസ്ഥാനമാക്കണമെന്ന അദ്ദഹത്തിന്റെ വാദത്തോട് യോജിക്കാനാവില്ലെന്നും, അവിടെ പരസ്പര വൈരുദ്ധ്യമുണ്ടെന്നും ശ്രീ. ജോർജ് മൂലേച്ചാലിൽ അഭിപ്രായപ്പെട്ടു. അതുപോലെതന്നെ, ബൈബിളിനെ അടിസ്ഥാനമാക്കണമെന്ന് സമ്മതിക്കുമ്പോഴും, അതിന്റെ പുരോഹിതവ്യാഖ്യാനങ്ങളെയെല്ലാം അപ്പാടെ സ്വീകരിക്കാനാവില്ല. ഉന്നതവും വിശാലവുമായ ഒരു സഭാദർശത്തിൽ നിന്നുകൊണ്ട് എല്ലാ നിലവാരത്തിലുമുള്ള വിശ്വാസികളെയും അവരുടെ പ്രശ്നങ്ങളെയും ഉൾക്കൊണ്ട് അവർക്കൊപ്പം നിലകൊള്ളുകയും പ്രവർത്തിക്കുകയുമാണ് ചെയ്യാൻ കഴിയുന്നതെന്നും അദ്ദേഹം പറഞ്ഞു. ഈ ഇടപെടൽ, ചർച്ചയെ ചൂടും വെളിച്ചവും പകർന്ന ഒരു സംവാദമാക്കിമാറ്റി. ഉജ്ജ്വലമായ പ്രതികരണങ്ങളിലൂടെ സംവാദം കൊഴുപ്പിച്ചവർ പ്രധാനമായും, ഡോ. എം കെ മാത്യു, ജോസഫ് പനമൂടൻ, ടി.ഒ. ജോസഫ് തോട്ടുങ്കൽ, പ്രൊഫ സെബാസ്റ്റ്യൻ വട്ടമറ്റം, ജെയിംസ് കോതകുളത്തിൽ എന്നിവരായിരുന്നു.

തുടർന്ന് റവ. യൂഹാനോൻ റമ്പാൻ മറുപടി പ്രസംഗം നടത്തി. വിശ്വാസിസമൂഹം ഉൾക്കൊണ്ടിരിക്കുന്ന വിശ്വാസതലത്തിലേക്ക് ഇറങ്ങിച്ചെന്നുള്ള പ്രവർത്തനങ്ങളിലൂടെയല്ലാതെ ഒരു സഭാനവീകരണപ്രസ്ഥാനത്തിനും ജനകീയമാകാനാവില്ലെന്നും, ജനകീയമാകാത്തിടത്തോളം കാലം സഭയെ സംബന്ധിച്ച് അവശ്യം ആവശ്യമായ ചർച്ച് ആക്ട് പോലുള്ള കാര്യങ്ങളിൽപ്പോലും ജനപിന്തുണ ഉണ്ടാവില്ലെന്നും അദ്ദേഹം പറഞ്ഞു. ഇത്ര പ്രബുദ്ധമായ ഒരു ആശയചർച്ചയിൽ പങ്കാളിയാകാൻ കഴിഞ്ഞതിലുള്ള സന്തോഷവും അദ്ദേഹം പ്രകടിപ്പിച്ചു.



ശ്രീ. മാത്യു എം. തറക്കുന്നേലിന്റെ നന്ദിപ്രകാശനത്തോടെ, വൈകിട്ട് 6 മണിക്ക് പൊതു യോഗം സമാപിച്ചു.

*റിപ്പോർട്ട് തയ്യാറാക്കിയത്:*

**ജോസാന്റണി**(ഫോൺ: 8848827644)

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-07-2018

July 2018
**Sathyajwala**
Price Rs. 20.00

Registered: KL/KTM/133/2017-19
Licence No. KL/CR/KTM/WPP-08/2017-19
Licensed to Post Without Prepayment.

**KCRM പ്രോഗ്രാംറിപ്പോർട്ട്-പാലാ**

# “നവീകരണപ്രസ്ഥാനങ്ങൾ അടിസ്ഥാനവിശ്വാസപ്രമാണങ്ങളിൽ ഉറച്ചുനിൽക്കണം”

**– റവ. യൂഹാനോൻ റമ്പാൻ**



**ജൂൺ** 30 ശനിയാഴ്ച KCRM-ന്റെ വാർഷിക പൊതുയോഗമായിരുന്നു. പ്രസിഡന്റ് ശ്രീ. സി.വി. സസെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത MACCABI - യുടെ ഡയറക്ടർ റവ. യൂഹാനോൻ റമ്പാൻ, 'സഭാനവീകരണപ്രസ്ഥാനങ്ങളുടെ ശാക്തീകരണം കാലഘട്ടത്തിന്റെ ആവശ്യം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. സഭകളിൽ നടത്തേണ്ട ശുദ്ധീകരണപ്രക്രിയയാണ് നവീകരണമെന്നും, അതിനായി പ്രവർത്തിക്കുന്നവർ സ്വന്തം സഭയ്ക്കു പുറത്തേക്കു പോകാതെ ഉള്ളിൽത്തന്നെ നിന്നുകൊണ്ടാണ് അതു നടത്തേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി. സഭാനവീകരണമെന്നു കേൾക്കുമ്പോൾത്തന്നെ, അത് സ്വന്തം സഭയുടെ വിശ്വാസങ്ങൾക്കുവിരുദ്ധമാണെന്ന ഒരു തോന്നൽ വിശ്വാസികൾക്കുണ്ടാകുന്നതിനാലാണ് അവർ സഭാനവീകരണപ്രസ്ഥാനങ്ങളിലേക്ക് കടന്നുവരാൻ മടിക്കുന്നത്. ബൈബിളിനെയും ആദിമസഭാപാരമ്പര്യങ്ങളെയും സഭയുടെ അടിസ്ഥാനവിശ്വാസപ്രമാണങ്ങളെയും അടിസ്ഥാനമാക്കിക്കൊണ്ടുള്ള സഭാനവീകരണപ്രസ്ഥാനങ്ങൾക്കേ ജനകീയമാക്കാനാവൂ. അതുകൊണ്ട്, സഭാവിരോധികളെന്നു മുദ്രകുത്തപ്പെടാതിരിക്കാൻ സഭയുടെ അടിസ്ഥാനതത്ത്വങ്ങൾക്ക് തങ്ങൾ എതിരല്ലെന്നും, സഭയുടെ പാരമ്പര്യം വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും എല്ലാ വിശ്വാസികളെയും ബോധ്യപ്പെടുത്തി മുന്നോട്ടുപോകേണ്ടതുണ്ട്. അപ്പോൾമാത്രമേ, ചർച്ച്ആക്ട് നടപ്പിലാക്കേണ്ടത് ഓരോ സഭയുടെയും നിലനില്പിന് അത്യന്താപേക്ഷിതമാണ് എന്ന ബോധ്യത്തോടെ വിശ്വാസികൾ ഉണരുകയുള്ളു. ഇത്തരത്തിലുള്ള നവീകരണപ്രസ്ഥാനങ്ങൾ എല്ലാ സഭകളിലും ഉണ്ടാകണം. തന്റെ സഭയിൽ, 'MACCABI'-എന്ന പ്രസ്ഥാനം തുടങ്ങിവയ്ക്കുമ്പോൾ, ഓശാന മാസികയിലൂടെ ശ്രീ ജോസഫ് പുലിക്കുന്നേൽ പ്രചരിപ്പിച്ച ആശയങ്ങൾ വലിയ പ്രചോദനമായിരുന്നുവെന്ന് അനുസ്മരിച്ചുകൊണ്ടാണ് റവ.യൂഹാനോൻ റമ്പാൻ തന്റെ പ്രഭാഷണം അവസാനിപ്പിച്ചത്.

### പ്രവർത്തന റിപ്പോർട്ട്, കണക്ക് -അവതരണം: തിരഞ്ഞെടുപ്പ്

തുടർന്ന്, KCRM-ന്റെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് സെക്രട്ടറി ശ്രീ. ഷാജു ജോസ് തറപ്പേൽ അവതരിപ്പിച്ചു. ട്രഷററുടെ അഭാവത്തിൽ, മുൻ ട്രഷറർ ശ്രീ. മാത്യു എം. തറക്കുന്നേലാണ് വാർഷിക കണക്ക് അവതരിപ്പിച്ചത്. ചർച്ചകൾക്കുശേഷം പ്രവർത്തന റിപ്പോർട്ടും കണക്കും പൊതുയോഗം കൈയടിച്ച് പാസ്സാക്കി.

അതിനുശേഷം, അടുത്ത ഒരു വർഷത്തേക്ക് 22 അംഗങ്ങളടങ്ങിയ നിർവാഹകസമിതിയെയും ഭാരവാഹിക ളെയും തിരഞ്ഞെടുത്തു. പ്രസിഡന്റായി **പ്രൊഫ. പി. സി. ദേവസ്യാ,** സെക്രട്ടറിയായി **ശ്രീ ഷാജു ജോസ് തറപ്പേൽ,** ട്രഷററായി **ജോസാന്റണി** എന്നിവർ ചുമതലയേറ്റു. വൈസ് ചെയർമാനായി **പ്രൊഫ. ജോസഫ് വർഗീസും (ഇപ്പൻ)**ജോ.സെക്രട്ടറിയായി **ശ്രീ. ടോം ജോസഫ് പേരേക്കാട്ടും** തിരഞ്ഞെടുക്കപ്പെട്ടു. **അഡ്വ.ഇന്ദുലേഖ ജോസഫി**നെ ലീഗൽ അഡ്വൈസറായി വീണ്ടും നിയമിച്ചു.

ചുമതലയേറ്റു നടത്തിയ പ്രസംഗത്തിൽ,

*(ശേഷം പേജ് 41-ൽ തുടരും)*



*ജോസഫ് ചെറിയാൻ*



*ഡോ.എം.കെ.മാത്യു*



*ജെയിംസ് കോതകുളത്തിൽ*

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Kottaramattom, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.